പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2023-26)

## എൺപതാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം ....23....ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008) -യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2026


FCB-5f/KK/LFAC/Facing sheet/29.01.2024

# പതിനഞ്ചാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2023-26)

## എൺപതാമത് റിപ്പോർട്ട്

(2026 ഫെബ്രുവരി മാസം 23-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2006-2008) -യുടെ ആറാമത് റിപ്പോർട്ടിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്]

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | iv |
| മുഖവുര | : | v |
| റിപ്പോർട്ട് | : | 1 |
| അനുബന്ധം | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | : | 100 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

**(2023-26)**

**ഘടന**

**അദ്ധ്യക്ഷൻ :**

ശ്രീ. ടി. പി. രാമകൃഷ്ണൻ

**അംഗങ്ങൾ**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്

**നിയമസഭാ സെക്രട്ടേറിയറ്റ് :**

ഡോ. എൻ.കൃഷ്ണകുമാർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, സ്പെഷ്യൽ സെക്രട്ടറി

ശ്രീമതി. രജി.ഡി.ഒ, ഡെപ്യൂട്ടി സെക്രട്ടറി.

ശ്രീ. വി.എ.ബിനു, അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം സമിതി (2023-26)യുടെ 60-ാമത്. റിപ്പോർട്ട് സമർപ്പിക്കുന്നു.

സമിതി (2006-2008) -യുടെ **ആറാമത് റിപ്പോർട്ടിലെ** ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി മാസം 11 തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

**ടി. പി. രാമകൃഷ്ണൻ,**
**അദ്ധ്യക്ഷൻ,**
**ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.**

തിരുവനന്തപുരം,
2026, ഫെബ്രുവരി 23

FCB-5F/KK/LFAC/Facing sheet/29.01.2024

# റിപ്പോർട്ട്

വയനാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച് ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08) യുടെ 6-ാമത് റിപ്പോർട്ടിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-08)യുടെ 6-ാമത് റിപ്പോർട്ട്, 2007 മാർച്ച് മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടിൽ ആകെ 56 ഖണ്ഡിക നിഗമനങ്ങൾ/നിർദ്ദേശങ്ങളാണ് ഉണ്ടായിരുന്നത്. പ്രസ്തുത നിഗമനങ്ങൾ/നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് സർക്കാർ നൽകിയ മറുപടികൾ 07.05.2008, 10.11.2009, 17.08.2010, 13.08.2014, 12.10.2017, 14.12.2023 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

റിപ്പോർട്ടിലെ നിഗമനങ്ങൾ/നിർദ്ദേശങ്ങൾ ആയതിന് സർക്കാർ സ്വീകരിച്ച നടപടി, സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച സൂക്ഷ്മ പരിശോധനാ കുറിപ്പ്, സമിതി ആവശ്യപ്പെട്ട അധിക വിവരം, തുടർ ശിപാർശകൾ എന്നിവ അധ്യായം I-ൽ ചേർത്തിരിക്കുന്നു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും ലോക്കൽ ഫണ്ട് ഓഡിറ്റ് നൽകിയ സൂക്ഷ്മ പരിശോധന റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്നു തീരുമാനിച്ചതും ഒഴിവാക്കിയതുമായ നിഗമനങ്ങൾ/നിർദ്ദേശങ്ങളും മറുപടികളും അധ്യായം II-ൽ ചേർത്തിരിക്കുന്നു.

## അധ്യായം - 1

**സമിതിയുടെ നിഗമനങ്ങൾ/നിർദ്ദേശങ്ങൾ സർക്കാർ സ്വീകരിച്ച നടപടികളും മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധിക വിവരവും തുടർ ശിപാർശകളും**

**ഖണ്ഡിക നമ്പർ -102**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

1.1.1. വനിതാ ഗുണഭോക്താക്കൾക്കുള്ള പ്രോജക്റ്റിൽ പുരുഷ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതിലെ 33,600/- രൂപയുടെ അനധികൃത ചെലവ് (2001-02 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ പരാമർശം) നടത്തിയതിനുത്തരവാദിയായ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് കണ്ടെത്തി അവരിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

1.1.2 നഷ്ടത്തിന് ഉത്തരവാദിയാണെന്ന് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിരുന്ന അന്നത്തെ നിർവ്വഹണ ഉദ്യോഗസ്ഥനായ സുൽത്താൻബത്തേരി ക്ഷീരവികസന ഓഫീസർ ശ്രീ. എം. പ്രകാശനെതിരെ റവന്യൂ റിക്കവറി നടത്തി തുക ഈടാക്കാൻ ഈ ഓഫീസിൽ നിന്ന് 26.11.2000-ന് എ 9-2306/07 നമ്പർ കത്ത് പ്രകാരം നിർദേശം നൽകിയതനുസരിച്ച് സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടിയിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. എം പ്രകാശ് അല്ല എന്ന് എൽ. എഫ്. എ. ഡിഡി യുടെ 6.11.2008-ലെ എൽ എഫ് (ഡബ്ല്യൂ) പി4-1071/08 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട് എന്നു റിപ്പോർട്ട് ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ ഉദ്യോഗസ്ഥനെ കണ്ടെത്താനും തുക പിടിച്ച് പഞ്ചായത്ത് ഫണ്ടിൽ അടക്കാനും സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് 09.12.2008 ലെ എ 9-2306/07 നമ്പർ കത്ത് പ്രകാരം നിർദേശം

നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ഓഡിറ്റ് കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ.സി.രവീന്ദ്രൻ, സൂര്യഗ്രഹം, ചേവായൂർ, കാവന്നൂർ പി.ഒ. എന്നവർക്ക് തുക തിരിച്ചടയ്ക്കുന്നതിനാവശ്യപ്പെട്ട് 25.03.2009-ലെ എ 3-3058/08 നമ്പർ പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. നിയമസഭാ സമിതിയെ തെറ്റിദ്ധരിപ്പിച്ചതിന് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വേണുഗോപാലനെതിരെ ഡി6-4605/08 നമ്പർ ഫയൽ പ്രകാരം പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും വകുപ്പുതല നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.1.3 പദ്ധതി നടത്തിപ്പിൽ അനധികൃതമായി ചെലവഴിച്ച 33,600/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കണമെന്ന സമിതി നിർദ്ദേശപ്രകാരം ഓഡിറ്റ് കാലയളവിൽ സെക്രട്ടറിയായിരുന്ന ശ്രീ. സി. രവീന്ദ്രൻ എന്നയാൾക്ക് എ 3.3058/08/25.03.2009 പ്രകാരം നോട്ടീസ് നൽകിയതല്ലാതെ തുക ഈടാക്കുന്നതിനുള്ള തുടർ നടപടികൾ ഒന്നും തന്നെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

### സമിതി ആവശ്യപ്പെട്ട അധിക വിവരം

1.1.4. അനധികൃതമായി ചെലവഴിച്ച 33,600/- രൂപ ഉത്തരവാദിയായ സെക്രട്ടറി ശ്രീ. സി . രവീന്ദ്രനിൽ നിന്ന് ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

### അധിക വിവരത്തിന്മേലുള്ള സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

1.1.5. 15 ദിവസത്തിനകം തുക അടയ്ക്കുവാൻ കത്ത് നമ്പർ എ 3-964/04 തീയതി 28.12.2010 പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. മറ്റ് വകുപ്പുതല നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.

### സമിതി ആവശ്യപ്പെട്ട അധിക വിവരം

1.1.6. പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ അടിയന്തമായി തുക ഈടാക്കണമെന്നും വകുപ്പുതല നടപടികൾ സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

### തദ്ദേശവകുപ്പ് ഹാജരാക്കിയ അധിക വിവരം

1.1.7 നഷ്ടോത്തരവാദികളായ 1998-99 വർഷത്തെ പഞ്ചായത്ത് ഭരണ സമിതി അംഗങ്ങളായിരുന്ന എൻ.എം. വിജയൻ, കെ.ആർ. സുകുമാരൻ, ടി. അപ്പു, നെഫീസ, അഹമ്മദ് കോയ, ശ്രീ. ബാബു, അബ്ദുറഹിമാൻ, ശ്രീ.സി.ടി. ശ്രീരാമൻ തോമസ് തേവര, നാസർ മച്ചാൻ, ഖദീജ മമ്മൂട്ടി, ലീലാമണി സുകുമാരി അമ്മ, പുഷ്പലത ബാബു എന്നിവരിൽനിന്നും നഷ്ടത്തുക ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും അടവ് വരുത്താത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുള്ളതായി പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. നഷ്ടോത്തരവാദികളിൽ ഉൾപ്പെട്ട പി.സി. അഹമ്മദ്കോയ മരണപ്പെട്ട സാഹചര്യത്തിൽ ടിയാന്റെ ബാധ്യത ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കാനും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

### തുടർ ശിപാർശ

**1.1.8 പ്രസ്തുത ശിപാർശയിന്മേൽ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാര്യമായ തുടർ നടപടി ഉണ്ടായിട്ടില്ലെന്നും നിയമസഭാ സമിതിയുടെ റിപ്പോർട്ടിനെ ഗൗരവമായി കാണുന്നില്ലെന്നും വിലയിരുത്തിയ സമിതി, നഷ്ടോത്തരവാദികളിൽ നിന്ന് തുക തിരിച്ച് പിടിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.**

### ഖണ്ഡിക നമ്പർ - 105

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

1.2.1 കമ്മ്യൂണിറ്റി ഹാൾ വാടകയിനത്തിൽ പിരിച്ചെടുത്ത 19,550/- രൂപയും കേന്ദ്ര എക്സൈസ് നികുതിയിനത്തിൽ പിരിച്ച 150/- രൂപയും പഞ്ചായത്തിൽ

അടയ്ക്കാതെ അപഹരിച്ച സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് ജീവനക്കാരനായ ശ്രീ. റ്റി. വി. അത്തുമാന് 19,700/- രൂപ തിരിച്ചടയ്ക്കാനുള്ള ബാദ്ധ്യതയായി നിലനിൽക്കേതന്നെ ശ്രീ. അത്തുമാന് പെൻഷൻ ആനുകൂല്യങ്ങൾ കൈപ്പറ്റാൻ സഹായകമായ രീതിയിൽ ബാദ്ധ്യതാരഹിത സർട്ടിഫിക്കറ്റ് നൽകിയതിനുത്തരവാദിയായ അന്നത്തെ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നോ ശ്രീ. അത്തുമാന്റെ പെൻഷൻ തുകയിൽ നിന്നോ റവന്യൂ റിക്കവറി നടപടി പ്രകാരമോ തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

1.2.2 ശ്രീ. റ്റി. വി. അത്തുമാൻ കോഴിക്കോട് ജില്ലയിലെ സ്ഥിര താമസക്കാരനായതിനാൽ പ്രസ്തുത തുക റവന്യൂ റിക്കവറി മുഖേന ഈടാക്കുന്നതിന് 21.08.2008-ലെ എ 3-967/04 നമ്പർ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

1.2.3 ധനാപഹരണത്തിന് ഉത്തരവാദിയായ ശ്രീ. ടി. വി. അത്തുമാനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് കോഴിക്കോട് ജില്ലാ കളക്ടർക്ക് എ 3-967/04/21.08.08 പ്രകാരം സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശിപാർശ നൽകുകയും അതിൻ പ്രകാരം കോഴിക്കോട് ജില്ലാ കളക്ടർ സി4 2008/38977/11.09.08 ഉത്തരവ് പ്രകാരം തഹസീൽദാർ (റവന്യൂ റിക്കവറി) കോഴിക്കോടിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ടിയാനിൽ നിന്നും നാളിതുവരെ തുക ഈടാക്കിയതിന്റെ വിവരങ്ങൾ ഒന്നും പഞ്ചായത്തിൽ ലഭ്യമല്ല എന്ന് അറിയിക്കുന്നു.

### സമിതി ആവശ്യപ്പെട്ട അധികവിവരം

1.2.4 ധനാപഹരണത്തിന് ഉത്തരവാദിയായ ശ്രീ. ടി. വി. അത്തുമാന് നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ സെക്രട്ടറിയുടെ പേരും ടിയാൻ ഇപ്പോൾ

സർവ്വീസിലുണ്ടോ എന്ന വിവരവും റവന്യൂ റിക്കവറി നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയും തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

1.2.5 നോൺ ലയബിലിറ്റി സർട്ടിഫിക്കറ്റ് നൽകിയ സെക്രട്ടറി ശ്രീ. റ്റി. എം. ഇസ്രയേൽ, നറവ് നിലം, ചെലവൂർ (പി.ഒ) കോഴിക്കോട് റിട്ടയർ ചെയ്തു. ബഹു. കോഴിക്കോട് ജില്ലാ കളക്ടർ സി.1-08/38977/2011 തീയതി 20.09.08 പ്രകാരം കോഴിക്കോട് തഹസീൽദാർ(ആർ.ആർ.)നെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. തുടർ നടപടി സംബന്ധിച്ച് വിവരങ്ങൾ പഞ്ചായത്ത് 21.12.09-ന് എ 3-967/04 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടെങ്കിലും ലഭിച്ചില്ല.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

1.2.6 പ്രസ്തുത ഖണ്ഡികയിലെ സമിതി ശിപാർശ പ്രകാരം സ്വീകരിച്ച റവന്യൂ റിക്കവറി നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയുടെ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ആവശ്യപ്പെട്ടു.

**അധികവിവരത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടി**

1.2.7 ആകെ അടവ് വരുത്താനുണ്ടായിരുന്ന 19,700/- രൂപയിൽ 4,795/ രൂപ 11.06.2018-ൽ റവന്യൂ റിക്കവറി മുഖാന്തിരം ഈടാക്കി നഗരസഭാ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. കോഴിക്കോട് റവന്യൂ റിക്കവറി ഓഫീസുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന തുക വസൂലാക്കാനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**അധികവിവരത്തിന്മേൽ ഓഡിറ്റ് വകുപ്പ് ഹാജരാക്കിയ സൂക്ഷ്മ പരിശോധന റിപ്പോർട്ട്**

1.2.8 റവന്യൂ റിക്കവറി നടപടികളിലൂടെ 4,795/- രൂപ 11.06.18-ന് ഈടാക്കിയിട്ടുണ്ട്. ഈടാക്കുവാൻ 14,905/- രൂപ അവശേഷിക്കുന്നു.

**തുടർ ശിപാർശ**

**1.2.9 ശ്രീ. റ്റി. വി. അതുമാനിൽ നിന്നും 4,795/- രൂപ റവന്യൂ റിക്കവറി മുഖേന ഈടാക്കിയെന്നും ബാക്കി തുകയായ 14,905/- രൂപ ഈടാക്കാനുണ്ടെന്നും തെളിവെടുപ്പ് യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ശ്രീ. റ്റി. വി. അതുമാനിൽ നിന്നും ബാക്കി തുക തിരിച്ച് പിടിക്കാനുള്ള നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ - 154**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

1.3.1 അമ്പലക്കുന്ന് ശുദ്ധജല വിതരണ പദ്ധതിയിൽ മോട്ടോറിന്റെ വില രണ്ടുതവണ നൽകിയതുമായി ബന്ധപ്പെട്ട് ശ്രീ. പി. കേശവനെതിരെയുള്ള നടപടി എത്രയും പെട്ടെന്ന് പൂർത്തിയാക്കി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

1.3.2 ശ്രീ. പി. കേശവനിൽ നിന്നും 41,168/- രൂപ ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിരുന്നെങ്കിലും ടിയാളുടെ പേരിൽ സ്ഥാവര ജംഗമവസ്തുക്കൾ ഇല്ലാത്തതിനാൽ ആർ. ആർ. നടപടികൾ സ്വീകരിക്കുവാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. 08.06.2007-ൽ സർവ്വീസിൽ നിന്നും വിരമിച്ച ടിയാന് അനുവദിക്കാനുള്ള ഡി.സി.ആർ.ജി.യിൽ ടി തുക ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പ് ഹാജരാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

1.3.3 തുക ഈടാക്കിയിട്ടില്ല.

**തുടർ ശിപാർശ**

**1.3.4 പ്രസ്തുത വ്യക്തിയുടെ ഡി.സി.ആർ.ജി. തടഞ്ഞ് വച്ചിട്ടുള്ളതായി തെളിവെടുപ്പ് യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. പി. കേശവൻ ഒരേ മോട്ടറിന് രണ്ട് തവണ തുക നൽകിയ നടപടി കൃത്യവിലോപമാണെന്ന് അഭിപ്രായപ്പെട്ട സമിതി തടഞ്ഞ് വച്ചിട്ടുള്ള ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കേണ്ട തുക ഈടാക്കി പ്രസ്തുത വിഷയത്തിന്മേൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു.**

**ഖണ്ഡിക നമ്പർ - 182**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

1.4.1 പദ്ധതിവിഹിതത്തേക്കാൾ കൂടുതലായി ചെലവഴിച്ച് 11,668/-രൂപ തിരിച്ചുപിടിക്കുന്നതിന് ശ്രീ. സണ്ണിമാത്യുവിനെതിരെയുള്ള സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും അതോടൊപ്പം തന്നെ ആവശ്യത്തിൽ കവിഞ്ഞ് 109.33 $M^3$ കരിങ്കല്ല് 40,368 രൂപയ്ക്ക് ഇറക്കിയതിന്റെ ഉത്തരവാദിത്വം സെക്രട്ടറിക്കും അസിസ്റ്റന്റ് എഞ്ചിനീയർക്കും ആണെന്നതിനാൽ പ്രസ്തുത തുക അന്നത്തെ സെക്രട്ടറി ശ്രീ. സണ്ണിമാത്യുവിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. ബി. ജയകുമാറിൽ നിന്നും തുല്യമായി ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**<u>ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്</u>**

1.4.2 തരിയോട് ഗ്രാമപഞ്ചായത്തിലെ തെക്കേ തൊട്ടിപ്പടി മഞ്ഞൂറ റോഡ് പ്രവൃത്തിയിൽ പദ്ധതി വിഹിതത്തെക്കാൾ കൂടുതലായി ചെലവഴിച്ച 11,668/-രൂപ ശ്രീ. സണ്ണി മാത്യുവും ആവശ്യത്തിൽ കവിഞ്ഞ് കരിങ്കല്ല് ഇറക്കിയതിന്റെ വില 40,368/-രൂപ അന്നത്തെ സെക്രട്ടറി ശ്രീ. സണ്ണിമാത്യുവും എഞ്ചിനീയർ ശ്രീ. ബി.ജയകുമാറും തുല്യമായും അടയ്ക്കണമെന്ന 13.08.2007-ലെ എ.579/04 നമ്പർ കത്ത് പ്രകാരം ഇപ്പോഴുള്ള പഞ്ചായത്ത് സെക്രട്ടറി

ടി വ്യക്തികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. എങ്കിലും മേൽ വ്യക്തികൾ നാളിതുവരെ തുക അടച്ചിട്ടില്ല എന്ന വിവരവും അറിയിച്ചു കൊള്ളുന്നു.

**<u>സമിതി ആരാഞ്ഞ അധിക വിവരം</u>**

1.4.3 ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ അന്തിമ റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു.

**സർക്കാർ സ്വീകരിച്ച നടപടി**

1.4.4 ശ്രീ. സണ്ണിമാത്യുവിൽ നിന്ന് റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് 12.02.2008-ലെ എ 1-579/04 നമ്പർ കത്ത് പ്രകാരം അപേക്ഷ, സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ റിക്കവറി നടപടികൾ തുടർന്ന് വരുന്നുണ്ട്. നാളിതുവരെയായി 7 ഗഡുക്കളിലായി ആകെ 13345/-രൂപ ഈടാക്കി പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

1.4.5 ശ്രീ. ബി. ജയകുമാർ മരണപ്പെട്ടതിനാൽ ടിയാന്റെ അവകാശികളെ കണ്ടെത്തി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ ഈ ഓഫീസിലെ 26.11.2008-ലെ എ 9-2306/07 നമ്പർ കത്ത് പ്രകാരം തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ അവകാശികളെ കണ്ടെത്തുന്നതിനും തുക ഈടാക്കുന്നതിനും തരിയോട് ഗ്രാമപഞ്ചായത്തിൽ നിന്നും നടപടികൾ സ്വീകരിച്ച് വരുന്നു.

**ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

1.4.6 ശ്രീ. സണ്ണി മാത്യുവിൽ നിന്നും ആർ.ആർ നടപടികൾ മുഖേന 17.09.09 വരെ ആകെ 20,961/- രൂപ ഈടാക്കിയിട്ടുണ്ട്. ബി. ജയകുമാർ മരണപ്പെട്ടതിനാൽ ടിയാന്റെ അവകാശികളെ കണ്ടെത്തി ആർ.ആർ. നടപടികൾ സ്വീകരിക്കുന്നതിനുള്ള നിർദ്ദേശത്തിന്മേൽ യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല

## സമിതി ആവശ്യപ്പെട്ട അധികവിവരം

1.4.7 അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. ബി. ജയകുമാർ മരണപ്പെട്ട സാഹചര്യത്തിൽ അദ്ദേഹത്തിന് കിട്ടേണ്ട ആനുകൂല്യങ്ങളിൽ നിന്നും തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു

## തദ്ദേശ വകുപ്പിന്റെ അധികവിവരത്തിന്മേലുള്ള നടപടി

1.4.8 ഖണ്ഡിക 182 പ്രകാരം ബി. ജയകുമാർ, അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ട 20,184/- രൂപ ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ ടിയാന്റെ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കേണ്ട നടപടികൾ സ്വീകരിക്കുവാൻ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളാ ബ്രാഞ്ച് തൃശ്ശൂർ എന്നവരോട് 11.02.2011 തീയതിയിൽ അപേക്ഷിച്ചിട്ടുണ്ടെന്നുമുള്ള വിവരം ബോധിപ്പിക്കുന്നു. മേൽ വിഷയത്തിൽ കൈക്കൊണ്ട നടപടികളുടെ വിവരം ആരാഞ്ഞ് വീണ്ടും 01.09.2012 തീയതിയിൽ കത്തയച്ചിട്ടുണ്ടെന്നുള്ള വിവരവും അറിയിക്കുന്നു. മറുപടി ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 24.06.2013 ന് വീണ്ടും കത്ത് നൽകിയിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിച്ചു കൊള്ളുന്നു. മറുപടി ലഭ്യമാകുന്ന മുറക്ക് സമർപ്പിക്കുന്നതാണ്.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.4.9 ശ്രീ. ബി. ജയകുമാർ, അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ട 20,184/-രൂപ ടിയാന്റെ സർവ്വീസ് ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്, കേരള ബ്രാഞ്ച്, തൃശ്ശൂർ എന്നിവർക്ക് 11.02.2011, 24.06.2013 എന്നീ തീയതികളിൽ തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എ-16042/12 നമ്പരായി കത്തയച്ചിട്ടുണ്ട്. മേൽ കത്തിന്റെ പകർപ്പ് ഓഡിറ്റിന്റെ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ കത്തുകൾക്ക് നാളിതുവരെ ഏതൊരു മറുപടിയും ലഭിച്ചിട്ടില്ല എന്നും അറിയിക്കുന്നു.

## സമിതി ആവശ്യപ്പെട്ട അധികവിവരം

1.4.10 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിൽ തുടർ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ചെയ്യണം.

### തദ്ദേശ വകുപ്പ് ഹാജരാക്കിയ അധികവിവരം

1.4.11 പദ്ധതി വിഹിതത്തേക്കാൾ കൂടുതൽ ചെലവഴിച്ചതിന് ഈടാക്കേണ്ട 11,668/- രൂപയും ആവശ്യത്തിൽ കവിഞ്ഞ് കരിങ്കല്ല് ഇറക്കിയ തുകയായ 40,368/-രൂപയുടെ പകുതി തുകയായ 20,184/- രൂപയും തുടർന്ന് ആകെ 31,852/-രൂപ ഉത്തരവാദിയായ ശ്രീ. സണ്ണി മാത്യുവിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ ഈടാക്കിയിട്ടുണ്ട്.

1.4.12 മറ്റൊരു നഷ്ടോത്തരവാദിയായ ജയകുമാറിൽ നിന്നും ഈടാക്കേണ്ട 20,184/- രൂപ ടിയാൻ മരണപ്പെട്ട സാഹചര്യത്തിൽ ടിയാന്റെ ഡി.സി.ആർ.ജി. ആനുകൂല്യത്തിൽ നിന്നും വിവിധ ബാധ്യതകളും ടി ഓഡിറ്റ് പരാമർശവും കണക്കാക്കി ആകെ 51,000/- രൂപ ഈടാക്കുന്നതിനുള്ള നടപടികൾ അക്കൗണ്ടന്റ് ജനറലിന്റെ ഓഫീസുമായി ബന്ധപ്പെട്ട് 30.11.2023 ൽ സ്വീകരിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന കുറിപ്പ്

1.4.13 തുക ഈടാക്കിയിട്ടുണ്ട്. ശ്രീ. ജയകുമാറിൽ നിന്നും ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

### തുടർ ശിപാർശ

**1.4.14 ശ്രീ. സണ്ണി മാത്യുവിൽ നിന്നും തുക ഈടാക്കിയതായി ബോധ്യപ്പെട്ടിട്ടുള്ളതായും എന്നാൽ ശ്രീ. ബി. ജയകുമാറിൽ നിന്നും ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലയെന്നും ഓഡിറ്റ് വകുപ്പ് തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ ശ്രീ. ബി. ജയകുമാറിൽ നിന്നും തുക ഈടാക്കിയ രേഖകൾ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയ ശേഷം നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.**

## ഖണ്ഡിക 236

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

1.5.1 പഞ്ചായത്ത് ഫണ്ടിലേയ്ക്ക് പിരിക്കുന്ന തുക കഴിയുന്നതും അന്നേദിവസം തന്നെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ടതാണ്. അങ്ങനെ ചെയ്യാതിരിക്കുന്നത് താൽക്കാലിക ധനാപഹരണമായി തന്നെ കണക്കാക്കണമെന്നും അപ്രകാരം ചെയ്തില്ലെങ്കിൽ നിയമാനുസൃത പലിശ ഈടക്കേണ്ടതാണെന്നും സമിതി അഭിപ്രായപ്പെടുന്നു. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ ട്രാക്ടർ വാടക ഇനത്തിൽ പിരിച്ച തുക താൽക്കാലികമായി ദുരുപയോഗം ചെയ്ത സെക്രട്ടറിമാർക്കെതിരെ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലുണ്ടായതു പോലെയുള്ള താൽക്കാലിക ധനാപഹരണങ്ങൾ ആവർത്തിക്കില്ലെന്നുറപ്പുവരുത്താൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

1.5.2 തുക താൽക്കാലികമായി ദുരുപയോഗം ചെയ്ത സെക്രട്ടറി ശ്രീ.കെ.എം. രവീന്ദ്രൻ 31.07.2002 ന് റിട്ടയർ ചെയ്തതിനാൽ ടിയാനെതിരെ നടപടി സ്വീകരിക്കാൻ സാധിച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ടിലേയ്ക്കും മുനിസിപ്പൽ ഫണ്ടിലേയ്ക്കും പിരിക്കുന്ന തുകകൾ കഴിയുന്നതും അന്നേദിവസം തന്നെ തനത് ഫണ്ടിൽ ഒടുക്കേണ്ടതാണെന്നും കഴിയാത്ത പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം തന്നെ ഒടുക്കേണ്ടതാണെന്നും അപ്രകാരം ചെയ്യാതിരുന്നാൽ താൽക്കാലിക ധനാപഹരണമായി കണക്കാക്കി നിയമാനുസൃത പലിശ ഈടാക്കുന്നതാണെന്ന് പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും ഗ്രാമവികസന കമ്മീഷണറും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പ് ഹാജരാക്കിയ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.5.3 പഞ്ചായത്ത് സ്വീകരിച്ച നടപടിയിൽ പരാമർശിച്ച ബന്ധപ്പെട്ട സർക്കുലർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

### സമിതി ആവശ്യപ്പെട്ട അധികവിവരം

1.5.4 സമിതി ശിപാർശപ്രകാരം പുറപ്പെടുവിച്ച സർക്കുലർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടോ എന്നുള്ള വിവരം തദ്ദേശസ്വയംഭരണ വകുപ്പിനോട് ആരായാൻ സമിതി തീരുമാനിച്ചു

### അധിക വിവരത്തിന്മേലുള്ള സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.5.5 സർക്കുലർ പരിശോധനയ്ക്ക് ഹാജരാക്കുന്നതിനുള്ള നടപടി പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

### സമിതി ആവശ്യപ്പെട്ട അധികവിവരം

1.5.6 സമിതി ശിപാർശപ്രകാരം പുറപ്പെടുവിച്ച സർക്കുലർ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ചെയ്യണം.

### തദ്ദേശ വകുപ്പ് ഹാജരാക്കിയ അധികവിവരം

1.5.7 ട്രാക്ടർ വാടക ഇനത്തിൽ പിരിച്ച തുക താത്കാലികമായി ദുരുപയോഗം ചെയ്ത അന്നത്തെ സെക്രട്ടറി ശ്രീ. അബ്ദുൾ റഹ്മാൻ.എം.എം., സേവനത്തിൽ നിന്ന് വിരമിച്ചത് 31.01.2002 ലാണ്. ട്രാക്ടർ വാടക ഇനത്തിൽ പിരിച്ച തുക താൽക്കാലികമായി ദുരുപയോഗം ചെയ്ത സെക്രട്ടറിമാർക്കെതിരെ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ വന്നിട്ടുള്ളത് 2007 മാർച്ച് 13 നാണെന്നും എന്നാൽ ഇതിനകം അഞ്ച് വർഷം മുന്നെ സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. അബ്ദുൾ റഹ്മാനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ കഴിയാത്ത സാഹചര്യമാണെന്നും എന്നാൽ വാടക ഇനത്തിൽ ടിയാൻ പിരിച്ച തുക തിരിച്ചടവാക്കിയിട്ടുള്ളതായും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

1.5.8 മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലുണ്ടായതു പോലെയുള്ള താൽക്കാലിക ധനാപഹരണങ്ങൾ ആവർത്തിക്കില്ലെന്നുറപ്പുവരുത്തുവാൻ ഉതകുന്ന പരിശോധനകളും

നടപടികളും നിർദ്ദേശങ്ങളും ബന്ധപ്പെട്ട എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകുവാനും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സൂക്ഷ്മ പരിശോധനാ കുറിപ്പ്

1.5.9 പലിശ ഈടാക്കിയിട്ടില്ല.

## തുടർ ശിപാർശ

**1.5.10 അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീ. അബ്ദുൾ റഹ്മാൻ എം.എം ൽ നിന്നും വാടകയിനത്തിൽ കിട്ടിയ തുക കൈവശം വച്ചിരുന്നത് തിരികെ പിടിച്ചുവെന്നും ടിയാൻ 2002 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും തെളിവെടുപ്പ് യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുള്ളതാണ്. എന്നാൽ പലിശ ഈടാക്കണമെന്ന സമിതി നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ആയതിനാൽ പലിശ സംബന്ധിച്ച് ഓഡിറ്റ് വകുപ്പുമായി ചർച്ച ചെയ്ത് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.**

## ഖണ്ഡിക നമ്പർ-249
## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

1.6.1. പള്ളിവയൽ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി നടത്തേണ്ടിയിരുന്ന കുളം വൃത്തിയാക്കൽ, ടാങ്ക് നിർമ്മാണം, മുതലായ പ്രവൃത്തികൾ സുൽത്താൻബത്തേരി പഞ്ചായത്ത് നടത്തിക്കഴിഞ്ഞതിനാൽ ഈ പ്രവൃത്തികൾ തന്നെ വീണ്ടും നടത്തുന്നതിനായി അമ്പലവയൽ ഗ്രാമപഞ്ചായത്ത് 21,250/- രൂപ കൺവീനർക്ക് നൽകേണ്ട ആവശ്യമുണ്ടായിരുന്നില്ല എന്ന് മാത്രമല്ല 1998-99 വർഷത്തെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി നൽകിയ തുക ഉപയോഗിക്കാതിരുന്നിട്ടും പദ്ധതി ഏറ്റെടുത്ത് നടത്തിയ ഗുണഭോക്തൃസമിതി ചെയർമാൻ കൺവീനർ എന്നിവരിൽ നിന്ന് ഈടാക്കുന്നതിന് നീണ്ട എട്ടുവർഷങ്ങൾക്കു ശേഷവും യാതൊരു നിയമ നടപടികളും

സ്വീകരിച്ചില്ലെന്നുള്ളതിലും സമിതി നിർദ്ദേശ പ്രകാരം ഇക്കാര്യം അന്വേഷിക്കുന്നതിനായി ചെന്ന പഞ്ചായത്ത് വകുപ്പിലെതന്നെ ഉയർന്ന ഉദ്യോഗസ്ഥനായ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ട രേഖകൾ നൽകാതിരിക്കുകയും അന്വേഷണത്തോട് നിഷേധാത്മക നിലപാട് സ്വീകരിക്കുകയും ചെയ്ത അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ജീവനക്കാരുടെയും നടപടിയെ അത്യന്തം ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത് ആയതിനാൽ ഇത്തരത്തിൽ പെരുമാറിയ അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെയും ബന്ധപ്പെട്ട മറ്റു ജീവനക്കാരുടെയും പേരിൽ പഞ്ചായത്ത് ഡയറക്ടർ ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം പള്ളിവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്കായി നൽകിയതും എന്നാൽ അധികമായി ചെലവഴിച്ചതുമായ 21,250 രൂപ പലിശ സഹിതം പ്രസ്തുത പദ്ധതി ഏറ്റെടുത്ത് നടത്തിയ ഗുണഭോക്തൃ സമിതി ചെയർമാൻ ശ്രീ. തങ്കച്ചൻ, കൺവീനർ ശ്രീ. പി. ആർ. രവി എന്നിവരിൽ നിന്നും ഈടാക്കുന്നതിനായി റിക്കവറി നടപടികൾ സ്വീകരിക്കണമെന്നും തുക തിരിച്ചു പിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

1.6.2 അമ്പലവയൽ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എം. കെ. പുരുഷോത്തമൻ, സെക്ഷൻ ക്ലാർക്ക് എന്നിവർക്കെതിരായി പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി6-4605/08 നമ്പർ ഫയൽ പ്രകാരം വകുപ്പുതല നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

1.6.3 റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് 29.04.2008 -ലെ എ 4-738/92 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.6.4 പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി 6 4605/08 നമ്പർ ഫയൽ പ്രകാരമുള്ള നടപടികൾ എന്താണെന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പുകൾ ഒന്നും ഗ്രാമ പഞ്ചായത്തിൽ ഇല്ല. റവന്യൂ റിക്കവറിക്ക് പഞ്ചായത്ത് നേരിട്ടല്ല ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ മുഖേനയാണ്. കൃഷി ഓഫീസർ അയച്ച അപേക്ഷയുടെ പകർപ്പ് ലഭ്യമല്ല എന്നാൽ ജില്ലാ കളക്ടർ ഈ തുക ഈടാക്കാനായി അമ്പലവയൽ റവന്യൂ റിക്കവറി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. (നമ്പർ സി.3-13466/08/19.6.08 ജില്ലാ കളക്ടർ).

### സമിതി ആവശ്യപ്പെട്ട അധികവിവരം

1.6.5 പള്ളിവയൽ ലിഫ്റ്റ് ഇറിഗേഷൻ പ്രോജക്ടിൽ കൺവീനർമാർക്ക് അധികം നൽകിയ 21,250/- രൂപ തിരിച്ച് പിടിക്കുന്നതിനുള്ള റവന്യൂ - റിക്കവറി നടപടികളുടെയും ബന്ധപ്പെട്ട ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികളുടെയും ഇപ്പോഴത്തെ സ്ഥിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

### അധിക വിവരത്തിന്മേലുള്ള സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

1.6.6 പ്രവൃത്തിയുടെ കൺവീനർ ശ്രീ. പി. ആർ. രവിയുടെ പേരിൽ റവന്യൂ റിക്കവറി പ്രൊപ്പോസൽ അമ്പലവയൽ കൃഷി ഓഫീസർ 29.04.2008-ന് ബഹു. ജില്ലാ കളക്ടർക്ക് സമർപ്പിച്ചു. 19.08.2008-ന് അമ്പലവയൽ തഹസീൽദാർ (ആർ.ആർ.) ന് സർട്ടിഫിക്കറ്റ് അയച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായും ഇതുവരെ കൺവീനറിൽ നിന്നും പ്രസ്തുത തുക ഈടാക്കിയിട്ടില്ല. ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടി സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറേറ്റിൽ സി6-4605/08 നമ്പർ ഫയലിൽ നടപടി സ്വീകരിച്ചു വരുന്നു. നടപടി അന്തിമമായി പൂർത്തിയാക്കിയിട്ടില്ല.

### സമിതി ആവശ്യപ്പെട്ട അധികവിവരം

1.6.7 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിൽ പരാമർശിച്ചിട്ടുള്ള റവന്യൂ റിക്കവറി നടപടികളും ബന്ധപ്പെട്ട ജീവനക്കാർക്കെതിരെയുള്ള അച്ചടക്ക നടപടികളും എത്രയും വേഗം പൂർത്തിയാക്കി സമിതിക്ക് റിപ്പോർട്ട് ചെയ്യണം

### തദ്ദേശസ്വയംഭരണവകുപ്പ് ഹാജരാക്കിയ അധികവിവരം

1.6.8 വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആവശ്യപ്പെട്ട രേഖകൾ നൽകാതെ അന്വേഷണത്തോട് നിഷേധാത്മക നിലപാട് സ്വീകരിച്ച അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. എൻ. കെ. പുരുഷോത്തമനും സെക്ഷൻ ക്ലർക്കായിരുന്ന ശ്രീ. താഹകുട്ടിക്കുമെതിരെ 16/02/2008 ലെ ഡി 6-4605/08 കുറ്റാരോപണ മെമ്മോ പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുകയുണ്ടായി. എന്നാൽ ശ്രീ. എൻ.കെ പുരുഷോത്തമൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിലും ടിയാൻ സമർപ്പിച്ച അപേക്ഷയും പരിഗണിച്ച് ടിയാന് എതിരായ അച്ചടക്ക നടപടി 18/07/2013 ലെ ഡി1-4605/10 നമ്പർ ഉത്തരവുപ്രകാരം അവസാനിപ്പിച്ചതായും തദ്ദേശ സ്വയംഭരണ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

1.6.9 എന്നാൽ അന്ന് സെക്ഷൻ ക്ലർക്കായിരുന്ന ശ്രീ. താഹകുട്ടിയുടെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ ആറ് മാസത്തേക്ക് തടയുന്നതിന് 13/10/2013 തിയതിയിലെ ഡി1-4605/2008 നമ്പർ പ്രകാരം അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി. എന്നാൽ ടിയാൻ സമർപ്പിച്ച മറുപടിയുടെയും ടിയാൻ റിട്ടയർ ചെയ്ത സാഹചര്യവും പരിഗണിച്ച് 04/06/201-ലെ ഡി1-4605/2008 നമ്പർ ഉത്തരവ് പ്രകാരം ടിയാനെതിരായ അച്ചടക്ക നടപടി അവസാനിപ്പിച്ചിട്ടുള്ളതാണെന്നും തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഏതു സാഹചര്യത്തിലാണ് മേൽ രണ്ടു പേർക്കുമെതിരെയുള്ള അച്ചടക്ക നടപടികൾ അവസാനിപ്പിച്ചതെന്ന് വ്യക്തമാക്കുന്ന റിപ്പോർട്ട് സർക്കാരിൽ അടിയന്തരമായി സമർപ്പിക്കണമെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

1.6.10 ഓഡിറ്റ് പരാമർശത്തിലുള്ള പള്ളിവയൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി നടത്തിപ്പിനായി നൽകിയ അഡ്വാൻസ് തുകയായ 21,250/- രൂപ പദ്ധതി നടത്തിപ്പ് കൺവീനർ ആയിരുന്ന ശ്രീ. പി. ആർ. രവി പള്ളിവയലിൽ നിന്നും ഈടാക്കുന്നതിന് ആർ.ആർ. നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ ടിയാന്റെ പേരിൽ സ്ഥാവരജംഗമവസ്തുക്കൾ ഇല്ലാത്തതിനാൽ ആർ. ആർ. നടപടി സ്വീകരിക്കുവാൻ കഴിയുകയില്ലയെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ളതായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ ജില്ലയിലോ സംസ്ഥാനത്തോ ടിയാന്റെ പേരിൽ സ്ഥാവരജംഗമവസ്തുക്കൾ നിലവിലുണ്ടോ എന്ന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

### സൂക്ഷ്മ പരിശോധന കുറിപ്പ്

1.6.11 തുക ഈടാക്കിയിട്ടില്ല.

### തുടർ ശിപാർശ

1.6.12 **പരാമർശിത വ്യക്തികളുടെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ സാധിക്കില്ലയെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചതായും എന്നാൽ ജില്ലയിലോ സംസ്ഥാനത്തോ പ്രസ്തുത വ്യക്തികളുടെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ നിലവിലുണ്ടോയെന്ന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു.**

## അധ്യായം II

**സർക്കാരിൽ നിന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിന്നും ലഭിച്ച മറുപടികളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും സർക്കാരിൽ നിന്നും ലഭിച്ച മറുപടികളും**

### ഖണ്ഡിക നമ്പർ 5

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.1.1 ഗുരുതരമായ ഒരു സാമ്പത്തിക ക്രമക്കേട് നടത്തിയ ശ്രീമതി പി. ഡി. ലീലാമ്മയുടെ ഒരു വാർഷിക ഇൻക്രിമെന്റ് തടയുക മാത്രം ചെയ്തത് മതിയായ ശിക്ഷയാണെന്ന് സമിതിക്ക് അഭിപ്രായമില്ല എന്നുമാത്രമല്ല ഇങ്ങനെ ചെയ്തതിലൂടെ ശ്രീമതി ലീലാമ്മ ചെയ്ത കുറ്റത്തിന് വേണ്ടത്ര ഗൗരവം നൽകാതെ ഇക്കാര്യം വളരെ ലാഘവത്തോടെ കൈകാര്യം ചെയ്യാനും അന്വേഷണം നടത്തിയ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രമം നടത്തിയിട്ടുണ്ടോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു. ആയതിനാൽ കാട്ടിക്കുളം - അമ്മാനി റോഡിലെ മരാമത്ത് പണികൾക്ക് അധികം ചെലവാക്കിയതിൽ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ട 27,000/- രൂപ കാക്കവയൽ മുള്ളൻകൊല്ലി റോഡ് നിർമ്മാണത്തിൽ ജോലിക്കാർക്ക് കൂലി കൊടുക്കാനെന്ന് കാണിച്ച്, പ്രസ്തുത റോഡ് വർക്ക് ആരംഭിക്കുന്നതിന് മുമ്പ് തന്നെ പിൻവലിക്കുകയും എന്നാൽ മസ്റ്റർ റോൾ പ്രകാരം 22,500/- രൂപ മാത്രം ചെലവാക്കി പഞ്ചായത്ത് ഫണ്ടിൽ നിന്ന് 45,00/- രൂപ അപഹരിച്ച അന്നത്തെ തിരുനെല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീമതി പി. ഡി. ലീലാമ്മയിൽ നിന്ന് പ്രസ്തുത തുക പലിശ സഹിതംഈടാക്കുന്നതോടൊപ്പം ശ്രീമതി ലീലാമ്മയ്ക്കെതിരെ കൂടുതൽ കർശനവും മാതൃകാപരവുമായ ശിക്ഷണ നടപടി സ്വീകരിക്കാൻ സർക്കാർ തലത്തിൽ നടപടി കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു

### സർക്കാർ സ്വീകരിച്ച നടപടി

2.1.2 ശ്രീമതി പി. ഡി. ലീലാമ്മയുടെ ശമ്പളത്തിൽ നിന്നും തരിയോട് ഗ്രാമപഞ്ചായത്തിൽ പിടിച്ച തുക 2,900/- രൂപ 19.04.2008-ലെ 043808 നമ്പർ ചെക്ക് പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടുണ്ട്. പടിഞ്ഞാറത്തറ ഗ്രാമപഞ്ചായത്ത് ടിയാളുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ 2,875/- രൂപ 15.04.2008-ലെ ചെക്ക് നമ്പർ 53713 പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടുണ്ട്. 1,200/- രൂപ ശ്രീമതി പി. ഡി. ലീലാമ്മ തിരുനെല്ലി

ഗ്രാമപഞ്ചായത്തിൽ 25.04.2008-ന് 45410/77 നമ്പർ രസീത് പ്രകാരം നേരിട്ട് അടച്ചിട്ടുണ്ട്.

### കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.1.3 ശ്രീമതി പി. ഡി. ലീലാമ്മയുടെ ശമ്പളത്തിൽ നിന്നും പിടിച്ച 2,900/- രൂപ രസീത് നമ്പർ 45410/79 തീയതി 25.04.2008 പ്രകാരവും 2,875/- രൂപ രസീത് നമ്പർ 45416/72 തീയതി 30.07.2008 പ്രകാരവും 1,200/- രൂപ രസീത് നമ്പർ 45410/77 തീയതി 25.04.2008 പ്രകാരവും ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടുള്ളതായി അറിയിക്കുന്നു.

### സമിതി ആരാഞ്ഞ അധികവിവരം

2.1.4 സമിതി ശിപാർശ പ്രകാരം ശ്രീമതി പി. ഡി. ലീലാമ്മയ്ക്കെതിരെ സർക്കാർ തലത്തിൽ എന്ത് നടപടി സ്വീകരിച്ചു, ഇവർ ഇപ്പോൾ സർവ്വീസിലുണ്ടോ എന്നീ കാര്യങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

### തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള അധികവിവരങ്ങൾ

2.1.5 ശ്രീമതി പി. ഡി. ലീലാമ്മയ്ക്കെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. ടി അച്ചടക്ക നടപടി ശ്രീമതി പി. ഡി. ലീലാമ്മയുടെ ഒരു ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെയല്ലാതെ ഒരു വർഷത്തേക്ക് തടഞ്ഞ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 18.04.2000-ലെ എ 8-595/99 നമ്പർ ഉത്തരവ് റദ്ദ് ചെയ്തുകൊണ്ടും ടി വ്യക്തിയുടെ രണ്ട് ശമ്പള വർദ്ധനവ് സഞ്ചിതഫലത്തോടെ തടയുന്നതിനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തിക്കൊണ്ടും 03.01.2011-ലെ സ.ഉ.(സാധാ)നം.17/2011/തസ്വഭവ. പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ശ്രീമതി പി. ഡി. ലീലാമ്മ ഇപ്പോഴും സർവ്വീസിലുള്ള വ്യക്തിയാണ്. ടി വ്യക്തിയുടെ റിട്ടയർമെന്റ് തീയതി 31.03.2015 ആണ്.

**അധികവിവരം സംബന്ധിച്ച് ഓഡിറ്റ് വകുപ്പിൽ നിന്നുള്ള സൂക്ഷ്മപരിശോധനാ റിപ്പോർട്ട്**

2.1.6 ശ്രീമതി പി. ഡി. ലീലാമ്മയുടെ ഒരു ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ നടപടി മാത്രമാണ് സ്വീകരിച്ചിട്ടുള്ളത്. ശ്രീമതി പി. ഡി. ലീലാമ്മ ഇപ്പോൾ അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി സർവ്വീസിൽ തുടരുന്നുണ്ട്.

**ഖണ്ഡിക നമ്പർ 17, 18**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

2.2.1 തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ മേൽപ്പറഞ്ഞ മൂന്ന് റോഡ് വർക്കുകളിൽ 2 വർക്കുകളും പൂർത്തിയായിട്ടുണ്ടെന്നും ഒരു വർക്ക് (കാവുമ്മൽ കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തൽ) പൂർത്തിയായിട്ടില്ലെങ്കിലും ആയതിന് കൺവീനർക്ക് നൽകിയ അഡ്വാൻസ് തുക തിരിച്ചു പിടിച്ചിട്ടുണ്ടെന്നും അഡ്വാൻസ് തുകയും ഫൈനൽ പേയ്മെന്റും നടത്തിയതിന്റെ വിശദാംശങ്ങളും നൽകിയിട്ടുള്ളതിനാലും മൂന്ന് റോഡ് വർക്കുകളുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

2.2.2 തെരുവ് വിളക്കുകൾ സ്ഥാപിച്ചതായി വെള്ളമുണ്ട ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ 10.01.2005-ന് നൽകിയിട്ടുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിക്കുന്നു.

**ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടി**

2.2.3 വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 29.11.2007-ലെ എൽ.എഫ്(ഡബ്ല്യു)പി.2-546/07 നമ്പർ കത്തുപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്തു.

## ഖണ്ഡിക നമ്പർ 21

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.3.1 100 ഗുണഭോക്താക്കൾക്കും തയ്യൽ മെഷീൻ വിതരണം ചെയ്തിട്ടുണ്ടെന്നും യൂണിറ്റുകളെല്ലാം ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും ബോധ്യപ്പെട്ട സാഹചര്യത്തിൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടി

2.3.2 വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 29.11.2007-ലെ എൽ.എഫ്(ഡബ്ല്യു)പി.2-546/07 നമ്പർ കത്തുപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യു.

## ഖണ്ഡിക നമ്പർ 25

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.4.1 വയനാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ വിശദീകരണവും റിപ്പോർട്ടും കണക്കിലെടുത്ത് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടി

2.4.2 വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 29.11.2007-ലെ എൽ.എഫ്(ഡബ്ല്യു)പി.2-546/07 നമ്പർ കത്തുപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യു.

## ഖണ്ഡിക നമ്പർ 27

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.5.1 പരാമർശ വിധേയമായതും അധികം ചെലവായതുമായ 2,187/- രൂപ 17.10.2002-ലെ 3986/97 നമ്പർ രസീത് പ്രകാരം ഗ്രാമപഞ്ചായത്തിൽ തിരിച്ചടച്ചിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടി

2.5.2 വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 29.11.2007-ലെ എൽ.എഫ്(ഡബ്ല്യൂ)പി.2-546/07 നമ്പർ കത്തുപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്തു.

### ഖണ്ഡിക നമ്പർ 29

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.6.1 7 എൽ.പി. സ്കൂൾ അധ്യാപകർക്കായി 3 അധ്യാപക സംഗമങ്ങൾ നടത്തുന്നതിന് പകരം 3,000/- രൂപ ചെലവഴിച്ച് നല്ല രീതിയിൽ ഒരു ക്യാമ്പ് മാത്രം നടത്തുകയാണുണ്ടായതെന്ന് 12.01.2005-ലെ സമിതിയുടെ തെളിവെടുപ്പ് വേളയിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണം കണക്കിലെടുത്തും ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ ബാധ്യതയിൽ നിന്ന് ഒഴിവാക്കുകയും ചെയ്തിട്ടുള്ളതിനാൽ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടി

2.6.2 വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 29.11.2007-ലെ എൽ.എഫ്(ഡബ്ല്യൂ)പി.2-546/07 നമ്പർ കത്തുപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്തു.

### ഖണ്ഡിക നമ്പർ 38

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.7.1 പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും നൽകിയ വിശദീകരണം ഉത്തമ വിശ്വാസത്തിലെടുത്ത് ഈ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടി

2.7.2 വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ 29.11.2007-ലെ എൽ.എഫ്.(ഡബ്ല്യൂ)പി.2-546/07 നമ്പർ കത്തുപ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി ഉത്തരവിറക്കിയിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്തു.

## ഖണ്ഡിക നമ്പർ 44

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.8.1 ഭവന നിർമ്മാണ പദ്ധതിയിൽ അധികം നൽകിയ 1,25,816/- രൂപ ഈടാക്കുന്നത് സംബന്ധിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കി കിട്ടുന്നതിനായി അന്നത്തെ പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വയനാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് അപേക്ഷ നൽകിയിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഡെപ്യൂട്ടി ഡയറക്ടർ കൈക്കൊണ്ട നടപടികൾ സമിതിയെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടി

2.8.2 ഭവന നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ നേരിട്ട് പരിശോധിച്ചതിൽ ഓരോ വീടിനും 35,000/- രൂപയുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് വച്ചിട്ടുള്ളതിനാൽ തടസം ഒഴിവാക്കാവുന്നതാണെന്ന് അഭിപ്രായപ്പെടുന്നു.

## ഖണ്ഡിക നമ്പർ 54

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.9.1 താന്നിത്തെരുവ് ചെറ്റപ്പാലം റോഡ് റീടാറിംഗുമായി ബന്ധപ്പെട്ട് പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. കുട്ടനിൽ നിന്ന് 24,788/- രൂപ തിരിച്ചുപിടിക്കുന്നതിനായി സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും റവന്യൂ റിക്കവറി നടപടികൾക്കായി വയനാട് ജില്ലാ കളക്ടർക്കും ഇൻഡംമിനിറ്റി ബോണ്ടിലെ ജാമ്യക്കാരിൽ നിന്ന് റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്കും പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിച്ച് കഴിഞ്ഞ സാഹചര്യത്തിൽ ഇക്കാര്യത്തിലുള്ള നടപടികൾ പൂർത്തിയാക്കി തുക തിരിച്ച് പിടിക്കുന്നതിന് വയനാട് ജില്ലാ കളക്ടറും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും അടിയന്തര നടപടി സ്വീകരിക്കണമെന്നും തുക തിരിച്ച് പിടിച്ചതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.9.2 ഖണ്ഡിക 54-ലെ ഓഡിറ്റ് റിക്കവറി 24,788/- രൂപ ഉൾപ്പെടെ വിവിധ ഖണ്ഡികകളിലായി ശ്രീ. എൻ. കുട്ടനെതിരെ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ള 47,190/-രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും പ്രസ്തുത തുകയിൽ 45,940/-രൂപ താഴെ രേഖപ്പെടുത്തിയ തീയതികളിലായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറിയിലൂടെ വസൂലാക്കാൻ ആവശ്യപ്പെട്ട 47,190/- രൂപയിൽ 45,940/- രൂപ വസൂലാക്കി ഒടുക്കിയിട്ടുണ്ട് എങ്കിലും ബാക്കിയുള്ള 1,250/- രൂപ ഇനിയും ഒടുക്കുവാൻ ബാക്കിയുള്ളതിനാൽ പ്രസ്തുത തുക കൂടി വസൂലാക്കി തരുന്നതിന് ബന്ധപ്പെട്ട തഹസീൽദാർ (ആർ.ആർ.) കോഴിക്കോടിന് വീണ്ടും കത്തെഴുതിയിട്ടുണ്ട് എന്നും ടിയാനിൽ നിന്നും മറുപടി ലഭിക്കുന്ന മുറയ്ക്ക് ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും എന്നും ബോധിപ്പിക്കുന്നു.

### നാളിതുവരെ വസൂലാക്കിയ തുകയുടെ വിവരങ്ങൾ

| | | |
|---|---|---|
| റവന്യൂ റിക്കവറി നടപടി സ്വീകരിച്ച ആകെ തുക | - | 47,190 |
| നാളിതുവരെ ഒടുക്കിയ തുക | | |
| 1. Rt. No.52934/77/dt. 27.05.2008 | - | 23,750 |
| 2. Rt. No.52934/77/dt. 27.05.2008 | - | 22,190 |
| നാളിതുവരെ ആകെ ലഭ്യമായ തുക | - | 45,940 |
| ഒടുക്കുവാൻ ബാക്കിയുള്ള തുക | - | 1,250 |

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.9.3 പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. എൻ. കുട്ടനിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ രസീത് നമ്പർ 52934/77 തീയതി 27.05.2008 പ്രകാരം 23,750/- രൂപയും രസീത് നമ്പർ 52954/77 തീയതി 30.09.2008 പ്രകാരം 22,190/- രൂപയും ഈടാക്കിയതിന്റെ കൃത്യത, ഒറിജിനൽ രസീതുകൾ പരിശോധിച്ച് ബോധ്യപ്പെട്ട വിവരം അറിയിക്കുന്നു.

### സമിതി ആരാഞ്ഞ അധികവിവരം

2.9.4 പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ താന്നിത്തെരുവ് ചെറ്റപ്പാലം റോഡ് റീടാറിംഗുമായി ബന്ധപ്പെട്ട ശിപാർശയുടെ അടിസ്ഥാനത്തിൽ പുൽപ്പള്ളി ഗ്രാമപഞ്ചായത്തിലെ മുൻ സെക്രട്ടറി ശ്രീ. എൻ. കുട്ടനിൽ നിന്നും ഈടാക്കാൻ ബാക്കിയുള്ള തുകകൂടി ഈടാക്കി ആയതിന്റെ റിപ്പോർട്ട് സമിതിക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെടുവാൻ സമിതി തീരുമാനിച്ചു

### തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുള്ള അധികവിവരങ്ങൾ

2.9.5 ഖണ്ഡിക 54-ലെ ഓഡിറ്റ് റിക്കവറി 24,788/- രൂപ ഉൾപ്പെടെ വിവിധ ഖണ്ഡികകളിലായി ശ്രീ. എൻ. കുട്ടനെതിരെ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ള 47,190/- രൂപയ്ക്ക് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുകയും പ്രസ്തുത തുക താഴെ ചേർക്കും വിധം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറിയിലൂടെ വസൂലാക്കുവാൻ ആവശ്യപ്പെട്ട 7,190/- രൂപയും ഇതോടൊപ്പം ഒടുക്കിയിട്ടുണ്ട് എന്നും ബോധിപ്പിക്കുന്നു.

### <u>നാളിതുവരെ വസൂലാക്കിയ തുകയുടെ വിവരങ്ങൾ</u>

| | |
|---|---|
| റവന്യൂ റിക്കവറി നടപടി സ്വീകരിച്ച ആകെ തുക | **47190.00** |
| ഒടുക്കിയ തുക | |
| രസീതി നമ്പർ 52934/97, തീയതി 27.05.2008 | 23750.00 |
| രസീതി നമ്പർ 52954/77, തീയതി 10.10.2008 | 22190.00 |
| രസീതി നമ്പർ 22716/05 , തീയതി 22.02.2010 | 1250.00 |
| **ആകെ** | **47190.00** |

മുഴുവൻ തുകയും ഈടാക്കി.

## ഖണ്ഡിക നമ്പർ 55

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.10.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിൽ നിന്നും ജീവനക്കാരിൽ നിന്നും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിലുള്ള തുക പ്രസ്തുത ജീവനക്കാർ റിട്ടയർ ചെയ്ത് കഴിഞ്ഞാൽ റവന്യൂ റിക്കവറി വഴി മാത്രമേ ഈടാക്കാൻ നിലവിൽ വ്യവസ്ഥയുള്ളൂ. എന്നാൽ റവന്യൂ റിക്കവറി വഴി തുക ഈടാക്കിയെടുക്കുന്നതിന് വളരെയേറെ കാലതാമസമുണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാരിൽ നിന്നും ജീവനക്കാരിൽ നിന്നുമുള്ള വീഴ്ചകൾ മൂലവും ഓഡിറ്റ് പരാമർശത്തിന്റെ അടിസ്ഥാനത്തിലും ഉണ്ടാകുന്ന നഷ്ടം അത്തരം ജീവനക്കാരുടെ പെൻഷനിൽ നിന്നുതന്നെ കാലതാമസം കൂടാതെ റിക്കവറി നടത്തുന്നതിന് വ്യവസ്ഥ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ തലത്തിൽ പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇക്കാര്യത്തിൽ സുപ്രീം കോടതി നൽകിയിട്ടുള്ള വിധി കൂടി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.10.2 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 222(1) വകുപ്പ് പ്രകാരം സർക്കാരിന്, സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ കീഴിൽ സർവ്വീസിലുള്ള ജീവനക്കാർക്കായി നിർണ്ണയിക്കപ്പെട്ടേക്കാവുന്ന അങ്ങനെയുള്ള ചട്ടങ്ങൾക്ക് വിധേയമായി ഒരു പൊതു മുനിസിപ്പൽ സർവ്വീസ് രൂപീകരിക്കാവുന്നതും മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ റിക്രൂട്ട്മെന്റും സേവന വ്യവസ്ഥകളും ക്രമീകരിക്കാവുന്നതുമാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി വകുപ്പിൻ കീഴിൽ 1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത് കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങൾ നിലവിലുണ്ട്. ടി ചട്ടങ്ങളുടെ 4-ാം ചട്ടത്തിൽ ടി ചട്ടങ്ങൾ പ്രകാരം പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ള ഒരു ജീവനക്കാരന്റെ ഡെത്ത് കം-റിട്ടയർമെന്റ് ബെനിഫിറ്റുകളെ സംബന്ധിച്ചിടത്തോളം കാലാകാലങ്ങളിൽ ഭേദഗതി

ചെയ്യപ്പെടുന്ന പ്രകാരമുള്ള 1959-ലെ കേരള സർവ്വീസ് ചട്ടങ്ങളുടെ പാർട്ട് III-ലെ വ്യവസ്ഥകൾ ആവശ്യമായ ഭേദഗതികളോടെ ബാധകമാകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ കേരള സർവ്വീസ് ചട്ടങ്ങളുടെ പാർട്ട് III-ലെ വ്യവസ്ഥകൾക്ക് വിധേയമായി സെക്രട്ടറിയുൾപ്പെടെയുള്ള ജീവനക്കാർ ഉണ്ടാക്കുന്ന നഷ്ടം അത്തരം ജീവനക്കാരുടെ, പെൻഷനിൽ നിന്നും ഈടാക്കാൻ സാധിക്കും. എന്നാൽ K.S.R Part III-ലെ വ്യവസ്ഥകൾ പ്രകാരം ഉദ്യോഗസ്ഥൻ സർവ്വീസിലിരിക്കുന്ന കാലഘട്ടത്തിൽ നടത്തിയ സാമ്പത്തിക ക്രമക്കേടുകൾ സർവ്വീസിലിരിക്കുന്ന സമയത്ത് തന്നെ കണ്ടെത്തുകയും ഉചിതമായ വകുപ്പുതല നടപടികൾ സ്വീകരിക്കേണ്ടതാണ്. Part III Rules പ്രകാരം "the Government reserves to themselves the right of withholding or withdrawing a pension or any part of it, whether permanently or for a specified period, and the right of ordering the recovery from a pension of the whole or part of any pecuniary loss caused to "government" എന്നാണ് ടി ചട്ട പ്രകാരമുള്ള നടപടികൾ ടിയാൾ സർവ്വീസിലിരിക്കുമ്പോൾ തുടങ്ങിവച്ചതാണെങ്കിൽ റിട്ടയർമെന്റിന് ശേഷവും തുടരാവുന്നതാണ്. എന്നാൽ, ടി സർക്കാരുദ്യോഗസ്ഥന്റെ ബാധ്യതാ തുക റിട്ടയർമെൻറ്റിന് 3 വർഷത്തിനകം തിട്ടപ്പെടുത്തി ടിയാനെ അറിയിക്കേണ്ടതായിട്ടുണ്ട്. കൂടാതെ റൂൾ 3 പാർട്ട് III നടപടികൾ സാധ്യമല്ലെങ്കിൽ റൂൾ 59(ബി) പ്രകാരമുള്ള നടപടികളും സ്വീകരിക്കാവുന്നതാണ്. State of Uttar Pradesh V Brahma Dutta Sharma (1987 AIR (SC) 943 എന്ന കേസിന്റെ വിധിയിലും കെ.എസ്.ആർ പാർട്ട് III യുടെ Rule 3, Rule 59(b) എന്നീ ചട്ടങ്ങൾക്ക് സമാനമായി സിവിൽ സർവ്വീസ് റെഗുലേഷനിലുള്ള വ്യവസ്ഥകൾ ബഹു. കോടതി പരിശോധിച്ച ശേഷം സ്വാഭാവിക നീതിയുടെ തത്വങ്ങൾ പാലിച്ചതിനുശേഷം സർക്കാരിന് റിട്ടയർ ചെയ്ത ഉദ്യോഗസ്ഥന്റെ പെൻഷനിൽ നിന്നും ബാധ്യതാതുക ഈടാക്കണമെന്നാണ് പ്രസ്താവിച്ചിട്ടുള്ളത്.

2.10.3 03.02.1987-ലെ സ.ഉ.(കൈ) 25/87/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് കോമൺ സർവ്വീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി

അംഗീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് കോമൺ സർവ്വീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുള്ളതിനാൽ ടി ജീവനക്കാർക്കും KSR Part III-ലെ വ്യവസ്ഥകൾ ബാധകമാണ്. ആയതിനാൽ കേരള സർവ്വീസ് ചട്ടങ്ങളുടെ Part III-ലെ വ്യവസ്ഥകൾക്ക് വിധേയമായി ജീവനക്കാർ ഉണ്ടാക്കുന്ന നഷ്ടം അത്തരം ജീവനക്കാരുടെ പെൻഷനിൽ നിന്നും ഈടാക്കാൻ സാധിക്കുന്നതാണ് എന്ന വിവരവും നിയമസഭാ സമിതിയെ അറിയിക്കുന്നു.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന റിപ്പോർട്ട്

2.10.4 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരിൽ നിന്നും ജീവനക്കാരിൽ നിന്നും ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിലുള്ള തുകകൾ പ്രസ്തുത ജീവനക്കാർ റിട്ടയർ ചെയ്ത് കഴിഞ്ഞാൽ റവന്യൂ റിക്കവറി നടപടികളിലൂടെ മാത്രമേ നിലവിൽ ഈടാക്കാൻ വ്യവസ്ഥയുള്ളൂ എന്നിരിക്കെ ആയതിനുള്ള കാലതാമസം ഒഴിവാക്കുന്നതിന് നഷ്ടം വരുന്ന തുകകൾ അത്തരം ജീവനക്കാരുടെ പെൻഷനിൽ നിന്നുതന്നെ ഈടാക്കുന്നതിന് സർക്കാർ തലത്തിൽ വ്യവസ്ഥ എർപ്പെടുത്തണമെന്നുള്ള സമിതിയുടെ ശിപാർശയിന്മേൽ ഗവൺമെന്റ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ നടപടി വിശദീകരണ പത്രികയിൽ പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുള്ളതിനാൽ അവർക്കും കേരള സർവ്വീസ് റൂൾ പാർട്ട് മൂന്നിലെ വ്യവസ്ഥകൾ ബാധകമായതിനാൽ ആയതിന് വിധേയമായി ജീവനക്കാർ ഉണ്ടാക്കുന്ന നഷ്ടം പെൻഷനിൽ നിന്ന് ഈടാക്കാൻ സാധിക്കുന്നതാണെന്നും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 222(1) വകുപ്പ് പ്രകാരം സർക്കാരിന് മുനിസിപ്പാലിറ്റി ജീവനക്കാരുടെ റിക്രൂട്ട്മെന്റും സേവന വ്യവസ്ഥകളും ക്രമീകരിക്കുന്നതാണെന്നും 1996-ലെ കേരള മുനിസിപ്പാലിറ്റി (ജീവനക്കാരുടെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റ്) ചട്ടങ്ങളിലെ4-ാം ചട്ടപ്രകാരം പെൻഷൻ പദ്ധതി ബാധകമാക്കിയിട്ടുള്ള ഒരു ജീവനക്കാരന്റെ ഡെത്ത്-കം-റിട്ടയർമെന്റ് ബെനിഫിറ്റുകൾ 1959-ലെ കേരള സർവ്വീസ് ചട്ടങ്ങളുടെ പാർട്ട് III-ലെ വ്യവസ്ഥകൾ ആവശ്യമായ ഭേദഗതികളോടെ ബാധകമാക്കാവുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ സെക്രട്ടറി

ഉൾപ്പെടെയുള്ള ജീവനക്കാർ ഉണ്ടാക്കുന്ന നഷ്ടം അവരുടെ പെൻഷനിൽ നിന്നും ഈടാക്കാൻ സാധിക്കുന്നതാണ് എന്നും വ്യക്തമാകുന്നു. നടപടി വിശദീകരണ പത്രികയിൽ സൂക്ഷ്മപരിശോധന നടത്തിയതിൽ കേരള സർവ്വീസ് റൂൾ പാർട്ട് മൂന്ന് റൂൾ 59 (ബി) റൂളിംഗ് നമ്പർ 2 പ്രകാരം ജീവനക്കാരുടെ പേരിലുള്ള നഷ്ടം പെൻഷൻ തുകയിൽ നിന്ന് ഈടാക്കാവുന്നതാണ് എന്ന വ്യവസ്ഥ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാരുടെ കാര്യത്തിലും ബാധകമാണ് എന്ന് കാണുന്നു. 03.02.1987-ലെ സർക്കാർ ഉത്തരവ് (കൈ)25/87/തസ്വഭവ. ഉത്തരവ് പ്രകാരം പഞ്ചായത്ത് ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിച്ചിട്ടുള്ളതിനാൽ മേൽ വ്യവസ്ഥ പഞ്ചായത്ത് സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്ത ജീവനക്കാർക്കും ബാധകമാവുന്നതാണ് എന്നുള്ള വിവരം അനന്തര നടപടികൾക്കായി അറിയിക്കുന്നു.

### ഖണ്ഡിക നമ്പർ 62

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.11.1 കന്നാരംപുഴ ഇറിഗേഷൻ കനാൽ റിപ്പയറിംഗിന് അനധികൃതമായി കൂലി നൽകിയതുമായി ബന്ധപ്പെട്ട പരാമർശം ഒഴിവാക്കാൻ വയനാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ ശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കിയിട്ടുണ്ടോയെന്ന് വ്യക്തമല്ല. ആയതിനാൽ മേൽ പരാമർശം ഒഴിവാക്കിയിട്ടുണ്ടോയെന്നത് സംബന്ധിച്ച വിശദാംശങ്ങൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### ഓഡിറ്റ് വകുപ്പിൽ നിന്നുള്ള മറുപടി

2.11.2 വയനാട് ജില്ലാ ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 29.11.07-ലെ എൽ.എഫ്.ഡബ്ല്യൂ.പി.2-546/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി.

### ഖണ്ഡിക നമ്പർ 71

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.12.1 പുൽപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി 31.05.2000-ൽ വിരമിച്ച ശ്രീ. എൻ. കുട്ടന്റെ പേരിൽ ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ

തിരിച്ച് പിടിക്കേണ്ടതായ ആകെ നഷ്ടം എത്ര രൂപയാണെന്നും ഈ കേസുകളിലെല്ലാം സർചാർജ്ജ് സർട്ടിഫിക്കറ്റ് ഇഷ്യു ചെയ്തിട്ടുണ്ടോയെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് വ്യക്തമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെ തന്നെ ശ്രീ. കുട്ടനെതിരെ പുറപ്പെടുവിച്ച സർചാർജ്ജ് സർട്ടിഫിക്കറ്റുകളുടെ അടിസ്ഥാനത്തിലുള്ള തുക മുഴുവൻ റവന്യൂ റിക്കവറിയിലൂടെ ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും ഇതിൽ എത്ര തുക ഇതിനകം ഈടാക്കിയിട്ടുണ്ടെന്നും ഇനിയും എത്ര തുക ഈടാക്കാനുണ്ടെന്നും അറിയിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.12.2 ശ്രീ. എൻ. കുട്ടനെതിരായ ഓഡിറ്റ് പരാമർശങ്ങളിൽ നിന്നും തിരിച്ച് പിടിക്കേണ്ടതായ ആകെ നഷ്ടം 60,459/- രൂപയാണ്. അതിൽ 34,089/- രൂപയ്ക്ക് 19.06.2003-ലെ എൽ.എഫ്.18419/സ്പെ.സെൽ/എസ്.സി.4/02 നമ്പറിൽ സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. 5,160/- രൂപ വരവിനത്തിൽ വന്ന നഷ്ടമാണ്. ഉചിത നടപടികളിലൂടെ നഷ്ടം ഈടാക്കുവാൻ ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വയനാട് ജില്ലാ ഡെപ്യൂട്ടി ഡയറക്ടറുടെ പ്രാദേശിക പരിശോധനാ റിപ്പോർട്ട് പ്രകാരം 12,600/- രൂപ ഒഴിവാക്കുകയും 8,410/- രൂപയുടെ നഷ്ടമീടാക്കാൻ ഭരണ വകുപ്പിന് ശിപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്. തുക തിരിച്ചടച്ചിട്ടുള്ളതിനാൽ 200/- രൂപയും സർചാർജ്ജിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. സർചാർജ്ജ് ചെയ്ത 34,089/- രൂപയീടാക്കിയതായി വിവരമൊന്നും ലഭിച്ചിട്ടില്ലായെന്നും റിപ്പോർട്ട് ചെയ്യുന്നു.

### സമിതി ആവശ്യപ്പെട്ട അധികവിവരം

2.12.3 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടികളുടെ അന്തിമ റിപ്പോർട്ട് ആവശ്യപ്പെടാൻ സമിതി നിർദ്ദേശിച്ചു

**തദ്ദേശസ്വയംഭരണ വകുപ്പ് ഹാജരാക്കി അധികവിവരത്തിന്മേലുള്ള മറുപടി**

2.12.4 31.5.2000-ൽ സർവ്വീസിൽ നിന്നും വിരമിച്ച പുൽപ്പള്ളി പഞ്ചായത്ത് സെക്രട്ടറി ശ്രീ. എൻ. കുട്ടന്റെ പേരിൽ 1996-97 മുതൽ 1999-00 വരെയുള്ള വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ പ്രകാരം പഞ്ചായത്തിന് നഷ്ടം വന്നതായി കണക്കാക്കിയ തുകകളുടെ വിവരങ്ങൾ താഴെ സമർപ്പിക്കുന്നു.

| | | |
|---|---|---|
| ആകെ നഷ്ടം | : | 3,01,108/- |
| വസൂലാക്കിയത്/ പരാമർശം ഒഴിവാക്കിയത് | : | 2,53,918/- |
| റിക്കവറി നടത്തിയത് | : | 45,940/- |
| ബാക്കി | : | 1,250/- |

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധന റിപ്പോർട്ട്

2.12.5 സർവ്വീസിൽ നിന്നും വിരമിച്ച സെക്രട്ടറി ശ്രീ. എൻ. കുട്ടൻ, സെക്രട്ടറിയിൽ നിന്നും 45,940/- രൂപ റിക്കവറി നടത്തി പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ബാക്കി 1,250/- രൂപ റിക്കവറി നടത്തുന്നതിന് തഹസിൽദാർ കോഴിക്കോടിന് കത്തയച്ചിട്ടുണ്ട്.

<u>തുക ഈടാക്കിയതിന്റെ വിവരം</u>

| | | | |
|---|---|---|---|
| 1. | രസീത് നമ്പർ 52934/77/27.05.2008 | : | 23,750/- |
| 2. | രസീത് നമ്പർ 52954/77/30.09.2008 | : | 22,190/- |
| | ആകെ | : | 45,940/- |

റിക്കവറി നടത്താൻ ബാക്കിയുള്ള 1,250/- രൂപ റവന്യൂ റിക്കവറി വഴി ഈടാക്കുന്നതിന് സെക്രട്ടറിയുടെ 05.09.2009-ലെ ജെ.എസ്. 1172/04 നമ്പർ കത്ത് പ്രകാരം തഹസിൽദാർ കോഴിക്കോടിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

### സമിതി ആവശ്യപ്പെട്ട അധികവിവരം

2.12.6 സർവ്വീസിൽ നിന്നും വിരമിച്ച സെക്രട്ടറി ശ്രീ. എൻ. കട്ടനിൽ നിന്നും ഈടാക്കാൻ ബാക്കിയുള്ള 1,250/- രൂപ ഈടാക്കാത്തതിന്റെ കാരണം അറിയിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

### അധികവിവരത്തിന്മേൽ ഓഡിറ്റ് വകുപ്പ് ഹാജരാക്കിയ സൂക്ഷ്മ പരിശോധന റിപ്പോർട്ട്

2.12.7 ശ്രീ. എൻ. കട്ടനിൽ നിന്നും ഈടാക്കാൻ ബാക്കിയുണ്ടായിരുന്ന 1,250/- രൂപ തീയതി 22.02.2010-ന് 22716/5-ാം നമ്പർ രസീത് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ അടച്ചിട്ടുണ്ട്.

### ഖണ്ഡിക നമ്പർ 75

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.13.1 സൂപ്പർവിഷൻ ചാർജ്ജിനത്തിൽ രണ്ട് പ്രവർത്തികളിലായി 2,860/- രൂപ (2500+360) കുറയ്ക്കാതെ ഗുണഭോക്തൃ സമിതിക്ക് ബിൽ തുക നൽകിയതിനാൽ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിന് നഷ്ടമായിട്ടുണ്ടെന്ന് വ്യക്തമായ സാഹചര്യത്തിൽ ഈ തുക നിർവഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതുപോലെതന്നെ രണ്ട് പ്രോജക്ടുകളിലായി ഗുണഭോക്തൃ വിഹിതയിനത്തിൽ സമാഹരിക്കേണ്ടിയിരുന്ന 18,000/-രൂപ സ്വരൂപിക്കാനും കഴിഞ്ഞിട്ടില്ല. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.13.2 2,860/- രൂപ 15.09.2007-ന് 59230//29 നമ്പർ രസീത് പ്രകാരം കൃഷി ആഫീസർ എടവക പഞ്ചായത്താഫീസിൽ അടച്ചിട്ടുണ്ട്.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.13.3 സമിതി ശിപാർശ പ്രകാരം ഈടാക്കാനാവശ്യപ്പെട്ടതും, ഈടാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുള്ളതുമായ 2,860/-രൂപ 15.09.2007-ന് 59230/29 നമ്പർ രസീത് പ്രകാരം കൃഷി ഓഫീസർ എടവക പഞ്ചായത്ത് ഓഫീസിൽ അടച്ചതായി പരിശോധനയിൽ ബോധ്യപ്പെട്ടു.

### ഖണ്ഡിക നമ്പർ 79

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.14.1 പ്രോജക്ടിൽ വിഭാവനം ചെയ്തിരുന്ന രീതിയിൽ മുഴുവൻ തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും വിതരണം ചെയ്യാൻ കഴിഞ്ഞില്ല. എന്നുമാത്രമല്ല പ്രോജക്ടിൽ നിശ്ചയിച്ചിരുന്ന നിരക്കിനേക്കാൾ ഉയർന്ന നിരക്കിലാണ് തെങ്ങിൻ തൈകളും കവുങ്ങിൻ തൈകളും വിതരണം ചെയ്തത്. ഇങ്ങനെ അധിക നിരക്കിൽ തൈകൾ വിതരണം ചെയ്തതിലൂടെ 15,060/- രൂപയാണ് കർഷകരിൽ നിന്ന് ഈടാക്കിയിരിക്കുന്നത്. ഇത് പ്രോജക്ടിന്റെ ലക്ഷ്യത്തിന് തന്നെ വിരുദ്ധമാണ്. ആയതിനാൽ നഴ്സറിനിർമ്മാണ, തൈ വിതരണ പ്രോജക്ടിൽ കർഷകരിൽ നിന്ന് അധികമായി സമാഹരിച്ച 15,060/- രൂപ നഴ്സറി ഉടമയായ ശ്രീ. അന്ത്രുവിൽ നിന്നും നിർവഹണ ഉദ്യോഗസ്ഥനായ അന്നത്തെ കൃഷിഭവൻ ഓഫീസർ ശ്രീ. ഡി. ശിവദാസനിൽ നിന്നും തുല്യമായി ഈടാക്കാൻ ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.14.2 പരാമർശത്തിൽ നിർദ്ദേശിച്ച 15,060/-രൂപയിൽ 7,530/-രൂപ കൃഷി ഓഫീസറായ ശ്രീ. ഡി. ശിവദാസൻ 15.09.2007-ലെ 59,230/29 നമ്പർ രസീത് പ്രകാരവും 7,530/-രൂപ നേഴ്സറി ഉടമയായ ശ്രീ. അന്ത്രു 30.04.2008-ലെ 59299/61 നമ്പർ രസീത് പ്രകാരവും എടവക ഗ്രാമപഞ്ചായത്ത് ഓഫീസിൽ തിരിച്ചടച്ചിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പ് ഹാജരാക്കിയ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.14.3 പ്രോജക്ടിൽ നിശ്ചയിച്ചതിനെക്കാൾ അധിക നിരക്ക് ഈടാക്കിയതു വഴി അനധികൃതമായി സമാഹരിച്ച 15,060/- രൂപയിൽ സമിതി നിർദ്ദേശിച്ച പ്രകാരം 7,530/-രൂപ കൃഷി ഓഫീസറായ ശ്രീ. ഡി. ശിവദാസൻ രസീത് നമ്പർ 59730/-79/09.09.07 പ്രകാരവും 7,530/- രൂപ നഴ്സറി ഉടമ ശ്രീ. അന്ത്രു 59293/61/30.04.2008 നമ്പർ രസീത് പ്രകാരവും പഞ്ചായത്തിൽ അടച്ചതായി ബോധ്യപ്പെട്ടു.

### ഖണ്ഡിക നമ്പർ 84, 86

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.15.1. ലോക്കൽ ഫണ്ട് ആഡിറ്റ് ജോയിന്റ് ഡയറക്ടറുടെ റിവ്യൂ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാര്യങ്ങൾ കണക്കിലെടുത്ത് ഈ പരാമർശം ഒഴിവാക്കിയ വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടി സമിതി അംഗീകരിക്കുന്നു.

2.15.2 ലോക്കൽഫണ്ട് ആഡിറ്റ് വകുപ്പിന്റെ തന്നെ പുനരഭിപ്രായക്കുറിപ്പിന്റെ അടിസ്ഥാനത്തിലാണ് തുക കുറവ് വന്നതെന്നും പ്രസ്തുത തുക അന്നത്തെ നിർവഹണ ഉദ്യോഗസ്ഥ തിരിച്ചടച്ചുവെന്നും എടവക ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സെക്രട്ടറിയുടെ മേൽ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഈ പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിക്കുന്നു.

2.15.3 വയനാട് ജില്ലാ ലോക്കൽഫണ്ട് ഡെപ്യൂട്ടി ഡയറക്ടറുടെ 29.11.2007-ലെ എൽ.എഫ്. (ഡബ്ല്യു) പി.2-546/07 നമ്പർ കത്ത് പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കി.

### ഖണ്ഡിക നമ്പർ 88

### <u>നിഗമനങ്ങൾ/ശിപാർശകൾ</u>

മെറ്റൽ അട്ടിവയ്ക്കുന്നതിന് 4,486/- രൂപ അധിക നിരക്ക് നൽകിയെന്ന പരാമർശം തുക കണക്കാക്കിയതിൽ ഹെഡ് ക്ലാർക്കിന് വന്ന പിശക്

മൂലമാണെന്നും ഇക്കാര്യം ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വയനാട് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം ഒഴിവാക്കിയിട്ടുണ്ടെന്ന വിശദീകരണം സമിതി അംഗീകരിക്കുന്നു.

## ഖണ്ഡിക നമ്പർ 94

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.17.1 ശ്രീ. അഗസ്റ്റിനെതിരെ യഥാസമയം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാതിരുന്ന പഞ്ചായത്ത് ഡയറക്ടർ ഉൾപ്പെടെയുള്ള പഞ്ചായത്ത് വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സർക്കാർ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.17.2 അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി. എം. അഗസ്റ്റിനെ കൊരട്ടി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റി പഞ്ചായത്ത് ഡയറക്ടർ 12.05.1999-ൽ ഇ 11-3335/97 നമ്പർ ഉത്തരവ് പുറപ്പെടുവിച്ച് രണ്ട് മാസം കഴിഞ്ഞിട്ടും ടിയാൻ ടി പഞ്ചായത്തിൽ ജോലിയിൽ പ്രവേശിക്കാത്തതിനെ തുടർന്ന് ടിയാനെ അച്ചടക്ക നടപടിക്ക് വിധേയമായി വണ്ടിപെരിയാർ ഗ്രാമപഞ്ചായത്തിൽ സ്ഥലം മാറ്റി പഞ്ചായത്ത് ഡയറക്ടർ ഉത്തരവായി. ടിയാൻ ടി പഞ്ചായത്തിൽ 24.03.2000-ൽ ജോലിയിൽ പ്രവേശിച്ചെങ്കിലും, തുടർന്നും അനധികൃതമായി ജോലിക്ക്, ഹാജരാകാത്തതിനാൽ പഞ്ചായത്ത് ഡയറക്ടർ ടിയാനെ 03.08.2000-ൽ സർവ്വീസിൽ നിന്ന് സസ്പെന്റ് ചെയ്ത് കുറ്റാരോപണ പത്രിക നൽകി. കുറ്റാരോപണ പത്രികയ്ക്ക് ടിയാൻ മറുപടി നൽകുകയുണ്ടായില്ല.

2.17.3 ഇതിനിടയിൽ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടത്തി സമർപ്പിച്ച ശിപാർശയുടെ അടിസ്ഥാനത്തിൽ ശ്രീ. വി. എം. അഗസ്റ്റിനെതിരെ സർക്കാർ അച്ചടക്ക നടപടി സ്വീകരിക്കുകയും 06.11.2000-ൽ കുറ്റാരോപണ പത്രിക പുറപ്പെടുവിക്കുകയും ചെയ്തു. ടി അച്ചടക്ക നടപടി തുടരുന്നതിനാൽ ടിയാനെ

സർവ്വീസിൽ പുനഃപ്രവേശിപ്പിക്കേണ്ടതില്ലെന്ന് 01.06.2001-ലെ 20218/ജെ/3/01/ തസ്വഭ. നമ്പർ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ബഹു ഹൈക്കോടതിയിൽ ടിയാൻ ഫയൽ ചെയ്ത (12268/03-ാം നമ്പർ) ഒ.പി.യിൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി നാല് മാസത്തിനകം തീർപ്പാക്കണമെന്ന് വിധി ഉണ്ടായി. തുടർന്ന് വിജിലൻസ് വകുപ്പിന്റെ ഉപദേശ പ്രകാരം, സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നൽകിയ നിർദ്ദേശ പ്രകാരം, ടിയാനെ 06.05.2005-ൽ സർവ്വീസിൽ പുനഃപ്രവേശിപ്പിക്കുകയും ചെയ്തു ശ്രീ. വി. എം. അഗസ്റ്റിൻ 31.03.2006-ൽ വിരമിക്കുന്നതിനാൽ ടിയാൻ ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത 28958/05-ാം നമ്പർ റിട്ട് പെറ്റീഷനിലെ 27.01.2006-ലെ വിധിന്യായത്തിൽ ടിയാനെതിരെ സ്വീകരിച്ച അച്ചടക്ക നടപടി ആറാഴ്ചക്കകം തീർപ്പാക്കേണ്ടതാണെന്നും അതിനു ശേഷം ഒരു മാസത്തിനുള്ളിൽ പെൻഷനാനുകൂല്യങ്ങൾ ടിയാന് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണമെന്നും പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. 07.07.2006-ൽ ടിയാൻ മരണപ്പെട്ടു. വിജിലൻസ് കേസിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ സ്വീകരിച്ചിരുന്ന അച്ചടക്ക നടപടി തീർപ്പാക്കാതിരുന്നതിനാൽ ടിയാന് പ്രൊവിഷണൽ പെൻഷൻ മാത്രമേ നൽകിയിരുന്നുള്ളൂ.

2.17.4 അനധികൃത ഹാജരില്ലായ്മ ഗുരുതരമായ കുറ്റമാണെങ്കിലും ടിയാൻ വിരമിക്കുന്നതിന് മുമ്പ് വിശദമായ അന്വേഷണം നടത്തി കഠിന ശിക്ഷ നൽകുന്നതിന് കഴിയാതിരുന്നതിനാലും ടിയാൻ ജോലിയ്ക്ക് ഹാജരാകാതിരുന്ന കാലയളവിൽ വാങ്ങിയിരുന്ന ഉപജീവന ബത്തയിൽ പരിമിതപ്പെടുത്തി മറ്റ് ആനുകൂല്യങ്ങൾക്കൊന്നും ഡ്യൂട്ടിയായി കണക്കാക്കാതെ ടിയാനെതിരെ തുടർന്നു വന്ന അച്ചടക്ക നടപടി പഞ്ചായത്ത് ഡയറക്ടർ അവസാനിപ്പിച്ചു

2.17.5 VC5/01/WYD നമ്പരായുള്ള വിജിലൻസ് കേസിന്റെ അടിസ്ഥാനത്തിൽ ടിയാനെതിരെ സർക്കാർ സ്വീകരിച്ച അച്ചടക്ക നടപടിയുടെ

ഭാഗമായി ടിയാന് നൽകിയ കുറ്റാരോപണ പത്രികയുടെ കൈപ്പറ്റ് പകർപ്പോ ആയതിനുള്ള മറുപടിയോ പ്രസ്തുത കാലയളവിനുള്ളിൽ ടിയാൻ സമർപ്പിക്കാത്തതിനാലും ടിയാൻ 31.01.2006-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനാലും 07.07.2006-ൽ ടിയാൻ മരണപ്പെട്ടതിനാലും ടിയാനെതിരെ തുടർന്നുവന്ന അച്ചടക്ക നടപടി 31.03.2008-ലെ സ.ഉ (സാധാ) നം. 1031/2008/തസ്വഭവ. പ്രകാരം ഒഴിവാക്കി ഉത്തരവായി.

2.17.6 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ, ശ്രീ. വി. എം. അഗസ്റ്റിനെതിരെയും 2005-ൽ അച്ചടക്ക നടപടി ആരംഭിച്ചെങ്കിലും 12.05.1992-ലെ സ.ഉ.(പി) നം. 65/92/വിജി. നമ്പർ ഉത്തരവ് പ്രകാരം വിജിലൻസ് അന്വേഷണം നടക്കുന്ന വിഷയത്തിൽ സമാന്തരമായ വകുപ്പുതല അന്വേഷണ നടപടികൾ പാടില്ലാത്തതിനാലും ബഹു. കോടതിയിൽ ടിയാൻ ഫയൽ ചെയ്ത കേസുകൾ നിലനിന്നിരുന്നതിനാലും ടിയാനെതിരെ തുടർന്നുവന്ന അച്ചടക്ക നടപടി സമയബന്ധിതമായി തീർപ്പാക്കാൻ കഴിഞ്ഞിരുന്നില്ല.

2.17.7 ടിയാളുകൾ സമർപ്പിച്ച വിശദീകരണങ്ങളുടെ വെളിച്ചത്തിൽ വിശദമായി പരിശോധിച്ചതിൽ, ടിയാനെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് തീർപ്പാക്കുന്നതിൽ ബോധപൂർവ്വമായ വീഴ്ച വരുത്തിയതായി കാണുന്നില്ല. മാത്രവുമല്ല ടി ഉദ്യോഗസ്ഥരിൽ ഭൂരിപക്ഷംപേരും സർവ്വീസിൽ നിന്നും വിരമിച്ചവരുമാണ്. ആയതിനാൽ ടി ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന സമിതി നിർദ്ദേശം നടപ്പിലാക്കുവാൻ പ്രായോഗികമായി കഴിയാത്ത സാഹചര്യം ആണ് ഇപ്പോൾ ഉള്ളത്. അതിനാൽ ഇവരുടെ വിശദീകരണം സ്വീകരിച്ച് ഇവർക്കെതിരെയുള്ള നടപടി നിർത്തിവയ്ക്കാൻ അനുവദിക്കണമെന്ന് ബഹു. സമിതിയോട് അപേക്ഷിക്കുന്നു.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.17.8 വയനാട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.02.2005-ലെ 389/05(3) നമ്പർ കത്ത് പ്രകാരം സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി. എം. അഗസ്റ്റിനെ കുറിച്ച് വ്യക്തമായ ഒരു വിവരവും അറിയില്ലെന്ന് പഞ്ചായത്ത് ഡയറക്ടറെയും നിയമസഭാ സമിതിയെയും അറിയിക്കുകയുണ്ടായി. തുടർന്ന് പഞ്ചായത്ത് ഡയറക്ടർ 19.03.2005-ലെ എച്ച്.3/2030/05 നമ്പർ കത്ത് പ്രകാരം ടിയാൻ എവിടെയാണെന്ന് അന്വേഷിച്ച് റിപ്പോർട്ട് ചെയ്യുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടു. എന്നാൽ അഗസ്റ്റിനെ പറ്റി വ്യക്തമായി ഒന്നും അറിയില്ലെന്ന് 17.05.2005-ന് വീണ്ടും പഞ്ചായത്ത് ഡയറക്ടറെ അറിയിച്ചു. അതിനു ശേഷം പഞ്ചായത്ത് ഡയറക്ടർ 10.11.2006-ലെ ഡി-61/3799/05 നമ്പർ കത്ത് പ്രകാരം അഗസ്റ്റിൻ മരണപ്പെട്ടതിനാൽ ടിയാന്റെ ബാധ്യത നിർണ്ണയിച്ച് ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടു. ഇക്കാര്യം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിക്കുകയുണ്ടായി. തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കിയതിന്റെ പുരോഗതി അറിയിക്കുവാൻ 09.02.2007-ൽ പഞ്ചായത്ത് ഡയറക്ടർ വീണ്ടും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ പഞ്ചായത്ത് സെക്രട്ടറി നൽകിയ മറുപടി അഗസ്റ്റിൻ ഈ ഓഫീസിൽ നിന്നും സ്ഥലം മാറി പോയി എന്ന വിവരമാണ്. പിന്നീട് 25.05.2010 വരെ ഈ വിഷയത്തിൽ തുടർ നടപടികളൊന്നും ആരും കൈക്കൊണ്ടില്ല.

2.17.9 വിശദീകരണ പത്രികയിൽ കാണിച്ച പ്രകാരം വി. എം. അഗസ്റ്റിനെതിരെ യഥാസമയം വകുപ്പുതല അച്ചടക്കനടപടി സ്വീകരിക്കാതിരുന്നതിന് ഉത്തരവാദികളായി കണ്ടെത്തിയ ഉദ്യോഗസ്ഥർ ശ്രീ. എൻ. സുരാജ്, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (08.09.2008-02.03.2009) കെ. സുരേഷ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (റിട്ട.) (02.03.2009 മുതൽ 5.3.09 വരെ) എൻ. സുരാജ് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (06.03.2009-01.06.2009) ജെ. റൂബി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (01.06.2009-

15.06.2009) കെ. സി. ജോസഫ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (16.06.2009-05.07.2009) കെ.സുരേഷ്, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (റിട്ട.) (06.07.09-31.03.2011) എന്നിവർ മേൽ കാണിച്ച കാലയളവിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതല വഹിച്ചവരായിരുന്നു.

2.17.10 അതുപോലെ വി. കെ. ഗോപിനാഥൻ, സീനിയർ സൂപ്രണ്ട് (26.05.2009 മുതൽ 07.06.2009 വരെ) പി. സി. സുരേന്ദ്രൻ നായർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (29.06.2010-31.03.2011) എന്നിവർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറുടെ ചുമതല വഹിച്ചവരായിരുന്നു.

2.17.11 ശ്രീ. എ. ഗോപകുമാർ, യു.ഡി.സി, എം. ആനന്ദ്, എച്ച്.സി. എന്നിവർ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ഇക്കാലയളവിൽ ജോലി ചെയ്തതായി കാണുന്നില്ല.

2.17.12 പഞ്ചായത്ത് ഡയറക്ടറുടെ 26.05.2010-ലെ ഡി6/3799/05 നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ അഗസ്റ്റിനെ കണ്ടെത്തുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ഈ വിഷയത്തിൽ നടപടിയൊന്നും സ്വീകരിച്ചില്ലെങ്കിൽ ആയതിന് ഉത്തരവാദികളായവരെ കണ്ടെത്തി 5 ദിവസത്തിനകം റിപ്പോർട്ട് ചെയ്യുവാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയതോടെയാണ് ബന്ധപ്പെട്ട വിഷയത്തിൽ തുടർനടപടികൾ വീണ്ടും ഉണ്ടായത്. പഞ്ചായത്ത് ഡയറക്ടർ 19.07.2010-ന് ഇക്കാര്യത്തിൽ ഓർമ്മക്കുറിപ്പ് അയച്ചു. എന്നാൽ ഈ വിഷയം സംബന്ധിച്ച് വ്യക്തമായ ഒരു മറുപടി പഞ്ചായത്ത് ഡയറക്ടർക്ക് നൽകുകയുണ്ടായില്ല. ഇക്കാരണത്താൽ അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായിരുന്ന കെ. സുരേഷ് എന്നവർക്ക് പഞ്ചായത്ത് ജോയിന്റ് ഡയറക്ടർ (അഡ്മിനിസ്ട്രേഷൻ & വിജിലൻസ്) ശ്രീ. അലക്സാണ്ടർ കെ. തോമസ് അർദ്ധ ഔദ്യോഗിക കത്ത് നൽകുകയുണ്ടായി. (ഡി6/3799/05 തീയതി 30.09.2010) അഗസ്റ്റിനെ സംബന്ധിച്ച വിഷയത്തിൽ നൽകിയ വിവരങ്ങൾ അപൂർണ്ണവും അവ്യക്തവുമായതിനാൽ സർക്കാരിന് യഥാസമയം റിപ്പോർട്ട് നൽകാൻ

സാധിക്കുന്നില്ലെന്നും ഇക്കാര്യത്തിൽ വ്യക്തിപരമായ ശ്രദ്ധ ഉണ്ടാവണമെന്നും അടിയന്തരമായും മേൽ വിഷയത്തിൽ സ്വീകരിച്ച നടപടികളുടെ വിവരം സമർപ്പിക്കണമെന്നും അറിയിക്കുകയുണ്ടായി.

2.17.13 ഇതിന് മറുപടിയായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 08.11.2010-ലെ എ 9/5607/08 നമ്പർ കത്ത് പ്രകാരം നൽകിയ മറുപടിയിൽ അഗസ്റ്റിനെക്കുറിച്ച് ഒന്നും അറിയുവാൻ കഴിഞ്ഞില്ലെന്ന് അന്നത്തെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. വി. റ്റി. കുര്യൻ നിയമസഭ സമിതിയെ അറിയിച്ചതിനെ തുടർന്ന് ടിയാനെ കണ്ടെത്തുന്നതിന് ബന്ധപ്പെട്ട ഫയലിൽ (എ 9/389/05) തുടർനടപടികളൊന്നും സ്വീകരിച്ചില്ലെന്നും ആയതിന് ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേര് വിവരവും അവർ ചുമതല വഹിച്ചിരുന്ന കാലയളവും (06.01.2005 മുതൽ കത്ത് അയക്കുന്ന തീയതി 08.11.2010 വരെയുള്ള പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെയും 01.10.2005 മുതൽ 08.11.2010 വരെയുള്ള പഞ്ചായത്ത്അസിസ്റ്റന്റ് ഡയറക്ടർമാരുടെയും)പഞ്ചായത്ത് ഡയറക്ടർക്ക് നൽകുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ വിരമിച്ച പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ശ്രീ. കെ. സുരേഷിനോട് ടിയാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറായി ജോലി ചെയ്തിരുന്ന കാലയളവിൽ (2.3.09 മുതൽ 05.03.2009 & 06.07.2009-31.03.2011) എന്തു കൊണ്ട് ബന്ധപ്പെട്ട ഫയലിൽ തുടർനടപടികൾ കൈക്കൊണ്ടില്ല എന്നതിന് 15 ദിവസത്തിനകം മറുപടി നൽകാൻ ആവശ്യപ്പെട്ടു എന്നാൽ കത്ത് കൈപ്പറ്റിയതല്ലാതെ ടിയാൻ ഇക്കാര്യത്തിൽ മറുപടിയൊന്നും നൽകിയതായി കാണുന്നില്ല.

2.17.14 അഗസ്റ്റിന്റെ ബാധ്യത അനന്തരാവകാശികളിൽ നിന്നും ഈടാക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറും, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും പഞ്ചായത്ത് സെക്രട്ടറിയും ചില എഴുത്തുകുത്തുകൾ നടത്തിയതല്ലാതെ പിന്നീട് മേൽ വിഷയത്തിൽ കാര്യമായ തുടർനടപടികളൊന്നും ഉണ്ടായിട്ടില്ലെന്ന് അറിയിക്കുന്നു.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

2.17.15 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിൽ പരാമർശ വിധേയനായ ശ്രീ. വി. എം. അഗസ്റ്റിന്റെ ബാധ്യത അനന്തരാവകാശികളിൽ നിന്നും ഈടാക്കുന്നതിന് ഉദ്യോഗസ്ഥരുടെ ഭാഗത്തു നിന്നുണ്ടായ അനാസ്ഥ സംബന്ധിച്ച് അന്വേഷിക്കണമെന്നും നിലവിലെ സ്ഥിതി അറിയിക്കണമെന്നും ആവശ്യപ്പെടാൻ തീരുമാനിച്ചു.

## തദ്ദേശസ്വയംഭരണ വകുപ്പ് അധിക വിവരത്തിന്മേൽ ഹാജരാക്കിയ മറുപടി

2.17.16 വി. എം. അഗസ്റ്റിന്റെ മരണശേഷം ഓഡിറ്റ് പരാമർശ തുക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ആയതിനെതിരെ ടിയാന്റെ ഭാര്യ ശ്രീമതി ഒ. ജെ. ആലീസ് ബഹു. ഹൈക്കോടതിയിൽ WP(C)43/09E പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളതും ബഹു. ഹൈക്കോടതി മറ്റൊരു ഉത്തരവ് വരെ റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. ടി കേസ് 23.11.2013-ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് മാറ്റി ഉത്തരവായിട്ടുള്ളതും ആയതിൽ അന്തിമ വിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ടെന്ന് ടി കേസ് അടിയന്തരമായി വാദം കേൾക്കുന്നതിനും വേണ്ട നടപടികൾ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ ശ്രീ. അഗസ്റ്റിനെതിരെ യഥാസമയം വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കാതിരുന്നതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ആവശ്യമായ നടപടി/ശിപാർശ സഹിതം സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്**

2.17.17 ബഹു. ഹൈക്കോടതിയിൽ നൽകിയ WP(c) 43/2009 നമ്പർ കേസ് തീർപ്പാക്കി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേക്ക് മാറ്റിയിട്ടുണ്ട് TA/104/2014 dated 18.11.2019 പ്രകാരം കേസ് തീർപ്പാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 95, 98, 109, 115**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

2.18.1 ശ്രീ. വി. എം. അഗസ്റ്റിൻ, അസിസ്റ്റന്റ് എഞ്ചിനീയർ 07.07.2006-ൽ മരണപ്പെട്ട സാഹചര്യത്തിൽ രാജീവ്ഗാന്ധി ബൈപാസ് റോഡ് അഭിവൃദ്ധിപ്പെടുത്തലുമായി ബന്ധപ്പെട്ട് അധികം ചെലവാക്കിയ ഇനത്തിൽ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ടം അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി-യിൽ നിന്നും അടിയന്തിരമായി ഈടാക്കുന്നതിനും അന്നത്തെ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സി. രവീന്ദ്രന്റെ പേരിൽ അടിയന്തിര വകുപ്പുതല നടപടികൾ സ്വീകരിക്കുന്നതിനും പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

2.18.2 മേൽപ്പറഞ്ഞ പ്രവൃത്തിയിലും കല്ലിന് അധികറില നൽകിയതിനുത്തരവാദി അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീ. വി. എം. അഗസ്റ്റിനാണെന്നതിനാൽ അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും തുക പലിശ സഹിതം ഈടാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2.18.3 ശ്രീ. വി. എം. അഗസ്റ്റിൻ അസിസ്റ്റന്റ് എഞ്ചിനീയർ 07.07.2006-ൽ മരണപ്പെട്ട സാഹചര്യത്തിൽ ബിൽഡിംഗ് ലൈസൻസ് ഫീസ് ഈടാക്കിയതിലെ കുറവുമൂലം സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിനുണ്ടായ 23,520/- രൂപയുടെ നഷ്ടവും അദ്ദേഹത്തിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും ഉത്തരവാദിയായ അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കാൻ

പഞ്ചായത്ത് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2.18.4 പഞ്ചായത്ത് നേരിട്ട് നടത്തിയ പൊതുമരാമത്ത് പണികളിലും അധിക നിരക്കിൽ കൂലി നൽകിയതിന് ഉത്തരവാദികളായവർ അന്നത്തെ എ.ഇ. ആയിരുന്ന ശ്രീ. വി. എം. അഗസ്റ്റിനും അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇപ്പോൾ റൂട്ട്സിന്റെ അക്കൗണ്ട്സ് ഓഫീസറുമായ ശ്രീ. സി. രവീന്ദ്രനുമാണെന്ന് അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ കൂലിയിനത്തിൽ അധിക നിരക്ക് നൽകിയ ഇനത്തിലുള്ള 9,980/- രൂപയും പടിപ്പുര എഴുച്ചാൽകുന്ന് റോഡ് പണിക്ക് ഉയർന്ന നിരക്ക് നൽകിയ ഇനത്തിലുള്ള 18,034/- രൂപയും ശ്രീ. അഗസ്റ്റിന്റെ ഡി.സി.ആർ.ജി.യിൽ നിന്നും (മറ്റു പരാമർശങ്ങളിൽ ഉൾപ്പെട്ട തുകകളോടൊപ്പം) ശ്രീ. സി. രവീന്ദ്രനിൽ നിന്നുമായി തിരിച്ച് പിടിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും തുക തിരിച്ചുപിടിച്ചത് സംബന്ധിച്ച വിശദവിവരങ്ങൾ ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.18.5 വി. എം. അഗസ്റ്റിന്റെ മരണശേഷം ഓഡിറ്റ് പരാമർശ തുക ഈടാക്കുവാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ആയതിനെതിരെ ടിയാന്റെ ഭാര്യ ശ്രീമതി ഒ.ജെ. ആലീസ് ബഹു. ഹൈക്കോടതിയിൽ WP(C)43/2009 പ്രകാരം കേസ് ഫയൽ ചെയ്തിട്ടുള്ളതും ബഹു. ഹൈക്കോടതി മറ്റൊരു ഉത്തരവ് വരെ റവന്യൂ റിക്കവറി നടപടികൾ സ്റ്റേ ചെയ്തിട്ടുള്ളതുമാണ്. ടി കേസ് 23.11.2013 ന് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് മാറ്റി ഉത്തരവായിട്ടുള്ളതും ആയതിൽ അന്തിമവിധി പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്. ടി കേസ് അടിയന്തരമായി വാദം കേൾക്കുന്നതിനു വേണ്ട നടപടികൾ അഡ്വക്കേറ്റ് ജനറലുമായി ബന്ധപ്പെട്ട് സ്വീകരിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

2.18.6 മറ്റൊരു നഷ്ടോത്തരവാദിയായ ശ്രീ. രവീന്ദ്രൻ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും പ്രസ്തുത തുക ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

**ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്**

2.18.7 ബഹു. ഹൈക്കോടതിയിൽ നൽകിയ WP(C)43/2009 നമ്പർ കേസ് തീർപ്പാക്കി അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിലേയ്ക്ക് മാറ്റിയിട്ടുണ്ട്. TA 104/2014 dated 18.11.2019 പ്രകാരം കേസ് തീർപ്പാക്കിയിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 101**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

2.19.1. വനിതാ ഗുണഭോക്താക്കൾക്കായുള്ള പ്രോജക്റ്റിൽ പുരുഷ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയതുമായി ബന്ധപ്പെട്ട് 2001-02 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ 33,600/- രൂപയുടെ അനധികൃത ചെലവ് സംബന്ധമായ പരാമർശം പരിശോധിക്കുന്നതിനായി വിശദീകരണം ആവശ്യപ്പെട്ട സമിതിക്ക്, 2002-03 വർഷത്തെ സമാഹൃത റിപ്പോർട്ടിലെ 11,200/- രൂപയുടെ ഓഡിറ്റ് തടസ്സം സർച്ചാർജ്ജിൽ നിന്ന് ഒഴിവാക്കിയെന്ന് മറുപടി നൽകി സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ തെറ്റിദ്ധരിപ്പിക്കുകയാണുണ്ടായത്. ഇങ്ങനെ സമിതിയെ തെറ്റിദ്ധരിപ്പിച്ച (സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04.01.2005-ലെ A3-967/04 നമ്പർ കത്തിലൂടെ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. കരട് റിപ്പോർട്ടിന്റെ വസ്തുതാ പരിശോധന നടത്തിയ ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ ഇക്കാര്യം ചൂണ്ടിക്കാട്ടാതിരുന്നത് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

സ്വീകരിച്ച നടപടി

2.19.2 നിയമസഭാ സമിതിയെ തെറ്റിദ്ധരിപ്പിച്ചതിന് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. വേണുഗോപാലനെതിരെ ഡി6.4605/08 നമ്പർ ഫയൽ പ്രകാരം പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിന്നും വകുപ്പുതല നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്.

ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.19.3 നിയമസഭാ സമിതിയെ തെറ്റിദ്ധരിപ്പിച്ചതിന് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കെതിരെ സ്വീകരിച്ച് വരുന്ന വകുപ്പുതല നടപടിയുടെ ഭാഗമായി ഡി6.4605/08(സി)/16.12.08 പ്രകാരം പഞ്ചായത്ത് ഡയറക്ടറുടെ കുറ്റാരോപണ പത്രിക പുറപ്പെടുവിച്ചതൊഴിച്ചാൽ തുടർ നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

സമിതി ആവശ്യപ്പെട്ട അധികവിവരം.

2.19.4 ഖണ്ഡിക 101-മായി ബന്ധപ്പെട്ട വിഷയം സംബന്ധിച്ച് സ്വീകരിച്ച വകുപ്പുതല നടപടി സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടാനും തീരുമാനിച്ചു.

തദ്ദേശസ്വയംഭരണ വകുപ്പ് ഹാജരാക്കിയ അധികവിവരം

2.19.5 സമിതി മുമ്പാകെ തെറ്റായ വിവരങ്ങൾ സമർപ്പിച്ച സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. കെ. സി. വേണുഗോപാലിന് 16.12.2008- ലെ ഡി 6- 4605 /08 (ബി) നമ്പർ കുറ്റപത്രം നൽകി ആരംഭിച്ച അച്ചടക്ക നടപടി, ശ്രീ. കെ. സി. വേണുഗോപാൽ മരണപ്പെട്ടതിനെ തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ 20.12.2012 ലെ ഡി1-4605/08 നമ്പർ ഉത്തരവ് പ്രകാരം അവസാനിപ്പിച്ചിട്ടുണ്ട് എന്ന വിവരം ബോധിപ്പിക്കുന്നു.

അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പ് ഹാജരാക്കിയ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.19.6 പഞ്ചായത്ത് ഡയറക്ടറുടെ 20.12.2012-ലെ ഡി1-4605/08 നമ്പർ ഉത്തരവ് പ്രകാരം ശ്രീ. കെ. സി. വേണുഗോപാലിനെതിരെയുള്ള അച്ചടക്ക

നടപടികൾ അവസാനിപ്പിച്ചത് സംബന്ധിച്ച് യാതൊരു രേഖകളും പഞ്ചായത്തിൽ ലഭ്യമല്ല രേഖാമൂലം ആവശ്യപ്പെട്ടുവെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ ഉത്തരവോ മറ്റു രേഖകളോ ഹാജരാക്കിയിട്ടില്ല എന്നും അറിയിച്ചുകൊള്ളുന്നു.

**ഖണ്ഡിക നമ്പർ 113**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

2.20.1 30.09.2024-ന് വിരമിച്ച ശ്രീ. റ്റി. കെ. വേലായുധനെതിരെയുള്ള ഓഡിറ്റ് പരാമർശങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള ബാധ്യതകൾ കണക്കിലെടുക്കാതെ ബാധ്യതാരഹിത സാക്ഷ്യപത്രം നൽകിയ നടപടി വളരെ ഗുരുതരമായ വീഴ്ചയാണ്. എന്നിരുന്നാലും ആദ്യം നൽകിയ ബാധ്യതാരഹിത സാക്ഷ്യപത്രം മരവിപ്പിച്ച് ബാധ്യതാ സാക്ഷ്യപത്രം നൽകുന്നതിനും തുക തിരിച്ചുപിടിക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ റവന്യൂ റിക്കവറി വഴി പരാമർശ വിധേയമായ 24,596/- രൂപ തിരിച്ചുപിടിക്കാൻ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.20.2 24,596/- രൂപ സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിന്റെ വി.പി.എഫ്.എ.1 അക്കൗണ്ടിൽ 26.02.2008-ൽ വരവ് വന്നിട്ടുണ്ട്.

**ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.20.3 ശ്രീ. ടി. കെ. വേലായുധനിൽ നിന്നും ഈടാക്കുന്നതിന് സമിതി നിർദ്ദേശിച്ച 24,596/- രൂപ വി.പി.എഫ്.എ.1 (പി.ഡി.കോസ് 281/1) അക്കൗണ്ടിൽ 26.02.2008-ൽ വരവ് വന്നു എന്നാണ് സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് അറിയിച്ചിരിക്കുന്നത്. എന്നാൽ അതേ ദിവസം ചെലാൻ നമ്പർ 188/26.02.2008 പ്രകാരം 26,895/- രൂപയാണ് പ്രസ്തുത അക്കൗണ്ടിൽ അടവ് വന്നതായി കാണുന്നത് ഈ തുകയിൽ ശ്രീ. ടി. കെ. വേലായുധനിൽ നിന്നും ഈടാക്കുന്നതിനായി സമിതി നിർദ്ദേശിച്ച 24,596/- രൂപ ഉൾപ്പെട്ടിട്ടുണ്ടോ എന്നത് സംബന്ധിച്ച് വിശദീകരണമോ, രേഖകളോ പ്രാദേശിക പരിശോധനയിൽ ഹാജരാക്കുന്നതിനും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും സാധിച്ചിട്ടില്ല. ആയതിനാൽ

ശ്രീ. ടി. കെ. വേലായുധനിൽ നിന്നും 24,596/- രൂപ ഈടാക്കിയെന്ന പഞ്ചായത്തിന്റെ വാദത്തിൽ കൃത്യമായ പരിശോധന സാധ്യമായിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

2.20.4 സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിന്റെ വി.പി.എഫ്.എ.1 (പി.ഡി.കോസ് 281/1) അക്കൗണ്ടിൽ 26.02.2008-ൽ വരവ് വന്നിരിക്കുന്നതായി പറയുന്ന തുകയിൽ ശ്രീ. ടി. കെ. വേലായുധനിൽ നിന്ന് ഈടാക്കേണ്ട 24,596/- രൂപ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ സമിതി നിർദ്ദേശിച്ചു.

**സർക്കാർ ലഭ്യമാക്കിയ മറുപടി**

2.20.5 സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്തിന്റെ വി.പി.എഫ്.എ.1 (പി.ഡി.കോസ് 281/1) അക്കൗണ്ടിൽ 26.02.2008-ൽ വരവ് വന്ന തുക ശ്രീ. ടി. കെ. വേലായുധൻ ചെലാൻ നമ്പർ 188/26.02.2008 പ്രകാരം സബ് ട്രഷറി ബത്തേരിയിൽ അടച്ചതാണ്. ഈ തുകയിൽ 24,596/- രൂപ ഉൾപ്പെട്ടിട്ടുണ്ട്.

**ഖണ്ഡിക നമ്പർ 120, 121**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

2.21.1 കാണാതായ രണ്ട് ടെലിവിഷൻ സെറ്റുകളുടെ വില കണക്കാക്കി ആയത് അന്നത്തെ പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. കെ. എം. വർഗ്ഗീസിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2.21.2അതുപോലെ തന്നെ 1997-98 കാലയളവിലെ പ്ലാൻ ഫണ്ടിൽപ്പെടുത്തി (ടി.എസ്.പി.സെക്ടർ) ടെലിവിഷൻ സെറ്റ് വാങ്ങുന്നതിനായി 2,53,750/- രൂപ വകയിരുത്തിയതിൽ 1,25,076/- രൂപയ്ക്ക് 7 ടെലിവിഷൻ സെറ്റുകൾ മാത്രമേ വാങ്ങിയിട്ടുള്ളൂവെന്നതിനാൽ ബാക്കി തുകയായ 1,28,674/- രൂപ ലാപ്സാവുകയും അടുത്ത വർഷത്തെ പദ്ധതിവിഹിതത്തിൽ

റ്റി.എസ്.പി. സെക്ടറിൽ അത്രയും തുക കുറച്ചാണ് അനുവദിച്ചതെന്നും വിശദീകരണം നൽകിയിട്ടുള്ളതിനാൽ ഇക്കാര്യത്തിൽ വയനാട് പ്ലാനിംഗ് ഓഫീസറിൽ നിന്ന് ഇക്കാര്യത്തിലുള്ള വിശദീകരണം വാങ്ങി സമിതിക്ക് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.21.3 കാണാതായ ടെലിവിഷൻ സൈറ്റുകളുടെ വിലയായ 36,022/-രൂപ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ.കെ.എം.വർഗ്ഗീസിൽ നിന്ന് റവന്യൂ റിക്കവറി മുഖേന ഈടാക്കാൻ 26.04.2008-ന് എ 2-1075/07 നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് അപേക്ഷ സർപ്പിച്ചിട്ടുണ്ട്. 19.06.2008-ലെ സി4-13306/08 നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ കളക്ടർ വൈത്തിരി തഹസിൽദാർക്ക് നിർദേശം നൽകിയിട്ടുണ്ട്.

2.21.4 പ്രസ്തുത കാലയളവിൽ ഗ്രാമപഞ്ചായത്തുകൾക്ക് ഫണ്ട് അനുവദിക്കുന്നതുമായി പ്ലാനിംഗ് ഓഫീസ് നേരിട്ട് ബന്ധപ്പെട്ടിട്ടില്ലാത്തതിനാൽ മേൽവിഷയം സംബന്ധിച്ച വിശദവിവരം ആ ആഫീസിൽ ലഭ്യമല്ല എന്ന് വയനാട് ജില്ലാ പ്ലാനിംഗ് ഓഫീസർ 05.02.2008-ലെ 572/07/ഡിപിസി/ഡിപിഒ വയനാട് നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.21.5. കാണാതായ 2 ടെലിവിഷൻ സൈറ്റുകളുടെ വിലയായ 36,022/- രൂപ ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. കെ. എം. വർഗ്ഗീസിൽ നിന്നും ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനും എ 2. 1075/07-06.04.2008 നമ്പർ കത്ത് മുഖേന വയനാട് ജില്ലാ കളക്ടറോട് ശിപാർശ ചെയ്തിട്ടുണ്ട് ഇതിൻ പ്രകാരം വയനാട് ജില്ലാ കളക്ടർ സി4 13306/08-19608 നമ്പർ ഉത്തരവ് പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് വൈത്തിരി തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ റവന്യൂ റിക്കവറി നടപടികൾക്കെതിരെ കേരള ഹൈക്കോടതിയിൽ കേസ് നടന്നുവരികയാണ്. ടിയാനെതിരെയുള്ള റവന്യൂ

റിക്കവറി നടപടികൾ ഡബ്ല്യൂ. പി. സി. നമ്പർ 25426/08 ബി-25.08.2008 പ്രകാരം ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

2.21.6 പദ്ധതി വിഹിതത്തിൽ തുക കുറച്ച് അനുവദിച്ചത് സംബന്ധിച്ച് പ്ലാനിംഗ് ഓഫീസറിൽ നിന്നും വിശദീകരണം വാങ്ങി ലഭ്യമാക്കണമെന്ന സമിതി നിർദ്ദേശ പ്രകാരമുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ എ 2-1075/07-13807 നമ്പർ കത്തിന് ടി കാലയളവിൽ ഗ്രാമപഞ്ചായത്തിന് ഫണ്ട് അനുവദിക്കുന്നതിന് ജില്ലാ പ്ലാനിംഗ് ഓഫീസ് നേരിട്ട് ബന്ധപ്പെട്ടിട്ടില്ല എന്നും ആയതിനാൽ ഈ വിഷയം സംബന്ധിച്ച വിവരം ടി ഓഫീസിൽ ലഭ്യമല്ല എന്ന മറുപടിയാണ് 572/07/ഡിപിഡി/ഡിപിഒ. വയനാട് 05.02.2008-ലെ കത്ത് പ്രകാരം മറുപടി നൽകിയതായി കാണുന്നത്.

## സമിതി ആവശ്യപ്പെടുന്ന അധികവിവരം

2.21.7 കാണാതായ 2 ടെലിവിഷൻ സെറ്റുകളുടെ വിലയായ 36,022/- രൂപ പൂതാടി ഗ്രാമപഞ്ചായത്ത് ബന്ധപ്പെട്ട ശ്രീ. കെ. എം. വർഗ്ഗീസിൽ നിന്ന് ഈടാക്കുന്നതിനുള്ള റവന്യൂ റിക്കവറി നടപടികൾക്കെതിരെ ഹൈക്കോടതിയിൽ നിലവിലുള്ള കേസിന്റെ ഇപ്പോഴത്തെ സ്ഥിതി അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

## തദ്ദേശസ്വയംഭരണവകുപ്പിൽ നിന്നുള്ള അധികവിവരങ്ങൾ

2.21.8. പൂതാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. കെ. എം. വർഗ്ഗീസ് റവന്യൂ റിക്കവറി നടപടികൾക്കെതിരായി ബഹു. കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത W.P(C).No. 254226/2008 നമ്പർ ഹർജി 03.12.2010-ൽ പരാതിക്കാരന് അനുകൂലമായി തീർപ്പാക്കിയിട്ടുണ്ട് എന്ന വിവരം നിയമസഭാ സമിതിയുടെ ശ്രദ്ധയിൽപ്പെടുന്നു.

### അധികവിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.21.9. റവന്യൂ റിക്കവറി നടപടികൾക്കെതിരെ ശ്രീ. കെ. എം. വർഗ്ഗീസ് ഫയൽ ചെയ്ത W.P(C).No.254226/2008 നമ്പർ കേസിൽ 03.12.2010-ൽ ടിയാനെ റവന്യൂ റിക്കവറിയിൽ നിന്നും ഒഴിവാക്കി വിധിയായിട്ടുള്ളതാണ്.

### ഖണ്ഡിക നമ്പർ 127

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.22.1. പക്കാളിപള്ളം ശുദ്ധജല വിതരണ പദ്ധതി പ്രവൃത്തിയിൽ ഗ്രാമപഞ്ചായത്തിൽ നിന്ന് അധികം കൈപ്പറ്റിയ തുക തിരിച്ച് നൽകുന്നതിനെതിരെ പ്രവൃത്തിയുടെ കൺവീനർ ഓംബുഡ്സ്മാനെ സമീപിക്കുകയും കൺവീനറുടെ പരാതി രണ്ടുതവണ ഓംബുഡ്സ്മാൻ തള്ളുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഈ പ്രവൃത്തിയുമായി ബന്ധപ്പെട്ട കൺവീനറിൽ നിന്ന് തിരിച്ച് പിടിക്കാനുള്ള തുക തിരിച്ചുപിടിക്കുന്നതിനായി റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടി ഗ്രാമപഞ്ചായത്ത് സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.22.2. റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് 18.1.2008-ലെ ജെ.എ.463/97 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.22.3. പക്കാളിപള്ളം ശുദ്ധജല വിതരണ പദ്ധതി പ്രവൃത്തിയിൽ ഗ്രാമപ ഞ്ചായത്തിൽ അധികം തുക കൈപ്പറ്റിയ കൺവീനറായ ശ്രീ. പി. ആർ. അഗസ്റ്റിനിൽ നിന്നും ആർ. ആർ. നടപടികളിലൂടെ ഈടാക്കുന്നതിനുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ (നം. ജെ. എ 463/97 തീയതി 18.01.2008) ബഹു. ജില്ലാ കളക്ടർക്ക്

സമർപ്പിക്കുകയും റവന്യൂ റിക്കവറി റിക്വസിഷൻ ഫയൽ ചെയ്തെങ്കിലും ശ്രീ. പി. ആർ. അഗസ്റ്റിൻ കൽപ്പറ്റ മുനിസിഫ് കോടതിയിൽ ആർ. ആർ. നടപടിക്കെതിരെ കേസ് ഫയൽ ചെയ്തിരിക്കുകയാണ് (ഒ.എസ്. 75/09 ഐ. എ. 300/09).

**സമിതി ആവശ്യപ്പെട്ട അധികവിവരം**

2.22.4. പക്കാളിപള്ളം ശുദ്ധജല വിതരണ പദ്ധതി കൺവീനറായ ശ്രീ. പി. ആർ. അഗസ്റ്റിൻ, കൽപ്പറ്റ മുനിസിഫ് കോടതിയിൽ ആർ. ആർ. നടപടിക്കെതിരെ നൽകിയ കേസിന്റെ ഇപ്പോഴത്തെ സ്ഥിതി ആരായുന്നതിന് തീരുമാനിച്ചു.

**തദ്ദേശസ്വയംഭരണ വകുപ്പ് ഹാജരാക്കിയ അധിക വിവരം**

2.22.5 ജനകീയാസൂത്രണ പദ്ധതി 1997-98 ൽ ഉൾപ്പെട്ടിരുന്ന ശുദ്ധജല വിതരണ പദ്ധതി പ്രവൃത്തി കൺവീനറായിരുന്ന ശ്രീ. പി. ആർ. അഗസ്റ്റിൻ അധികമായി കൈപ്പറ്റിയ 30105/- രൂപ തിരിച്ചു പിടിക്കണമെന്ന ഓഡിറ്റ് പരാമർശ പ്രകാരം ശ്രീ. അഗസ്റ്റിനെതിരെ 18.01.2008-ാം തീയതി റവന്യൂ റിക്കവറി നടപടി സ്വീകരിച്ചെങ്കിലും ടിയാൻ ബഹു. കൽപ്പറ്റ മുൻസിഫ് കോടതിയിൽ നിന്നും റവന്യൂ റിക്കവറിക്കെതിരെ വിധി നേടി. ഈ വിധിക്കെതിരെ അപ്പീൽ നൽകാനായി നിയമോപദേശം തേടിയതിൽ അപ്പീലിന് സാധ്യത ഇല്ലെന്ന് അഭിഭാഷകൻ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഈ കേസിൽ അപ്പീൽ നൽകേണ്ടെന്ന് പഞ്ചായത്ത് തീരുമാനിച്ചിരുന്നു. ആയതിനാൽ അപ്പീൽ നൽകിയിട്ടില്ല.

**അധികവിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്**

2.22.6. പക്കാളിപ്പള്ളം ശുദ്ധജല വിതരണ പദ്ധതി പ്രവൃത്തി കൺവീനറായിരുന്ന പി. ആർ. അഗസ്റ്റിനിൽ നിന്നും അധികം കൈപ്പറ്റിയ തുക ഈടാക്കാൻ 18.01.2008-ന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു. റവന്യൂ റിക്കവറി നടപടികൾക്കെതിരെ ശ്രീ. അഗസ്റ്റിൻ കൽപ്പറ്റ മുൻസിഫ് കോടതിയിൽ ഒ.എസ്. 75/09 കേസ് ഫയൽ ചെയ്തു. 29.01.2010-ന് കേസ് വിധിയായി. കേരള

റവന്യൂ റിക്കവറി ആക്ട് പ്രകാരവും കാലഹരണ നിയമ പ്രകാരവും റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ട സമയത്തിന് ശേഷം സ്വീകരിച്ച റിക്കവറി റവന്യൂ നടപടികൾ നിയമപ്രകാരമല്ലായെന്ന് വിധിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. പി. ആർ. അഗസ്റ്റിന് അനുകൂലമായി പെർമനന്റ് പ്രൊഹിബിറ്ററി ഇഞ്ചക്ഷൻ ഉത്തരവ് നൽകി. പഞ്ചായത്തിന് വേണ്ടി ഹാജരായ നിയമോപദേശ അഭിഭാഷകൻ നൽകിയ നിയമോപദേശ പ്രകാരം അപ്പീലിന് സാധ്യതയില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അപ്പീൽ നൽകേണ്ട എന്ന് 22.02.2010-ന് ഭരണസമിതി 47(2)/10 പ്രകാരം തീരുമാനിച്ചിട്ടുണ്ട് എന്ന് അറിയിച്ചുകൊള്ളുന്നു.

**ഖണ്ഡിക നമ്പർ 133**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

2.23.1. സൂര്യ റാന്തലുകളും സ്ട്രീറ്റ് ലൈറ്റുകളും വാങ്ങിയതുമായി ബന്ധപ്പെട്ട് പഞ്ചായത്തിനുണ്ടായ നഷ്ടം അന്നത്തെ ഗ്രാമപഞ്ചായത്ത് സമിതിയംഗങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നിവരിൽ നിന്നുമായി ഈടാക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.23.2. ഗ്രാമപഞ്ചായത്ത് 23 സൂര്യ റാന്തലുകൾ അനർട്ടിൽ നിന്നും വാങ്ങാതെ സ്വകാര്യസ്ഥാപനത്തിൽ നിന്ന് വാങ്ങിയതുവഴി ഗ്രാമപഞ്ചായത്തിനുണ്ടായ നഷ്ട തുക 57,200/- രൂപയും 15,363/-രൂപ പലിശ ഇനത്തിലും കൂടി ആകെ 72,562/- രൂപ ഉത്തരവാദിയായവരിൽ നിന്നും താഴെപ്പറയുന്ന രസീതുകൾ പ്രകാരം ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടുണ്ടെന്ന് ബോധിപ്പിക്കുന്നു.

| രസീത് നമ്പർ | തീയതി | തുക |
|---|---|---|
| 61697/39 | 02.02.2010 | 3575/- |
| 61697/44 | 02.02.2010 | 3575/- |

| | | |
|---|---|---|
| 61697/50 | 02.02.2010 | 1500/- |
| 61697/61 | 03.02.2010 | 1500/- |
| 61697/71 | 03.02.2010 | 3575/- |
| 61697/90 | 05.02.2010 | 3575/- |
| 61726/24 | 23.04.2010 | 2000/- |
| 61726/29 | 23.04.2010 | 1500/- |
| 61726/37 | 26.04.2010 | 3575/- |
| 61732/66 | 24.05.2010 | 3575/- |
| 61735/66 | 15.07.2010 | 1575/- |
| 61735/73 | 16.07.2010 | 950/- |
| 61738/12 | 04.08.2010 | 3575/- |
| 61738/36 | 05.08.2010 | 4185/- |
| 61739/61 | 13.08.2010 | 570/- |
| 61740/48 | 20.08.2010 | 8782/- |
| 61742/77 | 06.09.2010 | 2500/- |
| 61744/54 | 16.09.2010 | 570/- |
| 61747/12 | 23.09.2010 | 5234/- |
| 61748/83 | 30.09.2010 | 5300/- |
| 37852/04 | 04.10.2010 | 470/- |
| 37852/66 | 26.10.2010 | 2075/- |
| 37854/43 | 11.11.2010 | 470/- |
| 37856/58 | 01.12.2010 | 4781/- |
| 37874/04 | 12.01.2011 | 3575/- |
| **ആകെ** | | **72,562/-** |

**ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.23.3 23 സൂര്യ റാന്തലുകൾ വാങ്ങിയതിൽ പഞ്ചായത്തിനുണ്ടായ നഷ്ടവും പലിശയും സഹിതം ചുവടെ വിവരിച്ച രസീതുകൾ പ്രകാരം പിരിച്ചെടുക്കുകയും

പഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 360, ജില്ലാ സഹകരണ ബാങ്ക്, മേപ്പാടി ശാഖ) അടവ് വന്നിട്ടുണ്ടെന്ന വിവരം ബോധിപ്പിക്കുന്നു.

| രസീതുനമ്പർ | തീയതി | തുക |
|---|---|---|
| 61697/39 | 02.02.2010 | 3575/- |
| 61697/44 | 02.02.2010 | 3575/- |
| 61697/50 | 02.02.2010 | 1500/- |
| 61697/61 | 03.02.2010 | 1500/- |
| 61697/71 | 03.02.2010 | 3575/- |
| 61697/90 | 05.02.2010 | 3575/- |
| 61726/24 | 23.04.2010 | 2000/- |
| 61726/29 | 23.04.2010 | 1500/- |
| 61726/37 | 26.04.2010 | 3575/- |
| 61732/66 | 24.06.2010 | 3575/- |
| 61735/66 | 15.07.2010 | 1575/- |
| 61735/73 | 16.07.2010 | 950/- |
| 61738/12 | 04.08.2010 | 3575/- |
| 61738/36 | 05.08.2010 | 4185/- |
| 61739/61 | 13.08.2010 | 570/- |
| 61740/48 | 20.08.2010 | 8782/- |
| 61742/77 | 06.09.2010 | 2500/- |
| 61744/54 | 16.09.2010 | 570/- |
| 61747/12 | 23.09.2010 | 5234/- |
| 61748/83 | 30.09.2010 | 5300/- |
| 37852/04 | 14.10.2010 | 470/- |
| 37852/66 | 26.10.2010 | 2075/- |
| 37854/43 | 11.11.2010 | 470/- |
| 37856/58 | 01.12.2010 | 4781/- |
| 37874/04 | 12.01.2011 | 3575/- |
| | ആകെ | **72562/-** |

## ഖണ്ഡിക നമ്പർ - 137
## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.24.1 മൂന്ന് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ഗോപിനാഥനെതിരെ സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുണ്ടെന്ന് വയനാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകിയെന്ന പരാമർശത്തിലെ തുകയും ഉൾപ്പെടുന്നുണ്ടോയെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ വിശദമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.24.2 വൈത്തിരി ഗ്രാമപഞ്ചായത്തിന്റെ 1998-99 ഓഡിറ്റ് റിപ്പോർട്ടിലെ എസ്റ്റിമേറ്റ് നിരക്കിൽ കൂടുതൽ തുക നൽകി എന്ന പരാമർശത്തിന് ഉത്തരവാദിയായ ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കുന്നതിന് 07.10.2003-ൽ എൽ. എഫ്.821/സ്പെ.സെൽ/എസ്. സി.6/03-ാം നമ്പർ സർചാർജ്ജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടെന്ന വിവരം അറിയിച്ചുകൊള്ളുന്നു.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

2.24.3 എസ്റ്റിമേറ്റ് നിരക്കിൽ കൂടുതൽ തുക നൽകി എന്ന പരാമർശത്തിന് ഉത്തരവാദിയായ ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്ന് നഷ്ടം ഈടാക്കിയതിന്റെ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പിൽ നിന്ന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു

## തദ്ദേശസ്വയംഭരണ വകുപ്പ് ഹാജരാക്കിയ അധിക വിവരം

2.24.4 മൂന്ന് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. ഗോപിനാഥനെതിരെ 07.10.2003-ലെ എൽ.എഫ്.821/സ്പെ.സെൽ/എസ്.സി.6)2003-ാം നമ്പറായി സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതും 'എസ്റ്റിമേറ്റ് നിരക്കിനേക്കാൾ കൂടിയ നിരക്കിൽ തുക നൽകി' എന്ന പരാമർശത്തിൽ വ്യക്തമായ നഷ്ടം പരാമർശിച്ചിട്ടില്ല. മേൽ ഖണ്ഡികയെ സംബന്ധിച്ച വിശദാംശങ്ങൾ ആണ് 6-ാമത് റിപ്പോർട്ട് ഖണ്ഡിക 142, 146, 150 എന്നിവയായി ചേർത്തിട്ടുള്ളതെന്ന് അറിയിക്കുന്നു.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

2.24.5 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിൽ പരാമർശവിധേയനായ ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്നും ബാക്കി തുക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.24.6 ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ 4,214/- രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

## ഖണ്ഡിക നമ്പർ 142, 146, 150

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.25.1 പരാമർശ വിധേയനായ അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. കെ. ഗോപിനാഥനെതിരെ 6578/- രൂപയുടെ സർചാർജ്ജ് സർട്ടിഫിക്കറ്റ് 07.10.2003-ന് ഇഷ്യൂ ചെയ്ത് മൂന്ന് വർഷത്തോളമായിട്ടും തുക ഈടാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്ന് പ്രസ്തുത തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2.25.2 വട്ടപ്പാറ -ആനക്കുഴി റോഡ്-മണ്ണ് സംരക്ഷണ പ്രവൃത്തിക്കും അധികം നൽകിയ 7157/-രൂപ അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്ന് (ഇപ്പോൾ മാനന്തവാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി) തിരിച്ചുപിടിക്കുന്നതിന് സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച് 3 വർഷം കഴിഞ്ഞ സ്ഥിതിക്ക് പ്രസ്തുത തുക ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്ന് അടിയന്തരമായി ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

2.25.3 ചുണ്ടയിൽ വട്ടക്കുന്ന് ആദിവാസി കോളനി റോഡ് അഭിവൃദ്ധിപ്പെടുത്തുന്ന പ്രവൃത്തിയിൽ അധിക നിരക്ക് നൽകിയ ഇനത്തിലുള്ള

4581/-രൂപ അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും ഇപ്പോൾ മാനന്തവാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുമായ ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്ന് ഈടാക്കാൻ 07.10.2003-ന് സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച് 3 വർഷത്തോളമായെങ്കിലും ഈ തുക ഈടാക്കാതിരിക്കുന്നത് പഞ്ചായത്ത് ഡയറക്ടറുടെയും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെയും ഭാഗത്തുനിന്നുള്ള വീഴ്ചയാണ് കാണിക്കുന്നത്. ആയതിനാൽ മേൽ പരാമർശവുമായി ബന്ധപ്പെട്ട 4581/-രൂപ ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്ന് ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച മറുപടി**

2.25.4 റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് 19.04.2008-ലെ എ 1-1374/07 നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19.06.2008-ലെ സി4-13632/08 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ റവന്യൂ റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും തുക ഈടാക്കാൻ വൈത്തിരി തഹസിൽദാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം നാളിതുവരെ ആകെ 1100/-രൂപ വസൂലാക്കി വൈത്തിരി ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി 27.03.2009-ലെ എ 1-1374/09 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2.25.5 റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് 19.04.2008-ലെ എ 1-1374/07 നമ്പർ കത്ത് പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19.06.2008-ലെ സി4-13632/08 നമ്പർ ഉത്തരവ് പ്രകാരം ജില്ലാ കളക്ടർ റവന്യൂ റിക്കവറി സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും തുക ഈടാക്കാൻ വൈത്തിരി തഹസിൽദാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികൾ നടന്നു വരികയാണ് എന്ന് ബോധിപ്പിക്കുന്നു.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.25.6 പരാമർശത്തിന് വിധേയനായ അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്നും 6578/- രൂപയുടെ റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനുള്ള അപേക്ഷ (നം.1374/07-19.08.2008) ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തു ആയതിന്റെ അടിസ്ഥാനത്തിൽ വൈത്തിരി തഹസീൽദാരുടെ നിർദ്ദേശാനുസരണം ഒടുക്കിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഒടുക്കിയ തുക | ഡി.ഡി. നമ്പർ/ തീയതി |
|---|---|---|
| 1 | 1100/-രൂപ | 996116 - 17.10.2008 |
| 2 | 4214/-രൂപ | 297591 - 25.04.2009 |
| **ആകെ** | **5314/-രൂപ** | (1264/-രൂപ ഈടാക്കാൻ ബാക്കിയുണ്ട്) |

2.25.7 വട്ടപ്പാറ - ആനക്കുഴി റോഡ് സംരക്ഷണ പ്രവൃത്തിക്ക് അധികം നൽകിയ തുക 7157/-രൂപ അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനുള്ള അപേക്ഷ (നം. 1374/07-19.04.2009) ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

2.25.8 ചുണ്ടയിൽ വട്ടക്കുന്ന് ആദിവാസി കോളനി റോഡ് അഭിവൃദ്ധി അധികം നൽകിയ തുക അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിനുള്ള അപേക്ഷ(നം. 1374/07-19.04.2009) ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

### സമിതി ആവശ്യപ്പെട്ട അധിക വിവരം

2.25.9 സർചാർജ്ജ് തുക പരാമർശ വിധേയനായ ശ്രീ. വി. കെ. ഗോപിനാഥന്റെ ശമ്പളത്തിൽ നിന്നോ പെൻഷനിൽ നിന്നോ ഈടാക്കുന്നതിന് പകരം റവന്യൂ റിക്കവറി നടപടി സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് അറിയിക്കാൻ പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുന്നതിനും ഈടാക്കാനുള്ള ബാക്കി തുക കൂടി എത്രയും വേഗം ഈടാക്കണമെന്നും സമിതി നിർദ്ദേശിച്ചു.

### സൂക്ഷ്മ പരിശോധനാ കുറിപ്പ്

2.25.10 6578, 7157, 4681 (ആകെ 18416 രൂപ) എന്നീ തുകകൾ ഈടാക്കുന്നതിന് 19.06.2008-ന് ശ്രീ. പി. കെ. ഗോപിനാഥനെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചു. 17.11.2009-ന് ശമ്പള റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ സമിതി നിർദ്ദേശിച്ചെങ്കിലും റവന്യൂ റിക്കവറി നടപടി ആരംഭിച്ചതിനാൽ ആയത് തുടർന്നു എന്നാണ് വിശദീകരിച്ചത് 11217 രൂപ തിരിച്ചടച്ചിട്ടുണ്ട്. ബാക്കി തുക 7199 രൂപ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല.

### സമിതി ആവശ്യപ്പെട്ട അധികവിവരം

2.25.11 പ്രസ്തുത ഖണ്ഡികയിലെ ശിപാർശയിന്മേൽ പരാമർശിച്ചിട്ടുള്ള ശ്രീ. പി. കെ. ഗോപിനാഥനിൽ നിന്നും ബാക്കി തുകയായ 7199 രൂപ ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

### തദ്ദേശസ്വയംഭരണ വകുപ്പ് ഹാജരാക്കിയ അധികവിവരം

2.25.12 നഷ്ടോത്തരവാദിയായ ശ്രീ. വി. കെ. ഗോപിനാഥനിൽ നിന്നും 6578/- + 7157/- + 4581/- = 18,316/- രൂപ 18% പലിശ ഈടാക്കി ആകെ 92,160/- രൂപ മേൽ ഖണ്ഡികകളിൽ യഥാക്രമം ഈടാക്കി 16.12.2013 തീയതിയിൽ 11301400038 & 11301400039 നമ്പർ രസീതുകളിലായി ഗ്രാമപഞ്ചായത്തിൽ അടവ് വരുത്തിയിട്ടുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

### അധിക വിവരത്തിന്മേലുള്ള സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.25.13 ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് റിക്കവറി രജിസ്റ്ററിൽ 92,160/- രൂപയുടെ വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

### ഖണ്ഡിക നമ്പർ - 159
### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.26.1 വീട് വയറിംഗുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളുമുണ്ടെന്നും അവ യഥാസമയം ഓഡിറ്റിന് നൽകാതിരുന്നതുമൂലമാണ് പരാമർശമുണ്ടായതെന്നും വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) ശ്രീ. സി. പി. ദേവസ്യ 12.01.2005-ന് സമിതി മുമ്പാകെ വ്യക്തമാക്കുകയും ആയത് വയനാട് ലോക്കൽ ഫണ്ട് ഓഡിറ്റ് മുമ്പാകെ ഹാജരാക്കാൻ രണ്ടാഴ്ച സമയം നൽകി ഒരു വർഷം കഴിഞ്ഞിട്ടും ബന്ധപ്പെട്ട ഫയലുകളും രേഖകളും ഹാജരാക്കിയിട്ടില്ലെന്ന് വയനാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ വീട് വയറിംഗ് പദ്ധതിയിൽ അധികം ചെലവഴിച്ച തുക അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കേശവനിൽ നിന്നും ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.26.2 റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് 19.04.08-ലെ എ 1-1374/07 നമ്പർ കത്ത് പ്രകാരം വയനായ് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.26.3 വീട് വയറിംഗുമായി ബന്ധപ്പെട്ട ഫയലുകളും, രേഖകളും യഥാസമയം ഓഡിറ്റിന് നൽകാതിരുന്നതുമൂലമുള്ള നഷ്ടം അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കേശവനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കാൻ

പഞ്ചായത്തിൽ നിന്നും ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിക്കുകയും (നം. എ1 1374/07-19.4.08) റവന്യൂ റിക്കവറി നടപടികൾ ആരംഭിക്കുകയും ഉണ്ടായി. ഇതിനെതിരെ ശ്രീ. പി. കേശവൻ ഹൈക്കോടതിയെ സമീപിക്കുകയും (ഡബ്ല്യു.പി.സി. 4668/09) പരാതി പരിഗണിച്ച് ഹൈക്കോടതി ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറോട് പുതിയ സർചാർജ് നോട്ടീസ് നൽകുന്നതിനും നോട്ടീസ് ലഭിച്ച് കഴിഞ്ഞാൽ ജില്ലാ കോടതിയിൽ അപ്പീൽ ചെയ്യുന്നതിന് നിർദ്ദേശിച്ചതനുസരിച്ച് ടിയാൻ കേസ് ഫയൽ ചെയ്തിട്ടുണ്ട്. (ഒ.പി. 32/09).

**സമിതി ആവശ്യപ്പെട്ട അധികവിവരം**

2.26.4 വീട് വയറിംഗുമായി ബന്ധപ്പെട്ട ഫയലുകളും രേഖകളും ഓഡിറ്റിന് നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്നും, പരാമർശ വിധേയനായ സെക്രട്ടറി ശ്രീ. പി. കേശവന്റെ ശമ്പളത്തിൽ നിന്നോ, പെൻഷനിൽ നിന്നോ തുക ഈടാക്കുന്നതിന് പകരം റവന്യൂ റിക്കവറി നടപടിക്ക് പോയതെന്തിനാണെന്നും, ഇത് സംബന്ധിച്ച കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനോട് ആവശ്യപ്പെടുന്നതിന് തീരുമാനിച്ചു

**അധിക വിവരത്തിന്മേൽ ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്**

2.26.5 സാധാരണഗതിയിലുള്ള നിയമനടപടി എന്ന നിലയിലാണ് 40,750/- രൂപ ഈടാക്കുന്നതിന് ശ്രീ. പി. കേശവനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചത് എന്ന് നിലവിലെ സെക്രട്ടറി വിശദീകരിച്ചിട്ടുണ്ട്. 20.05.09-ന് ഫയൽ ചെയ്ത 32/09 നമ്പർ കേസ് ഇതുവരെ തീർപ്പാക്കിയിട്ടില്ല.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

2.26.6. കേസ് തീർപ്പാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

### തദ്ദേശസ്വയംഭരണ വകുപ്പ് ഹാജരാക്കിയ അധികവിവരം

2.26.7 നിലവിൽ നഷ്ടോത്തരവാദിയായ ശ്രീ. പി. കേശവൻ മറ്റൊരു കേസിൽ ജയിൽ ശിക്ഷ അനുഭവിക്കുകയാണ്. ടിയാന്റെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടികളിലൂടെ നഷ്ടം ഈടാക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടിയാന്റെ ഡി.സി.ആർ.ജി. ആനുകൂല്യങ്ങളിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറോട് സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

2.26.8 തുക ഈടാക്കിയിട്ടില്ല

2.26.9 14.12.2023-ലെ തെളിവെടുപ്പ് യോഗത്തിലെ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ, ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

### ഖണ്ഡിക നമ്പർ - 163
### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.27.1 വിതരണം ചെയ്യാത്ത വളത്തിനും കീടനാശിനിക്കും 21,112/-രൂപ ചുണ്ടേൽ കോസ്മോ എന്റർപ്രൈസസിന് നൽകിയ അന്നത്തെ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന കൃഷി ഓഫീസർ ശ്രീ. സക്കറിയാമാണി, അന്നത്തെ വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. കേശവൻ എന്നിവരിൽ നിന്ന് തുല്യമായി തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.27.2 അന്നത്തെ കൃഷി ഓഫീസർ ശ്രീ. സക്കറിയാമാണിക്കെതിരെ റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് 04.12.08-ലെ എ 1-4/05 നമ്പർ കത്ത്, പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ശ്രീ. പി. കേശവനെതിരെ വയനാട് ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി റിക്വസിഷൻ ഫയൽ ചെയ്തെങ്കിലും ടിയാൻ ആയതിനെതിരെ ബഹു. കേരള ഹൈക്കോടതിയിൽ WP(C) 4468/2009 നമ്പർ പ്രകാരം റിട്ട് പെറ്റീഷൻ ഫയൽ ചെയ്യുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി. കേശവനെതിരെയുള്ള സർചാർജ് നോട്ടീസ് വീണ്ടും നിയമാനുസൃതം നൽകുന്നതിന് ലോക്കൽഫണ്ട് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് വിധി പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ളതായി വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി 22.04.2009-ലെ എ 1-1374/07 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.27.3 സമിതി നിർദ്ദേശ പ്രകാരം നഷ്ടം സംഭവിച്ച 21,112/-രൂപയുടെ നേർപകുതി തുകയായ 10,556/- രൂപ ശ്രീ. സക്കറിയാമാണിയിൽ നിന്നും റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കുന്നതിന് 04.12.08-ലെ എ.1 4/05 നമ്പർ കത്ത് പ്രകാരം വൈത്തിരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി വയനാട് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും അതിൻ പ്രകാരം 20.12.08-ലെ സി4 33055/08 നമ്പർ കത്തിലൂടെ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് കളക്ടർ വൈത്തിരി തഹസീൽദാർക്ക് നിർദ്ദേശം നൽകുകയും ചെയ്തു. ബാക്കി തുകയായ 10,556/-രൂപ ശ്രീ. പി. കേശവനിൽ നിന്നും ഈടാക്കുന്നതിനുള്ള നടപടികൾ ഒന്നും തന്നെ പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും നാളിതുവരെ ഉണ്ടായിട്ടില്ല. നടപടി വിശദീകരണ പത്രികയിൽ പറയുന്ന ഡബ്ല്യൂ. പി.(സി) 4668/09 (പത്രികയിൽ 4468/09 എന്ന് തെറ്റായി പറയുന്നു) മറ്റ് ഓഡിറ്റ് ഖണ്ഡികകളുമായി ബന്ധപ്പെട്ടതാണ്.

### സമിതി ആവശ്യപ്പെട്ട അധികവിവരം

2.27.4 ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. പി. കേശവനെതിരായ സർചാർജ് നോട്ടീസ് നിയമപ്രകാരം വീണ്ടും നൽകിയിട്ടുണ്ടോ എന്നും റവന്യൂ റിക്കവറി നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്നതിനെ സംബന്ധിച്ച വിവരങ്ങളും പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെടുവാൻ തീരുമാനിച്ചു

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

2.27.5 21,112/-രൂപ കൃഷി ഓഫീസർ ശ്രീ. സക്കറിയാമാണി, സെക്രട്ടറി പി. കേശവൻ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കാൻ നിർദ്ദേശിച്ചിരുന്നുവെങ്കിലും ശ്രീ. സക്കറിയാമാണി മരിച്ചുപോയതിനാൽ തുക ഈടാക്കിയിട്ടില്ല. ശ്രീ. പി. കേശവൻ കോടതിയിൽ ഫയൽ ചെയ്ത കേസ് നമ്പർ 32/09 തീയതി 20.05.09 തീർപ്പാക്കിയിട്ടില്ല.

## സമിതി ആവശ്യപ്പെട്ട അധികവിവരം

2.27.6 കേസ് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

## തദ്ദേശസ്വയംഭരണ വകുപ്പ് ഹാജരാക്കിയ ഓഡിറ്റ് ഖണ്ഡിക വിവരം

2.27.7 നിലവിൽ നഷ്ടോത്തരവാദികളിൽ ഒരാളായ ശ്രീ. പി. കേശവൻ മറ്റൊരു കേസിൽ ജയിൽ ശിക്ഷ അനുഭവിക്കുകയാണ്. ടിയാന്റെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ ടിയാനെതിരെ റവന്യൂ റിക്കവറി നടപടികളിലൂടെ നഷ്ടം ഈടാക്കുന്നതിന് സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. എന്നാൽ നഷ്ടോത്തരവാദികളിൽ മറ്റൊരാളായ ശ്രീ. സക്കറിയ മാണിയുടെ ഡി.സി.ആർ. ജി. ആനുകൂല്യങ്ങളിൽ നിന്നും നഷ്ടത്തുകയായി നിശ്ചയിക്കപ്പെട്ടആകെ 21,112/- രൂപയും 10.02.2021-ൽ 1200000011, നമ്പർ രസീത് പ്രകാരം അടവാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ കുറിപ്പ്

2.27.8 തുക ഈടാക്കിയിട്ടില്ല

2.27.9 14.12.2023-ലെ തെളിവെടുപ്പ് യോഗത്തിലെ വകുപ്പിന്റെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

## ഖണ്ഡിക നമ്പർ - 175

## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.28.1 തരിയോട് ഗ്രാമപഞ്ചായത്തിൽ പരാമർശ കാലയളവിൽ ഹെഡ് ക്ലാർക്കായിരുന്ന ശ്രീ. കുഞ്ഞപ്പൻ സെക്രട്ടറി ആയിരുന്ന ശ്രീ. സണ്ണിമാത്യുവിന്റെ അറിവോടെ ആയിരിക്കണം ക്രമക്കേടുകൾ നടത്തിയിട്ടുള്ളതെന്നും അതിനാൽ ഇനിയും തിരിച്ചടയ്ക്കാനുള്ള 12,790/-രൂപ തിരിച്ചടയ്ക്കാൻ രണ്ടുപേർക്കും ബാദ്ധ്യതയുണ്ടെന്നുമാണ് സമിതിയുടെ വിലയിരുത്തൽ. ഇവരിൽ നിന്ന് തുക തിരിച്ചു പിടിക്കുന്നതിനായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ച് നടപടി സ്വീകരിക്കാനുള്ള സമിതി നിർദ്ദേശം പാലിക്കാതിരുന്ന പഞ്ചായത്ത് ഡയറക്ടറുടെ നടപടിയിൽ സമിതി കടുത്ത അസംതൃപ്തി രേഖപ്പെടുത്തുന്നു. അതോടൊപ്പം തന്നെ ഇനിയും തിരിച്ചടക്കാനുള്ള 12,790/- രൂപ ശ്രീ. കുഞ്ഞപ്പൻ, ശ്രീ. സണ്ണിമാത്യു എന്നിവരിൽ നിന്ന് ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.28.2 ഓഡിറ്റ് കാലയളവിൽ തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ചുമതല ശ്രീ. സണ്ണിമാത്യുവിനല്ലെന്നും മറിച്ച് ശ്രീമതി പി .ഡി. ലീലാമ്മ എന്നിവർക്കായിരുന്നുവെന്നും ബോധ്യപ്പെട്ടതിനാൽ ആയതിന്റെ അടിസ്ഥാനത്തിൽ ഈ ഓഫീസിൽ നിന്നും 09.12.2008 -ലെ എ 9/2306/07 നമ്പർ പ്രകാരം നിർദ്ദേശം നൽകിയത് പ്രകാരം പനമരം ഗ്രാമപഞ്ചായത്തിൽ വെച്ച് ശ്രീമതി പി. ഡി. ലീലാമ്മയുടെ ശമ്പളത്തിൽ നിന്ന് 6000/-രൂപ റിക്കവറി നടത്തിയിട്ടുണ്ട്. എന്നാൽ ശ്രീമതി പി. ഡി. ലീലാമ്മ തന്റെ 20.03.2009-ലെ അപേക്ഷയിൽ ഓഡിറ്റിൽ പരാമർശിച്ച 12,790/-രൂപയിൽ 810/-രൂപ ഒഴികെ ബാക്കി 11980/- രൂപയും തരിയോട് ഗ്രാമപഞ്ചായത്തിൽ വരവ് വന്നിട്ടുള്ളതായി അറിയിച്ചിരിക്കുന്നു. 810/-രൂപ ഡീസൽ വാങ്ങിയ ഇനത്തിൽ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെയോ മറ്റ് ഏതെങ്കിലും അധികാര സ്ഥാനത്തിന് മുമ്പാകെയോ തന്റെ ഭാഗം

വെളിപ്പെടുത്തുവാനും. തെളിവ് നൽകുവാനും നാളിതുവരെ അവസരം ലഭിച്ചിട്ടില്ലെന്നും ആയതിന് അവസരം നൽകണമെന്നും ശ്രീമതി പി. ഡി. ലീലാമ്മ അപേക്ഷിച്ചിട്ടുണ്ട്. ശ്രീമതി പി. ഡി. ലീലാമ്മ നിലവിൽ കോഴിക്കോട് ജില്ലയിലെ പെരുമണ്ണ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്ത് വരികയാണെന്നും ബോധിപ്പിക്കുന്നു.

2.28.3 ശ്രീ. കുഞ്ഞപ്പൻ ഇപ്പോൾ മലപ്പുറം ജില്ലയിലെ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോലി ചെയ്തുവരുന്നതിനാൽ പകുതി തുകയായ 6,395/-രൂപ ടിയാന്റെ ശമ്പളത്തിൽ നിന്ന് വസൂലാക്കുന്നതിന് തരിയോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 8.2.2008-ലെ എ 1/579/014 നമ്പർ കത്ത് പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് അപേക്ഷിച്ചിട്ടുണ്ട്.

**ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.28.4 സമിതി ശിപാർശ ചെയ്തതുപോലെ ശ്രീമതി പി. ഡി. ലീലാമ്മയിൽ (മുൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി) നിന്നും 6,395/-രൂപ പനമരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഈടാക്കി തരിയോട് ഗ്രാമപഞ്ചായത്തിന് നൽകിയിട്ടുണ്ട്. രസീത് നമ്പർ 66603/13,13.10.2009 പ്രകാരം 6,000/-രൂപയും രസീത് നമ്പർ 66603/36, 24.10.2009 പ്രകാരം 395/-രൂപയും തരിയോട് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്.

2.28.5 ശ്രീമതി പി. ഡി. ലീലാമ്മ (മുൻ പഞ്ചായത്ത് സെക്രട്ടറി) 20.03.2009-ലെ അപേക്ഷയിൽ പരാമർശിച്ച 12790/-രൂപ കൺവീനറിൽ നിന്നും ഈടാക്കിയതായും ആയത് പഞ്ചായത്തിന്റെ വി.പി.എഫ്. ഫണ്ടിൽ ചേർത്തതായി കാണുന്നു. (ചെലാൻ നം. 510-31.03.2000) ഇതു സംബന്ധിച്ച് തരിയോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി എ 1-303/01-1603.2001 പ്രകാരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് വിവരം നൽകിയതായി കാണുന്നു. പ്രാദേശിക പരിശോധനയിൽ മേൽ ഈടാക്കിയ 12790/-രൂപ ഏതു പ്രവർത്തിയുടെ ബില്ലിൽ നിന്നാണ് എന്നത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2.28.6 ശ്രീ. കുഞ്ഞപ്പനിൽ നിന്നും ഈടാക്കാൻ നിർദ്ദേശിച്ച തുക ഈടാക്കുവാൻ മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് 08.02.2008-ലെ എ 1-579/04 കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ തുക നാളിതുവരെ ഈടാക്കിയിട്ടില്ല.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

2.28.7 ശ്രീ. കുഞ്ഞപ്പനിൽ നിന്നും ഈടാക്കാൻ നിർദേശിച്ച തുക ഈടാക്കുവാൻ അടിയന്തിര നടപടി സ്വീകരിച്ച് വിവരം സമിതിയെ അറിയിക്കണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

**<u>അധിക വിവരത്തിന്മേലുള്ള മറുപടി</u>**

2.28.8 ശ്രീ. കുഞ്ഞപ്പനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 6,395/-രൂപ കൊടുങ്ങല്ലൂർ സബ്ട്രഷറി ഓഫീസർ ഡി.ഡി. നമ്പർ 899715 തീയതി 19.04.2012-ന് പഞ്ചായത്ത് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

**<u>ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്</u>**

2.28.9 ശ്രീ. കുഞ്ഞപ്പനിൽ നിന്നും ഈടാക്കേണ്ടിയിരുന്ന 6,395/- രൂപ കൊടുങ്ങല്ലൂർ സബ് ട്രഷറി ഓഫീസർ ഡി.ഡി. നമ്പർ 899715 പ്രകാരം 19.04.2012-ന് തരിയോട് ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് നൽകിയത് 26.04.2012-ന് രസീത് നമ്പർ 60350/53 പ്രകാരം വരവ് വച്ച് പഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുകയും 10.05.2012-ന് അക്കൗണ്ടിൽ വരികയും ചെയ്തിട്ടുണ്ട്.

**ഖണ്ഡിക നമ്പർ - 178**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

2.29.1 വീട് ഓട്ട മേയുന്നതിനു അർഹതയില്ലാത്തവർക്ക് ധനസഹായമായി നൽകിയ 5000 രൂപ ഈടാക്കുന്നതിനായി അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. സണ്ണിമാത്യുവിനെതിരെയുള്ള സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.29.2 റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് വയനാട് ജില്ലാ കളക്ടർ 12.02.2008-ലെ എ1-579/04 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## ഓഡിറ്റിന്റെ സൂക്ഷ്മപരിശോധനാ കുറിപ്പ്

2.29.3 വീട് ഓട് മേയുന്നതിന് അർഹതയില്ലാത്തവർക്ക് ധനസഹായമായി നൽകിയ 5000/-രൂപ ഈടാക്കുന്നതിനു ശ്രീ. സണ്ണി മാത്യുവിന് 12.04.2002, 20.04.2002 എൻ.എഫ്.28935/സ്പെ.സെൽ/എസ്.സി.4/99 നമ്പർ സർചാർജ് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ളതാകുന്നു.

## സമിതി ആവശ്യപ്പെട്ട അധിക വിവരം

2.29.4 ശ്രീ. സണ്ണി മാത്യുവിൽ നിന്ന് തുക ഈടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിച്ച് പ്രസ്തുത വിവരം സമിതിയെ അറിയിക്കണമെന്നാവശ്യപ്പെടാൻ തീരുമാനിച്ചു.

## തദ്ദേശസ്വയംഭരണ വകുപ്പ് ഹാജരാക്കിയ അധികവിവരം

2.29.5 ഖണ്ഡിക 178 പ്രകാരം വീട് ഓട് മേയുന്നതിന് ധനസഹായം 5,000/- രൂപയും ഖണ്ഡിക 182 പ്രകാരം പദ്ധതി വിഹിതത്തേക്കാൾ കൂടുതൽ ചെലവഴിച്ചതിന് ഈടാക്കേണ്ട 11,668/- രൂപയും ആവശ്യത്തിൽ കവിഞ്ഞ് കരിങ്കല്ല് ഇറക്കിയതിന്റെ തുകയായ 40,368/- രൂപയുടെ പകുതി തുകയായ 20,184/- രൂപയും ഉത്തരവാദിയായ സെക്രട്ടറി ശ്രീ. സണ്ണി മാത്യുവിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ആയത് പ്രകാരം 36,193/- രൂപ പഞ്ചായത്തിൽ താഴെപറയും പ്രകാരം അടവ് വന്നിട്ടുണ്ട്. ഡെപ്യൂട്ടി തഹസിൽദാർ അമ്പലവയലിൽ നിന്നും താഴെ കാണിച്ച ഡി.ഡി. നമ്പറുകൾക്കു നേരെ കാണിച്ച തുക

ഡി. ഡി. നമ്പർ 174275/22.08.2008 Rs.1921/-
ഡി. ഡി. നമ്പർ 175186/27.09.2008 Rs.1904/-

ഡി. ഡി. നമ്പർ 175810/24.10.2008 Rs.1904/-
ഡി. ഡി. നമ്പർ 844064/29.11.2008 Rs.1904/-
ഡി. ഡി. നമ്പർ 885911/30.12.2008 Rs.1904/-
ഡി. ഡി. നമ്പർ 886504/23.01.2008 Rs.1904/-
ഡി. ഡി. നമ്പർ 887701/27.02.2009 Rs.1904/-
ഡി. ഡി. നമ്പർ 885594/27.03.2009 Rs.1904/-
ഡി. ഡി. നമ്പർ 468230/26.04.2009 Rs.1904/-
ഡി. ഡി. നമ്പർ 752902/26.09.2009 Rs.1904/-
ഡി. ഡി. നമ്പർ 749207/05.08.2009 Rs.1904/-
ഡി. ഡി. നമ്പർ 748676/27.08.2009 Rs.1904/-
ഡി. ഡി. നമ്പർ 751612/29.09.2009 Rs.1904/-
ഡി. ഡി. നമ്പർ 751568/30.10.2009 Rs.1904/-
ഡി. ഡി. നമ്പർ 749839/30.11.2009 Rs.1904/-
ഡി. ഡി. നമ്പർ 753538/30.12.2009 Rs.1904/-
ഡി. ഡി. നമ്പർ 750769/05.02.2010 Rs.1904/-
ഡി. ഡി. നമ്പർ 349272/05.03.2010 Rs.1904/-
ഡി. ഡി. നമ്പർ 351656/30.03.2010 Rs.1904/-

ലഭിച്ചിട്ടുണ്ട്. ബാക്കി തുകയായ Rs.1904/- രൂപ അടവ് വരുന്നതിന് റവന്യൂ റിക്കവറി വിഭാഗം തഹസിൽദാൽ അമ്പലവയലിന് 03.09.2012 തീയതിയിൽ കത്തയച്ചിട്ടുണ്ട്.

**അധിക വിവരത്തിന്മേലുള്ള സൂക്ഷ്മപരിശോധനാ റിപ്പോർട്ട്**

2.29.6 12.02.2008-ലെ 01/07-08 നമ്പർ റവന്യൂ റിക്കവറി നോട്ടീസ് പ്രകാരം 38,097/- രൂപ അടയ്ക്കുവാൻ ആവശ്യപ്പെടുകയും ഡെപ്യൂട്ടി തഹസിൽദാർ ആർ. ആർ അമ്പലവയലിൽ നിന്നും ലഭിച്ച തുകയായ 36,193/- രൂപ താഴെപ്പറയും പ്രകാരം പഞ്ചായത്ത് അക്കൗണ്ടിൽ (അക്കൗണ്ട് നമ്പർ 3042) വരവ് വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഡി.ഡി. നമ്പർ /തീയതി | പഞ്ചായത്ത് രസീത് നമ്പർ/തീയതി | തുക | പഞ്ചായത്ത് ഫണ്ടിൽ വരവ് വന്ന തീയതി |
|---|---|---|---|---|
| 1 | 17425/22.08.2008 | 38573/14/09.09.2008 | 1921 | 24.09.2008 |
| 2 | 1751186/27.09.2008 | 38575/15/29.10.2008 | 1904 | 05.11.2008 |
| 3 | 175810/24.10.2008 | 38575/55/11.11.2008 | 1904 | 20.11.2008 |
| 4 | 844064/29.11.2008 | 38580/54/12.01.2009 | 1904 | 22.01.2009 |
| 5 | 885911/30.12.2008 | 38580/71/16.01.2009 | 1904 | 31.01.2009 |
| 6 | 886504/23.01.2009 | 38582/98/18.02.2009 | 1904 | 26.02.2009 |
| 7 | 887701/27.02.2009 | 38586/42/17.03.2009 | 1904 | 23.03.2009 |
| 8 | 885594/2703.2009 | 38595/91/12.05.2009 | 1904 | 23.05.2009 |
| 9 | 468230/26.04.2009 | 38597/19/15.06.2009 | 1904 | 25.06.2009 |
| 10 | 752902/26.06.2009 | 66601/1/09.07.2009 | 1904 | 17.07.2009 |
| 11 | 749207/05.08.2009 | 66601/43/05.08.2009 | 1904 | 12.08.2009 |
| 12 | 748676/27.08.2009 | 66602/58/17.09.2009 | 1904 | 25.09.2009 |
| 13 | 751612/29.09.2009 | 66603/59/03.11.2009 | 1904 | 10.11.2009 |
| 14 | 751568/30.10.2009 | 6603/91/18.11.2009 | 1904 | 01.12.2009 |
| 15 | 749839/30.11.2009 | 66605/73/01.01.2010 | 1904 | 07.01.2010 |
| 16 | 753538/30.12.2009 | 66614/26/24.03.2010 | 1904 | 31.03.2010 |
| 17 | 750769/05.02.2010 | 66614/26/24.03.2010 | 1904 | 17.04.2010 |
| 18 | 349272/05.03.2010 | 66614/80/30.03.2010 | 1904 | 17.04.2010 |
| 19 | 351656/30.03.2010 | 66623/89/14.05.2010 | 1904 | 25.05.2010 |

ബാക്കി തുക 1904/- രൂപ 752298 നമ്പർ ഡി.ഡി. പ്രകാരം 29.05.2009 ആയി 16.06.2009-ന് സെക്രട്ടറി, തരിയോട് ഗ്രാമപഞ്ചായത്തിൽ അടച്ചതായി 16.07.2013-ൽ സി1/347/13 കത്ത് പ്രകാരം തഹസിൽദാർ ആർ. ആർ. അമ്പലവയൽ അറിയിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ ഇതുവരെ ലഭിച്ചിട്ടില്ല. 1904/-രൂപ ലഭിക്കുന്നതിന് 03.09.2012-ന് എ-16042/12 നമ്പർ പ്രകാരം കത്തയച്ചിട്ടുണ്ട്.

### സമിതി ആവശ്യപ്പെട്ട അധിക വിവരം

2.29.7 വീട് ഓട് മേയുന്നതിനു അർഹതയില്ലാത്തവർക്ക് ധനസഹായമായി നൽകിയ 5000/-രൂപ ഈടാക്കുന്നതിനായി അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ.സണ്ണിമാത്യുവിനെതിരെയുള്ള സർചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തണമെന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### തദ്ദേശ വകുപ്പ് ഹാജരാക്കിയ അധികവിവരം

2.29.8 വീട് ഓട് മേയുന്നതിന് ധനസഹായം നൽകിയ ഇനത്തിൽ ശ്രീ. സണ്ണിമാത്യുവിന്റെ ബാധ്യത തുകയായ 5000/-രൂപ 16/04/2014 തീയതിയിലെ 11405100069 രസീത് നമ്പറായി അടവാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

### അധികവിവരത്തിന്മേലുള്ള സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.29.9 തുക ഒടുക്കിയിട്ടുണ്ട്.

### ഖണ്ഡിക - 186

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.30.1 മുദ്രപത്ര വിലയിൽ കുറവ് വന്നിട്ടുള്ള 3,722/- രൂപയിൽ 589 രൂപ മാത്രം ഈടാക്കിയിട്ടുള്ള സാഹചര്യത്തിൽ ബാക്കി തുകയായ 3,133/- രൂപ കൂടി ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.30.2 നഷ്ടത്തിനുത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ. പി. കേശവന് അഴിമതി നിരോധന നിയമപ്രകാരം സി. സി. 33/03 നമ്പർ കേസിൽ ബഹു. സ്പെഷ്യൽ ജഡ്ജ് & എൻക്വയറി കമ്മീഷണർ ( കോഴിക്കോട്) 2 വർഷം തടവും. 2000 രൂപ പിഴയും ശിക്ഷ വിധിച്ചിട്ടുണ്ട്. ഇതുമൂലം 30.06.2007-ന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. പി. കേശവന്റെ ഡി. സി. ആർ. ജി.

തീർപ്പാക്കുവാൻ സാധിച്ചിട്ടില്ല. ആയതിനാൽ നഷ്ട തുക ഈടാക്കുന്നതിനായി ശ്രീ. പി. കേശവന്റെ 11.8.2009 -ലെ എ 2-5546/09 നമ്പർ പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി റിക്വസിഷൻ നൽകിയിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.30.3 അടക്കുവാൻ ബാക്കി നിൽക്കുന്ന 3,133/- രൂപ ശ്രീ. പി. കേശവനിൽ നിന്ന് ഈടാക്കുന്നതിന് എ 2-5546/90 തീയതി 11.08.2009 പ്രകാരം റവന്യൂ റിക്കവറി റിക്വിസിഷൻ വയനാട് ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. റവന്യൂ റിക്കവറി നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി ആരാഞ്ഞു കൊണ്ട് തഹസിൽദാർ (റവന്യൂ റിക്കവറി)അമ്പലവയലിന് എ 2-5546/09-ാം നമ്പർ കത്ത് 3.2.2010-ന് നൽകിയിട്ടുണ്ട്. തുക നാളിതുവരെ ഈടാക്കിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

### സമിതി ആവശ്യപ്പെട്ട അധിക വിവരം

2.30.4 മുദ്രപത്ര വിലയിൽ കുറവു വന്നിട്ടുള്ളതും ഇനി അടക്കാൻ ബാക്കി നിൽക്കുന്നതുമായ 3133/- രൂപ കൂടി ശ്രീ.പി. കേശവനിൽ നിന്ന് ഈടാക്കി സമിതിയെ അറിയിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.30.5 റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനായി ബഹു. ജില്ലാ കളക്ടർക്ക് 11.08.09 ന് എ 2-554/09 നമ്പർ കത്ത് പ്രകാരം നൽകി. മറ്റ് നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

### സമിതി ആവശ്യപ്പെട്ട അധിക വിവരം

2.30.6 ശിപാർശയിന്മേൽ തുടർനടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

### തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി

2.30.7 ശ്രീ. പി. കേശവൻ (റിട്ടയേർഡ് സെക്രട്ടറി)യുടെ പേരിൽ നിലവിൽ വിജിലൻസ് കേസ് നിലവിലുള്ളതിനാൽ ടിയാന് ഡി.സി.ആർ.ജി. അനുവദിച്ചിട്ടില്ലാത്തതിനാൽ 5646 രൂപ ടിയാന്റെ ബാധ്യതയായി കണക്കാക്കി അനുവദിക്കുന്ന ഡ.സി.ആർ.ജി.-യിൽ നിന്നും 5,646/- രൂപ ഈടാക്കുന്നതിന് വയനാട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിക്കുന്നു.

### സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.30.8 ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.11.2013-ലെ എ 2-17138/2012-ാം നമ്പർ കത്ത് പ്രകാരം ശ്രീ. പി. കേശവൻ (റിട്ടയേർഡ് സെക്രട്ടറി) എന്നവർക്കെതിരെ വിജിലൻസ് കേസ് നിലനിൽക്കുന്നതിനാലും ടിയാന് ഡി.സി.ആർ.ജി. അനുവദിച്ചിട്ടില്ലാത്തതിനാലും ബാധ്യത തുകയായ 5,646/- രൂപ റിക്കവറി നടത്തുന്നതിന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് ശേഷമുള്ള നടപടി സംബന്ധിച്ച് യാതൊരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.

### സമിതി ആരാഞ്ഞ അധിക വിവരം

2.30.9 വിജിലൻസ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്തു.

### തദ്ദേശ വകുപ്പ് ഹാജരാക്കിയ അധികവിവരം

2.30.10 3133/- രൂപ നഷ്ടോത്തരവാദിയിൽ നിന്നും 05.02.2019 തീയതിയിൽ 118210106174 നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

### അധികവിവരത്തിന്മേലുള്ള സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.30.11 തുക ഒടുക്കിയിട്ടുണ്ട്.

## ഖണ്ഡിക -190
## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.31.1 മണൽ ലേലത്തിനുള്ള എഗ്രിമെന്റ് വച്ചതിൽ മുദ്രപത്ര വിലയിലെ കുറവ് മൂലമുണ്ടായ 2453 രൂപയുടെ നഷ്ടം ഈടാക്കുന്നതിനായി 10 പേർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും നിയമാനുസരണം തുക ഈടാക്കുന്നതിന് നടപടി തുടർന്നു വരുന്നുവെന്നും അറിയിച്ച് ഒരു വർഷത്തിലധികമായിട്ടും തുക ഈടാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ യഥാർത്ഥ വിലയേക്കാൾ കുറഞ്ഞ വിലയുള്ള മുദ്രപത്രത്തിൽ എഗ്രിമെന്റ് വയ്പിച്ച അന്നത്തെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത തുക ഈടാക്കാൻ പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.31.2 നഷ്ടത്തിനുത്തരവാദിയായ അന്നത്തെ സെക്രട്ടറി ശ്രീ. പി. കേശവന് അഴിമതി നിരോധന നിയമപ്രകാരം സി. സി. 33/03 നമ്പർ കേസിൽ ബഹു. സ്പെഷ്യൽ ജഡ്ജ് & എൻക്വയറി കമ്മീഷണർ (കോഴിക്കോട്) 2 വർഷം തടവും, 2000 രൂപ പിഴയും ശിക്ഷ വിധിച്ചിട്ടുണ്ട്. ഇതുമൂലം 30.6.2007 ന് സർവ്വീസിൽ നിന്നും വിരമിച്ച ശ്രീ. പി കേശവന്റെ ഡി. സി. ആർ. ജി. തീർപ്പാക്കുവാൻ സാധിച്ചിട്ടില്ല ആയതിനാൽ നഷ്ട തുക ഈടാക്കുന്നതിനായി ശ്രീ. പി. കേശവനെതിരെ 11.8.2009 ലെ എ 2-5546/09 നമ്പർ പ്രകാരം വയനാട് ജില്ലാ കളക്ടർക്ക് റവന്യൂ റിക്കവറി റിക്വസിഷൻ നൽകിയിട്ടുണ്ട്.

### സൂക്ഷ്മ പരിശോധന കുറിപ്പ്

2.31.3 നഷ്ടം സംഭവിച്ച തുക ഈടാക്കുന്നതിനായി ശ്രീ. പി. കേശവനെതിരെ നമ്പർ എ 2-5546/09 തീയതി 11.08.2009 പ്രകാരം റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് റിക്വിസിഷൻ നൽകിയിട്ടുണ്ട്. തുടർനടപടികൾ ആരാഞ്ഞുകൊണ്ട് തഹസിൽദാർ (ആർ.ആർ) അമ്പലവയലിന് 03.02.2010-ന് എ 2/5546/09 നമ്പർ കത്ത് 03.02.2010-ന് നൽകിയിട്ടുണ്ട്. തുക നാളിതുവരെ ഈടാക്കിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

### സമിതി ആരാഞ്ഞ അധിക വിവരം

2.31.4 മണൽ വേലത്തിനുള്ള എഗ്രിമെന്റ് വച്ചതിൽ മുദ്രപത്രവിലയിലെ കുറവ് മൂലം ഉണ്ടായ നഷ്ടം അന്നത്തെ സെക്രട്ടറിയായ ശ്രീ. പി. കേശവന്റെ ഡി.സി.ആർ.ജി.-യിൽ നിന്ന് പിടിച്ചതിനുശേഷം ബാക്കി വരുന്ന തുക ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.31.5 ശ്രീ. പി. കേശവന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും തുക ഈടാക്കാൻ സാധിക്കുകയില്ല എന്ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ 30.06.09 ലെ എം.9-2306/07(1) നമ്പർ ഉത്തരവിൽ വിശദീകരിച്ചിട്ടുണ്ട്. റവന്യൂ റിക്കവറി നടപടി സ്വീകരിക്കുന്നതിന് ബഹു: കളക്ടർക്ക് 11.08.09-ന് കത്ത് നമ്പർ എ 2-5546/09 പ്രകാരം ശുപാർശ നൽകി മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

### സമിതി ആരാഞ്ഞ അധിക വിവരം

2.31.6 ശിപാർശയിന്മേൽ തുടർ നടപടി സ്വീകരിച്ച് സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു.

### തദ്ദേശസ്വയംഭരണ വകുപ്പിന്റെ മറുപടി

2.31.7 ശ്രീ. പി. കേശവൻ (റിട്ടയേർഡ് സെക്രട്ടറി)യുടെ പേരിൽ നിലവിൽ വിജിലൻസ് കേസ് നിലവിലുള്ളതിനാൽ ടിയാന് ഡി.സി.ആർ.ജി. അനുവദിച്ചിട്ടില്ലാത്തതിനാൽ 5646 രൂപ ടിയാന്റെ ബാധ്യതയായി കണക്കാക്കി ഡി.സി.ആർ.ജി.-യിൽ നിന്നും 5646 രൂപ ഈടാക്കുന്നതിന് വയനാട് ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിക്കുന്നു.

### സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.31.8 ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.11.2013-ലെ എ 2-17/138/2012-ാം നമ്പർ കത്ത് പ്രകാരം ശ്രീ. പി. കേശവൻ (റിട്ടയേർഡ് സെക്രട്ടറി) എന്നിവർക്കെതിരെ

വിജിലൻസ് കേസ് നിലനിൽക്കുന്നതിനാലും ടിയാന് ഡി.സി.ആർ.ജി. അനുവദിച്ചിട്ടില്ലാത്തതിനാലും ബാധ്യത തുകയായ 5646 രൂപ റിക്കവറി നടത്തുന്നതിന് വടയാനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിന് ശേഷമുള്ള നടപടി സംബന്ധിച്ച് യാതൊരു വിവരങ്ങളും പഞ്ചായത്തിൽ ലഭ്യമല്ല.

**സമിതി ആരാഞ്ഞ അധികവിവരം**

2.31.9 വിജിലൻസ് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ സമിതി ശിപാർശ ചെയ്തു.

**തദ്ദേശ വകുപ്പ് ഹാജരാക്കിയ അധികവിവരം**

2.31.10 മണൽ ലേലം എഗ്രിമെന്റ് വെച്ച മുദ്രപ്പത്രത്തിന്റെ മൂല്യത്തിൽ കുറവ് വന്ന തുകയായ 2453/- രൂപ നഷ്ടോത്തരവാദിയിൽ നിന്നും 05.02.2019-ലെ 118210106173 നമ്പർ രസീത് പ്രകാരം ഈടാക്കിയിട്ടുണ്ടെന്നുള്ള വിവരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

**അധികവിവരത്തിന്മേലുള്ള സൂക്ഷ്മപരിശോധന റിപ്പോർട്ട്**

2.31.11 തുക ഒടുക്കിയിട്ടുണ്ട്.

**ഖണ്ഡിക -199**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

2.32.1 അഡ്വാൻസ് വാങ്ങിയിട്ടും പണി പൂർത്തിയാക്കാത്ത എല്ലാ വർക്കുകളുടെയും പണി ഉടനെ പൂർത്തിയാക്കി ബിൽ തയ്യാറാക്കി വാല്യുവേഷൻ നടത്തിയെടുക്കുന്നതിന് ബന്ധപ്പെട്ട എഞ്ചിനീയർമാരോട് ഗ്രാമപഞ്ചായത്ത് രേഖാമൂലം ആവശ്യപ്പെടണമെന്നും അതിന് എഞ്ചിനീയർമാർ തയ്യാറാകുന്നില്ലെങ്കിൽ അഡ്വാൻസ് തുക കൈപ്പറ്റിയവരിൽ നിന്ന് പ്രസ്തുത തുക നിയമാനുസൃത പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.32.2 08.05.2008 ലെ എ 1-773/07 നമ്പർ കത്ത് പ്രകാരം കൺവീനർമാരിൽ നിന്ന് റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക്

18.01.2008 ലെ ജെ.എ.463/97 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 19.06.2008 ലെ സി3-17339/08, സി3-17341/08, സി3-13964/08 നമ്പർ കത്തുകൾ പ്രകാരം തഹസിൽദാർ(ആർ.ആർ),അംബലവയൽ -ന് വയനാട് ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്.

## സൂക്ഷ്മ പരിശോധനാ കുറിപ്പ്

2.32.3 നാല് കൺവീനർമാരിൽ നിന്നും തുക ഈടാക്കാൻ സെക്രട്ടറിയുടെ എ 1-773/07-08.05.2008 പ്രകാരം ജില്ലാകളക്ടർക്ക് ക്വാറം നമ്പർ 24 റിക്വിസിഷൻ നൽകിയിട്ടുണ്ട്. ജില്ലാ കളക്ടർ റവന്യൂ റിക്കവറി നടപടികൾക്കായി അമ്പലവയൽ തഹസീൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

1. വണ്ണാത്തിപ്പാറ ചെക്ക് ഡാം എ. കെ. ഏലിയാസ് കൺവീനർ
   രജിസ്റ്റർ നമ്പർ സി3-13964/08/19.06.2008 ജില്ലാകളക്ടർ
2. പാലക്കുനി കിണർ പി. കെ. ഗീവർഗ്ഗീസ്
   രജിസ്റ്റർ നമ്പർ സി3-17339/08/19.06.2008 ജില്ലാ കളക്ടർ
3. ആനപ്പാറ ചെക്ക് ഡാം കെ. വി. തങ്കച്ചൻ
   രജിസ്റ്റർ നമ്പർ സി3-17340/08/19.06.2008 ജില്ലാ കളക്ടർ
4. ഗോവിന്ദമല ചിറ റിപ്പയർ പി. പി. ജോസഫ്
   രജിസ്റ്റർ നമ്പർ സി3-17341/08/19.06.2008 ജില്ലാ കളക്ടർ

2.32.4 മേൽ ക്രമ നമ്പറുകളിലെ വർക്കുകളുടെ ബില്ലുകൾ തയ്യാറാക്കി നൽകണമെന്ന 15.04.2008-ലെ എ 4-22/2005 കത്ത് മുഖേന ശ്രീ. കെ. വി. തോമസ്, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ക്രമ നമ്പർ ഒന്നിലെ പ്രവൃത്തി സംബന്ധിച്ച് സാങ്കേതിക ഉദ്യോഗസ്ഥരോട് ഇക്കാര്യം ആവശ്യപ്പെട്ടതിനുള്ള രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെയോ ബില്ലുകൾ തയ്യാറാക്കിയതിന്റെയോ രേഖകൾ ലഭ്യമല്ല. റവന്യൂ റിക്കവറി നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന വിവരം ലഭ്യമല്ല. ഇക്കാര്യത്തിൽ തഹസീൽദാരോട് പഞ്ചായത്ത് അന്വേഷണം നടത്തിയതായി കാണുന്നില്ല.

## സമിതി ആവശ്യപ്പെട്ട അധികവിവരം

2.32.5 അഡ്വാൻസ് തുക കൈപ്പറ്റിയവരിൽ നിന്നുമുള്ള റവന്യൂ റിക്കവറിയുടെ വിശദാംശങ്ങൾ, ബിൽ തയ്യാറാക്കി വാല്യേഷൻ നടത്തിയെടുക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ ഇപ്പോഴത്തെ അവസ്ഥ തുടങ്ങിയ വിവരങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.32.6 അമ്പലവയൽ തഹസിൽദാർ (ആർ.ആർ) നം. സി2-3/ഒ.ജി.ഡി/08-09 തീയതി 09.11.2009 പ്രകാരം പഞ്ചായത്തിന് നൽകിയ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | എ.കെ. ഏലിയാസ് സമ്പിച്ചാംകടി വീട് കോട്ടയിൽ, ചുള്ളിയോട് | 56,000 | കക്ഷിക്ക് ബത്തേരി താലൂക്കിൽ യാതൊരുവിധ സ്വത്തുകളില്ലാത്തതിനാലും സെക്ഷൻ 65 പ്രകാരം തുക ഈടാക്കാൻ സാധിക്കാത്ത സാഹചര്യത്തിലും ആർ.ആർ. സി. 18.07.09 ന് ബഹു. കളക്ടർക്ക് തിരിച്ചയച്ചു. |
| 2. | വി.കെ. വർഗ്ഗീസ് S/O വി.റ്റി.കര്യാക്കോസ് വെട്ടിക്കാട്ടിൽ വീട് പാലാക്കുനി | 32,060 | പൂതാടി വില്ലേജിലെ ബ്ലോക്ക് 8 ൽ റീ. സ.577/12 ൽ പ്പെട്ട 0.1012 ഹെ. പുരയിടം ജപ്തി ചെയ്ത് 21.11.09 ന് ലേലത്തിൽ വെക്കുവാൻ നിശ്ചയിച്ചിട്ടുണ്ട്. |
| 3. | കെ. വി. തങ്കച്ചൻ കീച്ചേരി വീട് ചുള്ളിയോട് പി.ഒ | 9,800 | കക്ഷി മരണപ്പെട്ടതിനാൽ 16.01.09 ന് ആർ.ആർ.സി. ബഹു. ജില്ലാ കളക്ടർക്ക് തിരികെ സമർപ്പിച്ചു. |
| 4. | പി.പി. ജോസഫ് S/O. പൗലോസ് പാമ്പക്കംചാലിൽ വീട് തൊവരിമല പി.ഒ | 1,20,960 | കക്ഷി ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) നം.3144/09 കേസിൽ വിധി ആയിട്ടില്ല. |

തഹസിൽദാർ റിപ്പോർട്ട് ചെയ്ത മേൽ വസ്തുതകളിന്മേൽ പഞ്ചായത്ത് തുടർ നടപടി സ്വീകരിച്ചിട്ടില്ല ബിൽ തയ്യാറാക്കിയതിന്റെ ഇപ്പോഴത്തെ അവസ്ഥ എന്നിവ

ലഭിച്ചിട്ടില്ല അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് 15.04.08 ന് എ 4-22/05 നമ്പർ കത്ത് അയച്ച മറ്റു നടപടികൾ പഞ്ചായത്ത് കൈക്കൊണ്ടിട്ടില്ല

**സമിതി ആവശ്യപ്പെട്ട അധികവിവരം**

2.32.7 ശിപാർശകളിന്മേൽ തുടർ നടപടി സ്വീകരിച്ച് സമിതിക്ക് റിപ്പോർട്ട് 13.08.2014-ന് ചെയ്യണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു

**തദ്ദേശസ്വംഭരണ വകുപ്പ് ഹാജരാക്കിയ അധികവിവരം**

2.32.8 പാലാക്കുനി കിണർ നിർമ്മാണം. കൺവീനറായ ശ്രീ.വി.കെ.ഗീവർഗ്ഗീസിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിരുന്നു. റിക്കവറി ആരംഭിച്ച ശേഷം ടിയാൻ തന്നെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും കിണർ നിർമ്മാണത്തിന് ഗുണഭോക്തൃ വിഹിതം 10,000/- രൂപ താൻ കൈപ്പറ്റിയിട്ടില്ലെന്നും കാണിച്ച് ഭരണസമിതിക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി ഇക്കാര്യം ചർച്ച ചെയ്യുകയും ഗുണഭോക്തൃ വിഹിതം കൺവീനർ ഗുണഭോക്താക്കളിൽ നിന്നും കൈപ്പറ്റിയിട്ടില്ലായെന്ന് കമ്മിറ്റിക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതം 10,000 രൂപയും അതിന്റെ പലിശയും ഒഴിവാക്കി. ബില്ലിൽ അധികം വാങ്ങിയ തുക 4,671/- രൂപയും അതിന്റെ പലിശയും ഈടാക്കുന്നതിനും ടിയാനെ ജപ്തി നടപടികളിൽ നിന്നും ഒഴിവാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പഞ്ചായത്ത് ഭരണസമിതിയുടെ 24.04.09-ലെ 7-09/10(3) നമ്പർ തീരുമാനത്തിന്റെ പകർപ്പ് ജില്ലാ കളക്ടർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ അമ്പലവയൽ തഹസീൽദാർ ജപ്തി നടപടി നിർത്തിവെക്കുകയും 10,000/- രൂപയും അതിന്റെ പലിശയും ഒഴിച്ച് ബാക്കി 4,671/- രൂപയും കളക്ഷൻ ചാർജ്ജും കുടിശ്ശിക കക്ഷിയിൽ നിന്നും ഈടാക്കിയതായി വയനാട് ജില്ലാ കളക്ടറുടെ 21.03.2012 ലെ സി.1739/08/കെ.ഡിസ്. നമ്പർ പ്രകാരം അറിയിച്ചിട്ടുണ്ട് എന്നുള്ള വിവരം ബോധിപ്പിക്കുന്നു.

2.32.9 വണ്ണാത്തിപ്പാറ ചെക്ക് ഡാം പ്രവൃത്തി കൺവീനർ ശ്രീ.ഐ.കെ.ഏലിയാസ്, നമ്പിച്ചാൻകുടി വീട് എന്നയാൾക്ക് സുൽത്താൻ ബത്തേരി താലൂക്ക് പരിധിയിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നും തന്നെ ഇല്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടികൾ തുടരുവാൻ കഴിയാത്തതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾക്ക് ആവശ്യമായ നിയമോപദേശത്തിന് സുൽത്താൻബത്തേരി അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർക്ക് കത്തയച്ചിട്ടുണ്ടെന്നുള്ള വിവരം ബോധിപ്പിക്കുന്നു.

## അധിക വിവരത്തിന്മേലുള്ള സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.32.10 പഞ്ചായത്ത് ഭരണസമിതിയുടെ 24.04.2009-ലെ 7/09-10(1) തീരുമാനം പ്രകാരം പാലാക്കുനി കിണർ നിർമ്മാണം പദ്ധതിയുടെ കൺവീനറായ ശ്രീ.വി.കെ. ഗീവർഗ്ഗീസിനെതിരെയുള്ള ജപ്തി നടപടികൾ നിർത്തി വെക്കുന്നതിനും ഇതിന്റെ അനുമതിക്കായി തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി അന്തിമാനുമതിക്കായും അപേക്ഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിൽ നിന്നും അന്തിമാനുമതി ലഭിച്ചതിന്റെ വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. പ്രസ്തുത തീരുമാനം ബഹു. ജില്ലാ കളക്ടർക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവെച്ചു. ജില്ലാ കളക്ടറുടെ 21.03.2012-ലെ സി.3-17339/08/കെ.ഡി.എസ് പ്രകാരം ടിയാനിൽ നിന്നും 4,671/-രൂപ ഈടാക്കിയിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ പ്രസ്തുത തുക പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വണ്ണാത്തിപ്പാറ ചെക്ക്ഡാം കൺവീനർ ശ്രീ. എ.കെ. ഏലിയാസ് മരണപ്പെട്ടതിനാലും റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതിൽ ടിയാന്റെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഒന്നും ഇല്ലായെന്നും അമ്പലവയൽ ആർ.ആർ തഹസിൽദാർ അറിയിച്ച തിന്റെയും അടിസ്ഥാനത്തിൽ തുടർ നടപടികൾ കൈക്കൊള്ളുന്നതിനും. നിയമോപദേശത്തിനായും അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ, സുൽത്താൻബത്തേരി എന്നവർക്ക് 11.11.2013 ലെ എ 2/17138/12-ാം നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

## ഖണ്ഡിക - 203
## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.33.1 മൈലമ്പാടി-പൂത്തപുളക്കാവ് റോഡ് ടാർ ചെയ്യൽ പ്രവൃത്തിക്ക് എഗ്രിമെന്റ് വച്ച അവസരത്തിൽ ഗുണഭോക്തൃ കമ്മിറ്റി 25,000 രൂപയാണ് അഡ്വാൻസായി നൽകിയത് ബാക്കി തുക ഒന്നിലധികം തവണയായിട്ടാണ് നൽകിയത് എന്നതിനാൽ ടാറിന്റെ വില കുറയ്ക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ബിൽ പാസ്സാക്കിക്കൊടുത്ത സെക്രട്ടറിയുടെ ഭാഗത്തു നിന്നുള്ള വീഴ്ച തന്നെയാണ്. ആയതിനാൽ അന്നത്തെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. ഗോപാലനിൽ നിന്ന് തന്നെയായിരുന്നു പ്രസ്തുത തുക തിരിച്ച് പിടിക്കേണ്ടിയിരുന്നത്. ശ്രീ.റ്റി.ഗോപാലനിൽ നിന്ന് തുക ഈടാക്കുന്നതാണെന്ന് 13.01.2005 ലെ തെളിവെടുപ്പ് വേളയിൽ മീനങ്ങാടി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് നൽകിയിരുന്നതുമാണ്. എന്നാൽ 11.02.2006-ന് ശ്രീ. റ്റി. ഗോപാലൻ മരണപ്പെടുന്നതുവരെ ഇക്കാര്യത്തിൽ നടപടികളൊന്നും സ്വീകരിച്ചില്ല. 11.02.2006-ന് ശ്രീ. റ്റി. ഗോപാലൻ മരണമടഞ്ഞിട്ടുള്ള സാഹചര്യത്തിലും അദ്ദേഹത്തിന് ഡി.സി.ആർ.ജി.യും മറ്റ് ആനുകൂല്യങ്ങളും നൽകിയിട്ടില്ലാത്ത സാഹചര്യത്തിലും പരാമർശവിധേയമായ 14,392/- രൂപ ശ്രീ. റ്റി. ഗോപാലന്റെ ഡി.സി.ആർ.ജി.യിൽ നിന്ന് ഈടാക്കാൻ കഴിയുമോ എന്ന കാര്യം പഞ്ചായത്ത് ഡയറക്ടർ പരിശോധിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.33.2 ശ്രീ. റ്റി. ഗോപാലന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും 14,392/- രൂപ ഈടാക്കിയതായി പഞ്ചായത്ത് ഡയറക്ടറുടെ 28.11.2008-ലെ എച്ച് 2-123/04, മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.02.2009-ലെ എ 3-14760/08 എന്നീ നമ്പർ കത്തുകൾ പ്രകാരം അറിയിച്ചിട്ടുണ്ട്.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.33.3 മീനങ്ങാടി ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ച 14,392/- രൂപ ഉത്തരവാദിയായ ശ്രീ. റ്റി. ഗോപാലന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും

ഈടാക്കിയതായി പഞ്ചായത്ത് ഡയറക്ടർ എച്ച്-2-1223/04 തീയതി 28.11.2008 മുഖേന മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിട്ടിട്ടുണ്ട് പഞ്ചായത്തിന് നഷ്ടം സംഭവിച്ച ഈ തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടവു വരുത്തുന്നതിനുള്ള നടപടികളൊന്നും ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും നാളിതുവരെ സ്വീകരിച്ചിട്ടില്ല എന്ന് ബോധ്യപ്പെട്ടതായി അറിയിക്കുന്നു.

**സമിതി ആവശ്യപ്പെട്ട അധികവിവരം**

2.33.4 പഞ്ചായത്തിന് നഷ്ടം സംഭവിച്ച തുക ശ്രീ റ്റി. ഗോപാലന്റെ ഡി.സി.ആർ.ജി.-യിൽ നിന്ന് ഈടാക്കിയെങ്കിലും പ്രസ്തുത തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ അടവു വരുത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല എന്നും ഇതിന് കാലതാമസമുണ്ടാകുന്നതിന്റെ കാരണമെന്താണെന്ന വിവരം പഞ്ചായത്ത് ഡയറക്ടറോട് ആരായണമെന്നും സമിതി നിർദ്ദേശിച്ചു.

**സൂക്ഷ്മ പരിശോധനാ കുറിപ്പ്**

2.33.5 നഷ്ടം സംഭവിച്ച തുക 14392 രൂപ മുൻ സെക്രട്ടറി ശ്രീ. റ്റി. ഗോപാലന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുക പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവുവയ്ക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല.

**സമിതി ആരാഞ്ഞ അധികവിവരം**

2.33.6 പരാമർശവിധേയനായ മുൻ സെക്രട്ടറി ശ്രീ. റ്റി. ഗോപാലന്റെ ഡി.സി.ആർ.ജി.-യിൽ നിന്നും ഈടാക്കിയ തുക പഞ്ചായത്ത് അക്കൗണ്ടിൽ വരവുവച്ച് സമിതിയ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന് ആവശ്യപ്പെടാൻ തീരുമാനിച്ചു

**തദ്ദേശസ്വയംഭരണ വകുപ്പ് ഹാജരാക്കിയ അധികവിവരം**

2.33.7 പരാമർശ വിധേയനായ ശ്രീ. റ്റി. ഗോപാലനിൽ നിന്നും നഷ്ടത്തുകയായ 14,392/-രൂപ 26.06.2016 ലെ മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ സുൽത്താൻബത്തേരി സബ്ട്രഷറിയിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ വരവ് വച്ചിട്ടുണ്ടെന്ന തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

## അധിക വിവരത്തിന്മേലുള്ള സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.33.8 തുക ഒടുക്കിയിട്ടുണ്ട്.

### ഖണ്ഡിക - 214

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.34.1 5 വർഷംകൊണ്ട് പൂർത്തിയാക്കേണ്ട കുരുമുളക് പുനരുദ്ധാരണ പദ്ധതി ഒറ്റവർഷം കൊണ്ട് പൂർത്തിയാക്കുകയാണുണ്ടായത്. എന്നിരുന്നാലും, ഉൽപ്പാദന ഉപാധികളും ധന സഹായതുകയും കർഷകർക്ക് വിതരണം ചെയ്തതിന്റെ വൗച്ചറുകളും സ്റ്റേറ്റ്മെന്റും ബന്ധപ്പെട്ട വാർഡ്തല മോണിറ്ററിംഗ് കമ്മിറ്റികൾ സാക്ഷ്യപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ പ്രോജക്റ്റ് ഫയലും വൗച്ചറുകളും വയനാട് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ പുനഃപരിശോധന നടത്തി പരാമർശം ഒഴിവാക്കാൻ കഴിയുമോയെന്ന കാര്യം പരിഗണിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.34.2 5 വർഷം കൊണ്ട് 200 ഹെക്ടർ സ്ഥലത്ത് കുരുമുളക് പുനരുദ്ധാരണത്തിന് ലക്ഷ്യമിട്ടിരുന്നെങ്കിലും ആദ്യ വർഷം തന്നെ അപേക്ഷകരുടെ എണ്ണം കൂടുതലായതിനാലാണ് 100 ഹെക്ടർ സ്ഥലത്ത് ആദ്യ വർഷം തന്നെ പ്രോജക്ടിലെ മുഴുവൻ തുകയും ചെലവഴിച്ചതെന്ന് കൃഷി ഓഫീസർ വിശദീകരിച്ചിട്ടുണ്ടെങ്കിലും പദ്ധതിയുടെ തുടർന്നുള്ള പരിപാലനം സംബന്ധിച്ച് വിശദീകരണം ലഭിച്ചിട്ടില്ല. എന്നിരുന്നാലും ആദ്യ വർഷം തന്നെ ചെലവഴിച്ച തുകയുടെ എല്ലാ രേഖകളും ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി മുമ്പാകെ ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിലും ബഹുമാനപ്പെട്ട സമിതിയുടെ നിർദ്ദേശാനുസരണം പ്രോജക്ടുഫയലും, വൗച്ചറുകളും ഈ ഓഫീസിൽ നിന്ന് വീണ്ടും പരിശോധിച്ചതിന്റെ ഫലമായും ചെലവഴിച്ച തുകയ്ക്ക് ആധാരമായ എല്ലാ രേഖകളും ശരിയായതിനാൽ തടസ്സം ഒഴിവാക്കാവുന്നതാണ്.

## ഖണ്ഡിക - 219
## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.35.1 പ്രസിഡന്റിന്റെ നിർദ്ദേശം പാലിക്കാതെ നൽകിയ 10,755 രൂപയുടെ പേയ്മെന്റ് അത് നടത്തിയ ശ്രീ. അനന്തനിൽ നിന്ന് അടിയന്തരമായി തിരിച്ചു പിടിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും സമിതി ഇക്കാര്യത്തിൽ റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിച്ചു

## സർക്കാർ സ്വീകരിച്ച നടപടി

2.35.2 19.05.2008 ലെ 38442/31 നമ്പർ രസീത് പ്രകാരം തുകയടച്ചു.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.35.3 പരാമർശവിധേയമായ വിഷയത്തിൽ സമിതി ശിപാർശ പ്രകാരം ഒടുക്കുവാൻ നിർദ്ദേശിച്ച 10755/- രൂപ അനന്തൻ 19.05.2008 ൽ 38442/31 നമ്പർ രസീത് പ്രകാരം കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

## ഖണ്ഡിക - 223, 226
## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.36.1 2500/- രൂപ വീതം ധനസഹായം അനുവദിക്കണമെന്ന് സർക്കാർ ഉത്തരവിൽ നിഷ്കർഷിച്ചിരിക്കേ അതിന് വിരുദ്ധമായി 3000/-രൂപ വീതം ധനസഹായം അനുവദിച്ച് 14,500/-രൂപ ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാക്കിയിരിക്കുകയാണ്. ഈ നഷ്ടം അന്നത്തെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. വി. എം. രാമകൃഷ്ണന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നോ റവന്യൂ റിക്കവറി നടപടിയിലൂടെയോ ഈടാക്കിയെടുക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടി സംബന്ധമായി റിപ്പോർട്ട് സമിതിക്ക് സമർപ്പിക്കണമെന്നും നിർദ്ദേശിക്കുന്നു.

2.36.2 പവർ ടില്ലറിന്റെ അറ്റകുറ്റപ്പണികൾക്കായി 20,000/-രൂപ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകിയതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമുണ്ടായിരുന്നുവോയെന്നും തുക നൽകിയതിന്റെ രസീതുണ്ടോയെന്നുമുള്ള കാര്യങ്ങൾ പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഫയൽ ഹാജരാക്കാൻ സമിതി നിർദ്ദേശിച്ചിട്ടും ഫയൽ ഹാജരാക്കാത്തതിനാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരമാണോ തുക നൽകിയതെന്ന് അറിയാൻ നിർവ്വാഹമില്ല. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ തുക സ്വീകരിച്ചതിന്റെ രസീതും പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ പവർ ടില്ലർ അറ്റകുറ്റപ്പണികൾക്കായി 20,000/-രൂപ നൽകിയത് പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം അല്ലെങ്കിൽ പ്രസ്തുത തുക നൽകിയതിന് ഉത്തരവാദിയായ സെക്രട്ടറി ശ്രീ. വി. എം. രാമകൃഷ്ണനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.36.3 റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് 22.08.2008-ലെ എ 2-334/05 നമ്പർ കത്ത് പ്രകാരം കോഴിക്കോട് ജില്ലാ കളക്ടറോട് അപേക്ഷിക്കുകയും കോഴിക്കോട് ജില്ലാ കളക്ടർ 21.11.2008-ലെ സി4-2008/52840/11 നമ്പർ കത്ത് പ്രകാരം കോഴിക്കോട് തഹസിൽദാർ (ആർ.ആർ)-ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.36.4 ഈ ശിപാർശയിന്മേൽ മേൽ വ്യക്തിയിൽ നിന്നും റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുവാൻ 22.08.2008-ലെ എ 2-334/05 നമ്പർ കത്ത് പ്രകാരം കോഴിക്കോട് കളക്ടർക്ക് ശിപാർശ നൽകിയിരുന്നു. കോഴിക്കോട് ജില്ലാ കളക്ടർ 21.11.2008-ന് സി4-2008/52840/11 കത്ത് പ്രകാരം പ്രസ്തുത തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

### സമിതി ആവശ്യപ്പെട്ട അധികവിവരം

2.36.5 സർചാർജ്ജ് തുക ശമ്പളത്തിൽ നിന്നോ പെൻഷനിൽ നിന്നോ ഈടാക്കാതെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചത് എന്തുകൊണ്ടാണെന്ന് പഞ്ചായത്ത് ഡയറക്ടറോട് ആരായുന്നതിന് തീരുമാനിച്ചു

### അധിക വിവരത്തിന്മേലുള്ള സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.36.6 ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി നിർദ്ദേശമനുസരിച്ച് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചതെന്നും കോഴിക്കോട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ഡി.സി.ആർ.ജി.യിൽ നിന്നും തുക ഈടാക്കി നൽകുന്നതിനുള്ള അപേക്ഷ 17.11.2006 തീയതിയിലെ കത്ത് പ്രകാരം നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് സെക്രട്ടറി 12.01.2011-ലെ എ 2-444/11 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്. ശ്രീ. വി. എം. രാമകൃഷ്ണനിൽ നിന്നും റവന്യൂ റിക്കവറിയിലൂടെ 36644/-രൂപ ഈടാക്കിയിട്ടുണ്ട്.

| | രസീത് നമ്പർ | തുക |
|---|---|---|
| 1 | 66659/16.11.2009 | 10000.00 |
| 2 | 66667/45/22.12.2009 | 13322.00 |
| 3 | 66694/60/08.02.2010 | 6661.00 |
| 4 | 66717/100/26.03.2010 | 6661.00 |
| | ആകെ | **36644.00** |

### ഖണ്ഡിക - 229
### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.37.1 ശമ്പളകുടിശ്ശികയായി അധികം നൽകിയ 14,448/-രൂപ ശ്രീ. പി. രവീന്ദ്രനിൽ നിന്നും തിരിച്ചു പിടിക്കാൻ സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.37.2 ഈ ഓഫീസിൽ നിന്നും 25.04.2008 എ 9-2306/07 നമ്പർ ഉത്തരവ് പ്രകാരം നർദ്ദേശിച്ചതനുസരിച്ച് കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിലെ പ്യൂൺ

ശ്രീ. പി. രവീന്ദ്രനാഥിന്റെ ശമ്പളത്തിൽ നിന്നും റിക്കവറി നടത്തി തുക മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിലേക്ക് അടച്ചിട്ടുണ്ട്. 14448/-രൂപ 7 തവണകളായി മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്തിൽ അടവാക്കിയിട്ടുള്ളതായി സെക്രട്ടറി 03.04.2009-ലെ എ 4-1690/07 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

**ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്**

2.37.3 ശമ്പളകുടിശ്ശികയായി അധികം നൽകിയ 14448/-രൂപ ശ്രീ. പി. രവീന്ദ്രനിൽ നിന്നും താഴെപ്പറയുന്ന രസീതുകൾ പ്രകാരം പിരിച്ചെടുത്തതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| | | |
|---|---|---|
| 1 | രസീത് നമ്പർ 436/36/22.01.2009 | 2064 |
| 2 | രസീത് നമ്പർ 52279/59/03.09.2008 | 2064 |
| 3 | രസീത് നമ്പർ 438/36/11.02.2009 | 2064 |
| 4 | രസീത് നമ്പർ 52984/46/06.11.2008 | 2064 |
| 5 | രസീത് നമ്പർ 52982/62/25.10.2008 | 2064 |
| 6 | രസീത് നമ്പർ 52987/59/06.12.2008 | 2064 |
| 7 | രസീത് നമ്പർ 445/41/21.10.2009 | 2064 |
| | **ആകെ** | **14448** |

**ഖണ്ഡിക - 233**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

2.38.1 31.07.2002-ൽ ശ്രീ. രവീന്ദ്രനാഥൻ റിട്ടയർ ചെയ്തതിനുശേഷമുള്ള മൂന്ന് വർഷങ്ങളിൽ മുള്ളൻകൊല്ലി ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായിരുന്നവർ നടപടി സ്വീകരിച്ചിരുന്നുവെങ്കിൽ അദ്ദേഹത്തിൽ നിന്ന് തിരിച്ച് പിടിക്കാനുള്ള 5,405 രൂപ ബാദ്ധ്യതയിൽപ്പെടുത്തി തിരിച്ചുപിടിക്കാമായിരുന്നു. അത് ചെയ്യാതിരുന്ന പിന്നീട് വന്ന സെക്രട്ടറിമാർക്കും ഇക്കാര്യത്തിൽ ഉള്ള ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിഞ്ഞുമാറാനാവില്ല. ആയതിനാൽ പരാമർശ കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. കെ. എം. രവീന്ദ്രനിൽ നിന്ന് തിരിച്ച്

പിടിക്കുന്നതിന് വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിരമായി നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.38.2 ശ്രീ. കെ. എം. രവീന്ദ്രനിൽ നിന്ന് റവന്യൂ റിക്കവറി മുഖേന തുക ഈടാക്കുന്നതിന് വയനാട് ജില്ലാ കളക്ടർക്ക് 16.07.2008-ലെ എ 4-1812/08 നമ്പർ കത്ത് പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്**

2.38.3സമിതി നിർദ്ദേശ പ്രകാരം ശ്രീ. കെ. എം. രവീന്ദ്രനിൽ നിന്ന് ഈടാക്കിയ തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| 445/28/20.03.2009 | 2699 |
| 429/51/29.12.2008 | 2136 |
| 52982/34/10.06.2008 | 1068 |
| 52979/84/09.09.2008 | 1068 |
| **ആകെ** | **6971** (5405+1566 പലിശ) |

**ഖണ്ഡിക - 238**

**നിഗമനങ്ങൾ/നിർദ്ദേശങ്ങൾ**

2.39.1 ഓഡിറ്റിൽ നിരാകരിച്ച 31,926 രൂപ ഒടുക്കുന്നതിന് പ്രസ്തുത കാലയളവിൽ സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന ശ്രീ. കെ. എം. രവീന്ദ്രന് നോട്ടീസ് നൽകിയിട്ടുള്ള സാഹചര്യത്തിൽ അദ്ദേഹത്തിൽ നിന്ന് പ്രസ്തുത തുക തിരിച്ചു പിടിക്കുന്നത് ത്വരിതപ്പെടുത്താൻ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**സർക്കാർ സ്വീകരിച്ച നടപടി**

2.39.2 31,926/- രൂപ 07.05.2008 ലെ 45044/69 നമ്പർ രസീത് പ്രകാരം തുകയടച്ചു.

### ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മ പരിശോധനാ റിപ്പോർട്ട്

2.39.3 രസീത് നമ്പർ 45044/69 തീയതി 07.05.2008 പ്രകാരം 31926/- രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്.

### ഖണ്ഡിക - 241
### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.40.1 കക്കൂസ് നിർമ്മാണത്തിന് വ്യക്തിഗത ധനസഹായമായി പരമാവധി 2500 രൂപ മാത്രമേ നൽകാവൂ എന്ന സർക്കാർ ഉത്തരവിന് വിരുദ്ധമായി 4000 രൂപ വീതം 7 പേർക്ക് നൽകിയതിലൂടെ 10,500 രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് ചൂണ്ടിക്കാട്ടിയ ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് തന്നെ പരാമർശം ഒഴിവാക്കിയതെന്തുകൊണ്ടാണെന്ന് വിശദീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പ് ഒഴിവാക്കിയ പരാമർശമാണെങ്കിൽപോലും അധികധനസഹായമായി നൽകിയ 10500 രൂപയ്ക്ക് അംഗീകാരം ലഭിച്ചിട്ടില്ലെന്ന് അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ്ജ്) സമിതി മുമ്പാകെ ബോധിപ്പിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത തുക ബന്ധപ്പെട്ട സെക്രട്ടറി ശ്രീ. റ്റി. ശ്രീനിവാസനിൽ നിന്നും ഈടാക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

### ഓഡിറ്റ് വകുപ്പ് ഹാജരാക്കിയ മറുപടി

2.40.2 പഞ്ചായത്ത് സെക്രട്ടറിയുടെ 10.11.2002 ലെ മറുപടിയുടെ വെളിച്ചത്തിൽ 'അൺടൈഡ് ഫണ്ട്' ഉപയോഗിച്ചുള്ള കക്കൂസ് നിർമ്മാണ പ്രവൃത്തികൾക്ക് പരിധി നിശ്ചയിച്ചിട്ടില്ല എന്നതിനാൽ 27.09.2003-ന് പുറപ്പെടുവിച്ച എൽ.എഫ് (ഡബ്ല്യൂ) പി.1-596/01 എന്ന അനന്തര റിപ്പോർട്ട് പ്രകാരം തടസം ഒഴിവാക്കുകയാണുണ്ടായത്.

## ഖണ്ഡിക - 253

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.41.1 പ്രതിരോധ കുത്തിവയ്പ്പ് പ്രോജക്ട് നിർദ്ദേശാനുസരണം നടത്തിയിട്ടുണ്ടെന്നും എന്നാൽ പ്രോജക്ട് തുക നേരത്തേ പിൻവലിച്ച് സൂക്ഷിച്ചതിന് വെറ്റിനറി സർജന്റെ വിശദീകരണം ലഭിച്ചിട്ടില്ലെന്നും വയനാട് ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ അന്നത്തെ വെറ്റിനറി സർജനായിരുന്ന ഡോ. എ. ഗോപാലകൃഷ്ണൻ ഇക്കാര്യത്തിൽ ലോക്കൽ ഫണ്ട് ആഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് വിശദീകരണം നൽകി പരാമർശം ഒഴിവാക്കാൻ നടപടി സ്വീകരിക്കാവുന്നതാണെന്ന് സമിതി അഭിപ്രായപ്പെടുന്നു.

### ഓഡിറ്റ് വകുപ്പിന്റെ മറുപടി

2.41.2വിശദീകരണവും രേഖകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശാനുസരണം എൽ.എഫ്.(ഡബ്ല്യൂ.)പി.2-546/07 തീയതി 29.11.2007 പ്രകാരം തടസ്സം ഒഴിവാക്കിയിട്ടുണ്ട്.

## ഖണ്ഡിക - 256

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.42.1 മരാമത്ത് പണികളിൽ 11,237 രൂപയുടെ അധിക ചെലവ് ഉണ്ടാക്കിയതിന്, ജോലി വിഭജനം അനുസരിച്ച് അന്ന് ഈ വിഷയം കൈകാര്യം ചെയ്തിരുന്ന സെക്ഷൻ ക്ലാർക്ക് ശ്രീമതി സരസ്വതിയിൽ നിന്ന് തുക ഈടാക്കേണ്ടതാണെന്ന് അന്നത്തെ അമ്പലവയൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. റ്റി. ശ്രീനിവാസൻ നിലപാട് സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പരാമർശ വിധേയമായ കാലയളവിൽ അമ്പലവയൽ ഗ്രാമപഞ്ചായത്തിലെ ജോലി വിഭജന ഉത്തരവനുസരിച്ച് ആരിൽ നിന്നെല്ലാമാണ് തുക ഈടാക്കേണ്ടതെന്ന് കണ്ടെത്തുന്നതിനും അവരിൽ നിന്നും തുക ഈടാക്കുന്നതിന് റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കണമെന്നും തുക ഈടാക്കിയതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.42.2 അന്നത്തെ സെക്രട്ടറി ശ്രീ. റ്റി. ശ്രീനിവാസന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും തുക പിടിച്ചത് പഞ്ചായത്ത് വി.പി.എഫ്. അക്കൗണ്ടിൽ 11.01.2005-ന് വരവ് വന്നു.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.42.3 11,595/-രൂപ ശ്രീ. റ്റി. ശ്രീനിവാസന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും പിടിച്ചുവെച്ചതായി അക്കൗണ്ടന്റ് ജനറലിന്റെ ഗ്രാറ്റുവിറ്റി പേയ്മെന്റ് ഓർഡറിൽ ഉണ്ട്. 11,595/-രൂപ 11.01.2005-ന് തനത് ഫണ്ട് ട്രഷറി അക്കൗണ്ടിൽ അഡ്ജസ്റ്റ്മെന്റ് വരവായി വന്നിട്ടുണ്ട്. ഈ തുകയിൽ 11,237/-രൂപ ഉൾപ്പെടുന്നുവെന്നാണ് വിശദീകരിച്ചത്. ഇതിനായി പഞ്ചായത്ത് വകുപ്പ് നൽകിയ (എ.ജി.ക്ക്) പ്രൊപ്പോസൽ ഒന്നും ഫയലിൽ ഇല്ല. കൂടാതെ 11,237/- രൂപ ഓഡിറ്റ് റിക്കവറിയായി 2004-05 വാർഷിക കണക്കിൽ ഉൾക്കൊള്ളിച്ചിട്ടുമില്ല. ഇതിന്റെ കാരണം വ്യക്തമല്ല.

## സമിതി ആവശ്യപ്പെട്ട അധികവിവരം

2.42.4 പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. റ്റി. ശ്രീനിവാസന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും പിടിച്ച 11595/- രൂപയിൽ ടിയാളിൽ നിന്നും ഈടാക്കേണ്ട തുക ഉൾപ്പെട്ടിട്ടുണ്ടോ എന്നതിന്റെ വിശദാംശങ്ങൾ സമിതിയെ അറിയിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിച്ചു

## അധിക വിവരത്തിന്മേലുള്ള ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്

2.42.5 ശ്രീ. റ്റി. ശ്രീനിവാസന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും പിടിച്ച 11595/-രൂപ പഞ്ചായത്തിന്റെ വി. പി. എഫ്. അക്കൗണ്ട്(സബ് ട്രഷറി ബത്തേരി)ൽ 11.01.2005-ന് ക്രെഡിറ്റ് ചെയ്തിട്ടുള്ളതാണ്. ഇതിൽ 11,237/-രൂപ ടിയാളുടെ ഗ്രാറ്റുവിറ്റിയിൽ നിന്നും ഈടാക്കിയിട്ടുണ്ടെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## ഖണ്ഡിക - 261
## നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.43.1 കുറവൻതോട് ശുദ്ധജലവിതരണ പദ്ധതിക്ക് 49,125/- രൂപ അധികം ചെലവഴിച്ചതുമായി ബന്ധപ്പെട്ട ഫയലുകളും മറ്റ് രേഖകളും കാണാനില്ലാത്ത സാഹചര്യത്തിലും ഇക്കാര്യത്തിൽ അന്നത്തെ പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. റ്റി. പി.ബാലനെതിരെ 16.03.2005-ലെ 9536/സ്പെ.സെൽ.എസ്.സി.6/04 നമ്പർ പ്രകാരം ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ സർച്ചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിലും സർച്ചാർജ്ജ് നടപടികൾ ത്വരിതപ്പെടുത്തി തുക ഈടാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അതോടൊപ്പം കുറവൻതോട് ശുദ്ധജല വിതരണ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ കാണാതായതിനുത്തരവാദികളായ സെക്ഷൻ ക്ലാർക്കുമാരായ ശ്രീ. ബാബു, ശ്രീ. നരേന്ദ്രൻ, ജൂനിയർ സൂപ്രണ്ടായ ശ്രീ. നാഗരാജ എന്നിവർക്കെതിരെ പഞ്ചായത്ത് ഡയറക്ടർ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്നും റിട്ടയർ ചെയ്ത ജൂനിയർ സൂപ്രണ്ട് ശ്രീ. ദാമോദരനെതിരെ ഉചിതമായ മറ്റ് നിയമനടപടികൾ സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.43.2 ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 2002-03 സമാഹൃത റിപ്പോർട്ടിൽ പരാമർശിച്ച പ്രകാരം കുറവൻതോട് ശുദ്ധജല വിതരണ പദ്ധതിക്ക് അധികമായി ചെലവഴിച്ച 49,125/- രൂപ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ സർചാർജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ച് സെക്രട്ടറിയായിരുന്ന ശ്രീ. ടി. പി. ബാലനിൽ നിന്നും ഈടാക്കി 25.07.06-ലെ 47036/30-ാം നമ്പർ രസീത് പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. കുറവൻതോട് ശുദ്ധജല വിതരണ പദ്ധതിയുടെ ഫയലുകൾ പൊഴുതന ഗ്രാമപഞ്ചായത്ത് ഓഫീസിൽ ലഭ്യമാണെന്നുള്ള വിവരവും അറിയിക്കുന്നു.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.43.3 പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ ടി. പി. ബാലനിൽ നിന്നും റവന്യൂ റിക്കവറി പ്രകാരം 61,971/- രൂപ രസീത് നം. 47026/30 തീയതി 25.04.06 പ്രകാരം പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. മേൽ തുകയിൽ കുറവൻതോട് ശുദ്ധജല വിതരണം പദ്ധതിക്കായി അധികം ചെലവഴിച്ച 49,125/- രൂപ ഉൾപ്പെട്ടിട്ടുണ്ട് എന്നും മേൽ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പഞ്ചായത്തിൽ ലഭ്യമാണെന്നും റിപ്പോർട്ട് ചെയ്യുന്നു.

കുറിപ്പ് : പഞ്ചായത്ത് സമർപ്പിച്ച നടപടി വിശദീകരണ പത്രികയിൽ 47036/30-ാം നമ്പർ രസീത് എന്ന് തെറ്റായി രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥ രസീത് 47026/30 തീയതി 25.07.06 ആണ് എന്ന് ബോദ്ധ്യപ്പെട്ടു.

## ഖണ്ഡിക നമ്പർ - 266

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.44.1 1997-98-ൽ ആരംഭിക്കുകയും 27 ലക്ഷത്തിലധികം രൂപ ചെലവഴിക്കുകയും ചെയ്തിട്ടും പദ്ധതി പൂർത്തിയാക്കി അതിന്റെ പൂർണ്ണ പ്രയോജനം നൽകാൻ കഴിയാത്തതിൽ സമിതി അസംതൃപ്തി രേഖപ്പെടുത്തുന്നു. വാട്ടർ അതോറിറ്റിയുടെ ഭാഗത്തുനിന്നാണ് ഇനിയും കാര്യമായ നടപടികൾ ഉണ്ടാകാത്തതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ കനകമല വാട്ടർ സപ്ലൈ സ്കീം അടിയന്തരമായി പൂർത്തീകരിക്കാൻ വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ സമിതിക്ക് റിപ്പോർട്ട് നൽകണമെന്നും സമിതി നിർദ്ദേശിക്കുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

2.44.2 പ്രവൃത്തി പൂർത്തീകരിച്ചതായും പദ്ധതിയുടെ ഗുണം പൊഴുതന ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ലഭിക്കുന്നുണ്ടെന്നും പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി 23.10.2008-ലെ എ-493/08 നമ്പർ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധന റിപ്പോർട്ട്

2.44.3 കനകമല വാട്ടർ സപ്ലൈ സ്കീം പ്രവൃത്തി പൂർത്തീകരിച്ച് (15 ലക്ഷം രൂപ കളക്ടറുടെ വരൾച്ച ദുരിതാശ്വാസ ഫണ്ടിൽ നിന്നും കേരള വാട്ടർ അതോറിറ്റിക്ക് നൽകി പ്രവൃത്തി പൂർത്തീകരിച്ചു). 2007 മാർച്ച് മാസത്തിൽ കമ്മീഷൻ ചെയ്ത, പദ്ധതി ഇപ്പോഴും തൃപ്തികരമായി പ്രവൃത്തിച്ച് വരുന്നുവെന്ന് 16.09.08-ലെ ഡി 2 264/08-ാം നമ്പർ കത്ത് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (കെ.ഡബ്ല്യൂ.എ. കൽപ്പറ്റ) അറിയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ ഗുണം പൊഴുതന ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളിലും ലഭിക്കുന്നുണ്ടെന്ന് 23.10.08-ന് നമ്പർ എ 493/08 കത്ത് പ്രകാരം പൊഴുതന ഗ്രാമപഞ്ചായത്ത് സെക്രട്ടറി അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്തിനെ (വയനാട്, കൽപ്പറ്റ) അറിയിച്ചിട്ടുണ്ട്.

### ഖണ്ഡിക നമ്പർ - 269

### നിഗമനങ്ങൾ/നിർദ്ദേശങ്ങൾ

2.45.1 സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ള കേസുകളിൽ പോലും സർച്ചാർജ് നടപടിക്ക് വിധേയരായ ഉദ്യോഗസ്ഥരും മറ്റുള്ളവരും തുക അടയ്ക്കാൻ സന്നദ്ധമാകുന്നില്ല. അതേസമയം ഈ ഉദ്യോസ്ഥരിൽ നിന്ന് തുക ഈടാക്കുന്നതിനുള്ള നടപടികൾ ഭരണവകുപ്പായ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നുണ്ടാകുന്നുമില്ല. ലക്ഷക്കണക്കിന് രൂപയാണ് ഇതുമൂലം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നഷ്ടമാകുന്നത്. ആയതിനാൽ വയനാട് ജില്ലയിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരിൽ നിന്നും മറ്റുള്ളവരിൽ നിന്നും സർച്ചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതും മേൽ പട്ടികയിൽ വിവരിച്ചതുമായ എല്ലാ കേസുകളിലും ഉൾപ്പെട്ടിട്ടുള്ള മുഴുവൻ തുകയും ഈടാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.45.2

<u>5 വെള്ളമുണ്ട</u>

ശ്രീ. എൻ. സുരാജ് അടയ്ക്കാനുള്ള തുക 32, 33, 34 ഖണ്ഡികകൾ പ്രകാരം 1,846/- രൂപ മാത്രമാണ്. ഇതിൽ 1,760/- രൂപ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ അടവ് വരുത്തിയിട്ടുണ്ട്. 36307 രൂപയുടെ ഉത്തരവാദിത്വം സെക്രട്ടറിയായിരുന്ന ശ്രീ. ടി. രാധാകൃഷ്ണനാണ്. ടിയാൻ ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ വെങ്ങാനൂർ ഗ്രാമപഞ്ചായത്തിലെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറിയായി ജോലി ചെയ്തുവരുന്നു. അദ്ദേഹത്തിന്റെ ശമ്പളത്തിൽ നിന്നും തുക ഈടാക്കുന്നതിലേക്കായി തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് 07.04.2009-ലെ എ 9-2306/07 നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

<u>10 പൊഴുതന</u>

14823/- രൂപ 25.06.2003-ലെ 77/36025 നമ്പർ രസീത് പ്രകാരം അടച്ചിട്ടുണ്ട്.

<u>25 അമ്പലവയൽ</u>

ഡി.സി.ആർ.ജി.യിൽ നിന്ന് പിടിച്ച് 11.01.05-ന് പി.പി.എഫ്. അക്കൗണ്ടിൽ അടച്ചിട്ടുണ്ട്.

<u>26 തൊണ്ടാർനാട്</u>

40/- രൂപ മാത്രം 03.11.99-ലെ 22/70620 നമ്പർ രസീത് പ്രകാരം അയച്ചിട്ടുണ്ട്.

<u>35 പുൽപ്പള്ളി</u>

23750 രൂപ 27.05.2008-ലെ 97/52934 നമ്പർ രസീത് പ്രകാരം അടച്ചിട്ടുണ്ട്.

**<u>ക്രമനമ്പർ 1-4, 6-9, 11-24, 27-34, 36-38</u>**

തുകയടച്ചത് സംബന്ധിച്ച വിവരം അറിയിക്കുന്നതിന് 14.08.2008-ലെ എ 9-2445/08 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച എല്ലാ കേസുകളിലും തുക ഈടാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുവാൻ ഈ ഓഫീസിലെ 30.03.2009-ലെ എ 9-2306/07 നമ്പർ കത്ത് പ്രകാരം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട്**

2.45.3

5 വെള്ളമുണ്ട

36,307/- രൂപ വെങ്ങാനൂർ പഞ്ചായത്തിൽ ജോലി ചെയ്തു വരുന്ന ശ്രീ. ടി. രാധാകൃഷ്ണനിൽ നിന്ന് ഈടാക്കുന്നതിന് തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറോട് എ 9-2306/07 തീയതി 07.04.09-ലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. തുക ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. ശ്രീ. ടി. എൻ. സുരാജ് 1760/- രൂപ വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ അടവ് വരുത്തിയിട്ടുണ്ട്.

10 പൊഴുതന

14,822/- രൂപ സെക്രട്ടറി ശ്രീ. കെ. ഭാസ്കരൻ രസീത് നമ്പർ 36025/77/25.06.03 പ്രകാരം അടച്ചിട്ടുണ്ട്.

25. അമ്പലവയൽ

ശ്രീ. ടി. ശ്രീനിവാസന്റെ ഡി. സി. ആർ. ജി.യിൽ നിന്ന് 11595/-രൂപ പിടിച്ചതായി രേഖകളിൽ കാണുന്നു. ഇതിൽ 350/- രൂപ ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

26 തൊണ്ടർനാട്

40 രൂപ 70620/22/3.11.99 പ്രകാരം അടച്ചിട്ടുണ്ട്.

35 പുൽപ്പള്ളി

ശ്രീ. എൻ. കുട്ടൻ 23750/- രൂപ 52934/97/27.05.08 നമ്പർ രസീത് പ്രകാരം അടച്ചിട്ടുണ്ട്.

സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ച മറ്റ് കേസുകളിൽ തുക അടച്ചതിന്റെ വിവരങ്ങളോ തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങളോ ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു.

### സമിതി ആവശ്യപ്പെട്ട അധികവിവരം

2.45.4 ഓഡിറ്റ് ഖണ്ഡികയിൽ പരാമർശിക്കുന്ന പട്ടികയിൽ വിവരിച്ചിട്ടുള്ളതും സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടുള്ളതുമായ കേസുകളിൽ മുഴുവൻ തുകയും പിടിക്കാത്തതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് വിശദീകരണം ചോദിക്കാനും ബാക്കി തുക പിരിച്ചെടുക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിനും സമിതി തീരുമാനിച്ചു.

### തദ്ദേശ വകുപ്പ് ഹാജരാക്കിയ അധികവിവരം

2.45.5 എൽ.എഫ്.എ.സി. 2006 -2008, 6-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 269-ൽ പരാമർശിച്ചിട്ടുള്ള ഗ്രാമ പഞ്ചായത്തുകളിൽ കോട്ടത്തറ, വൈത്തിരി ഗ്രാമപഞ്ചായത്തുകൾ ഒഴികെ എല്ലാ ഗ്രാമപഞ്ചായത്തുകളും സർചാർജ്ജ് നടപടി പ്രകരമുള്ള തുക ഈടാക്കിയിട്ടുണ്ട്. കോട്ടത്തറ ഗ്രാമപഞ്ചായത്തിലും വൈത്തിരി ഗ്രാമപഞ്ചായത്തിലും നഷ്ടോത്തരവാദികളായ ഉദ്യോഗസ്ഥർ മരണപ്പെട്ടതായും ടി ഉദ്യോഗസ്ഥരുടെ ഡി. സി. ആർ. ജി. ആനുകൂല്യങ്ങളിൽ സർചാർജ്ജ് പ്രകാരമുള്ള നഷ്ടതുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നതായും തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

### സൂക്ഷ്മ പരിശോധനാ കുറിപ്പ്

2.45.6 തുക ഒടുക്കിയതിന്റെ മുഴുവൻ വിവരങ്ങളും പരിശോധിച്ച് ഉറപ്പാക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. പ്രിൻസിപ്പൽ സെക്രട്ടറിയുടെ മറുപടിയുടെ

അടിസ്ഥാനത്തിൽ തുക ഒടുക്കിയത് സംബന്ധിച്ചുള്ള വിവരം ഓഡിറ്റ് വകുപ്പ് പരിശോധിച്ച് നിയമസഭാ സമിതിയ്ക്ക് രണ്ടാഴ്ചയ്ക്കുള്ളിൽ നൽകുന്നതാണ്.

2.45.7വകുപ്പിൽ നിന്ന് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

ടി. പി. രാമകൃഷ്ണൻ,
അധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2026 ഫെബ്രുവരി ..23.

# അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും

| ക്രമ നം. | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 1.1.8 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത ശിപാർശയിന്മേൽ സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും കാര്യമായ തുടർ നടപടി ഉണ്ടായിട്ടില്ലെന്നും നിയമസഭാ സമിതിയുടെ റിപ്പോർട്ടിനെ ഗൗരവമായി കാണുന്നില്ലെന്നും വിലയിരുത്തിയ സമിതി, നഷ്ടോത്തരവാദികളിൽ നിന്ന് തുക തിരിച്ച് പിടിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു. |
| 2 | 1.2.9 | തദ്ദേശസ്വയംഭരണ വകുപ്പ് | ശ്രീ. റ്റി. വി. അത്തുമാനിൽ നിന്നും 4,795/- രൂപ റവന്യൂ റിക്കവറി മുഖേന ഈടാക്കിയെന്നും ബാക്കി തുകയായ 14,905/- രൂപ ഈടാക്കാനുണ്ടെന്നും തെളിവെടുപ്പ് യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചതിന്റെയടിസ്ഥാനത്തിൽ ശ്രീ. റ്റി. വി. അത്തുമാനിൽ നിന്നും ബാക്കി തുക തിരിച്ച് പിടിക്കാനുള്ള നടപടി സ്വീകരിച്ച് അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 1.3.4 | തദ്ദേശസ്വയംഭരണ വകുപ്പ് | പ്രസ്തുത വ്യക്തിയുടെ ഡി.സി.ആർ.ജി. തടഞ്ഞ് വച്ചിട്ടുള്ളതായി തെളിവെടുപ്പ് യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുള്ളതാണ്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയിരുന്ന ശ്രീ. പി. കേശവൻ ഒരേ മോട്ടറിന് രണ്ട് തവണ തുക നൽകിയ |

| | | | |
|---|---|---|---|
| | | | നടപടി കൃത്യവിലോപമാണെന്ന് അഭിപ്രായപ്പെട്ട സമിതി തടഞ്ഞ് വച്ചിട്ടുള്ള ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കേണ്ട തുക ഈടാക്കി പ്രസ്തുത വിഷയത്തിന്മേൽ എത്രയും വേഗം തീർപ്പ് കൽപ്പിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ നിർദ്ദേശിച്ചു. |
| 4 | 1.4.14 | തദ്ദേശസ്വയംഭരണ വകുപ്പ് | ശ്രീ. സണ്ണി മാത്യുവിൽ നിന്നും തുക ഈടാക്കിയതായി ബോധ്യപ്പെട്ടിട്ടുള്ളതായും എന്നാൽ ശ്രീ. ബി. ജയകുമാറിൽ നിന്നും ഈടാക്കിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലയെന്നും ഓഡിറ്റ് വകുപ്പ് തെളിവെടുപ്പ് യോഗത്തിൽ അറിയിച്ചിട്ടുള്ളതാണ്. ആയതിനാൽ ശ്രീ. ബി. ജയകുമാറിൽ നിന്നും തുക ഈടാക്കിയ രേഖകൾ ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തിയ ശേഷം നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു. |
| 5 | 1.5.10 | തദ്ദേശസ്വയംഭരണ വകുപ്പ് | അന്നത്തെ സെക്രട്ടറി ആയിരുന്ന ശ്രീ. അബ്ദുൾ റഹ്മാൻ എം.എം ൽ നിന്നും വാടകയിനത്തിൽ കിട്ടിയ തുക കൈവശം വച്ചിരുന്നത് തിരികെ പിടിച്ചുവെന്നും ടിയാൻ 2002 ൽ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും തെളിവെടുപ്പ് യോഗത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് അറിയിച്ചിട്ടുള്ളതാണ്. എന്നാൽ പലിശ ഈടാക്കണമെന്ന സമിതി നിർദ്ദേശം പാലിച്ചതായി കാണുന്നില്ല. ആയതിനാൽ പലിശ സംബന്ധിച്ച് ഓഡിറ്റ് വകുപ്പുമായി ചർച്ച ചെയ്ത് വിശദമായ റിപ്പോർട്ട് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു. |

| | | | |
|---|---|---|---|
| 6 | 1.6.12 | തദ്ദേശസ്വയംഭരണ വകുപ്പ് | പരാമർശിത വ്യക്തികളുടെ പേരിൽ സ്ഥാവര ജംഗമ വസ്തുക്കൾ ഇല്ലാത്തതിനാൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കുവാൻ സാധിക്കില്ലയെന്ന് വയനാട് ജില്ലാ കളക്ടർ അറിയിച്ചതായും എന്നാൽ ജില്ലയിലോ സംസ്ഥാനത്തോ പ്രസ്തുത വ്യക്തികളുടെ പേരിൽ സ്ഥാവരജംഗമ വസ്തുക്കൾ നിലവിലുണ്ടോയെന്ന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് റിപ്പോർട്ട് സമർപ്പിക്കുവാൻ തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതിനാൽ പ്രസ്തുത റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചു. |